بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2006**
**ജൂലൈ – ആഗസ്റ്റ്**

1180 കർക്കിടകം- ചിങ്ങം
1426 റജബ് - ശഅ്ബാൻ
1384 വഫാ - ളുഹൂർ

പുസ്തകം 6
ലക്കം 4
വില 10 രൂപ

**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



***Postal Address :***

Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**

ദൈവം ഇവരുടെ കണ്ണ് തുറക്കട്ടെ ........ 4

**യുഗനാദം**

മരണത്തെയോർത്ത് ........ 5

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ........ 6

**ഹദീസ്**

റമസാൻ നബിവചനങ്ങളിൽ ........ 8

**പ്രഭാഷണം**

അല്ലാഹുവിന്റെ അനുഗ്രഹവർഷം ........ 9
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**

ത്യാഗീവര്യനായ അമീൻ സാഹിബ്(റ) ........ 10
റംല ഇച്ചാൽ

തങ്ങൾ സാഹിബ്; ഭക്തിസാന്ദ്രമായ ജീവിതം ........ 14

ഖുലഫാഉർറാശിദീംകളുടെ പ്രസംഗശൈലികൾ ........ 21

കോവൂറിന്റെ മതദ്വേഷം ശാസ്ത്രനിഷേധത്തിൽ ........ 34
എൻ. അബ്ദുർറഹീം

അൻസാറുല്ലാ സംസ്ഥാന ഇജ്തിമാ ........ 37

റിപ്പോർട്ടുകൾ, വസിയ്യത്ത് ........ 40

بســـم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# ദൈവം ഇവരുടെ കണ്ണ് തുറക്കട്ടെ!

**കൊ**ച്ചിയിൽനിന്നും 18 സിമിപ്രവർത്തകരെ പോലീസ് അറസ്റ്റുചെയ്തു. 5 പേരെ റിമാന്റുചെയ്തുകൊണ്ട് 13 പേരെ വിട്ടയച്ചു. വിട്ടയച്ച 13 പേരും പോലീസ് നിരീക്ഷണത്തിലാണ്. മതപരമായ കാര്യങ്ങൾ പഠിപ്പിക്കാമെന്ന് പറഞ്ഞാണ് തങ്ങളെ വിളിച്ചുവരുത്തിയതെന്ന് ആ 13 പേർ പറഞ്ഞുവത്രെ. അടുത്തകാലത്ത് പത്രത്തിൽ വായിച്ചതിങ്ങനെയാണെന്നാണ് ഓർമ്മ. എന്തായാലും ഇതിനെ തുടർന്ന് മുസ്‌ലിംകക്ഷികൾ അങ്ങോട്ടുമിങ്ങോട്ടും പഴിചാരാൻ തുടങ്ങിയിരിക്കുകയാണ്.

ഇന്ത്യയിൽ പ്രവർത്തനം നിരോധിച്ചിട്ടുള്ള സംഘടനയാണ് സിമി. ജമാഅത്തെ ഇസ്‌ലാമിയിൽനിന്നാണ് ഇവർക്ക് പ്രചോദനം കിട്ടിയിട്ടുള്ളത്. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദിയുമാണ്. ഇന്ത്യയിൽ എന്ത് പ്രശ്നമുണ്ടായാലും ആദ്യം കേന്ദ്രത്തിന്റെ ശ്രദ്ധ തിരിയുന്നത് ജമാഅത്തെ ഇസ്‌ലാമിയിലേക്കാണ്. കാരണം അതിന്റെ സ്ഥാപകരുടെ കാഴ്ചപ്പാടുതന്നെ.

ഇസ്‌ലാംമതം ഉപേക്ഷിച്ചുപോകുന്നവനെ കൊല്ലണം. അമുസ്‌ലിം ഭരണകൂടത്തിൻകീഴിൽ പരിപൂർണ്ണമുസ്‌ലിമായി ജീവിക്കാൻ പറ്റില്ല. (ഭരണം കിട്ടുന്നതുവരെ നബിതിരുമേനിയും പൂർണ്ണമുസ്‌ലിമായിരുന്നില്ല എന്ന് പറഞ്ഞ ഒരു മൗദൂദി വിരുതനും കേരളത്തിലുണ്ടായിട്ടുണ്ട്) ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്‌ലിംകൾ പാക്കിസ്ഥാനെതിരെ യുദ്ധം ചെയ്യരുത്, നമസ്കാരം എന്നുപറയുന്നത് സായുധ സൈന്യത്തെ വാർത്തെടുക്കാനുള്ള കവാത്താണ്, ദൈവഭരണം (ഹുകൂമത്തെ ഇലാഹി) ഭൂമിയിൽ സ്ഥാപിക്കപ്പെടണം അങ്ങനെപോകുന്നു മൗദൂദി സാഹിബിന്റെ 'മനോഹരമായ' അദ്ധ്യാപനങ്ങൾ.

ഇതെല്ലാം ഉത്തരേന്ത്യക്കാർക്ക് പ്രത്യേകിച്ച് ഭരണതലത്തിലുള്ളവർക്ക് നല്ലവണ്ണം അറിയാം. കാരണം ഉർദുവിലുള്ള മൗദൂദിസാഹിബിന്റെ ഗ്രന്ഥങ്ങൾ അവർ വിശദമായി പഠിച്ചിട്ടുള്ളവരാണ്. അതുകൊണ്ടാണ് ആവശ്യം വരുമ്പോൾ അവർ സന്ദർഭത്തിനൊത്ത് തീരുമാനമെടുക്കുന്നത്.

വിദ്യാസമ്പന്നരും ചോരയും നീരുമുള്ള യുവാക്കളും ജമാഅത്തെ ഇസ്‌ലാമിയുടെ യഥാർത്ഥ മുഖം അറിയാത്തതുകൊണ്ടാണ് അവരുടെ പിന്നാലെ പോകുന്നത്. ഇക്കൂട്ടർ അധികവും ഉർദുഭാഷ വശമില്ലാത്തവരാണ്. അതുകൊണ്ട് മൗദൂദിസാഹിബിന്റെ ആശയങ്ങളെന്ന് പറഞ്ഞ് ജമാഅത്ത് നേതാക്കന്മാർ പറയുന്നത് മാത്രമേ അവർക്കറിയൂ. ചില സാംസ്കാരിക നായകന്മാരും പൊതുപ്രവർത്തകരും കഥയറിയാതെ ആട്ടം കാണുന്നവരായും കാണുന്നുണ്ട്. ഇവർ ആത്യന്തികമായി ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് പഠിക്കേണ്ടതാണ്. ഏതൊരു പ്രസ്ഥാനവും മനസ്സിലാക്കേണ്ടത് ആ പ്രസ്ഥാനത്തിന്റെ പ്രവർത്തകരിൽനിന്നാണ്.

പാക്കിസ്ഥാനിലെ ജമാഅത്തെ ഇസ്‌ലാമി അമീർ ഖാസി ഹുസൈൻ ഒരു കയ്യിൽ വാളും ഒരു കയ്യിൽ ഖുർആനും പിടിച്ചുകൊണ്ട് ഇസ്‌ലാമിനെ വിജയിപ്പിക്കാൻ ജാഥ നയിച്ചത് കുറച്ചുനാൾ മുമ്പാണ്. വാളുകൊണ്ടാണ് ഇസ്‌ലാം പരന്നതെന്ന മൗദൂദി സാഹിബിന്റെ വാക്കുകളിൽ പ്രചോദിതരായിക്കൊണ്ടാണ് ഇവർ ഈ കോപ്രായങ്ങൾ കാട്ടിക്കൂട്ടുന്നത്. അങ്ങനെയൊക്കെ എവിടെയെങ്കിലും ഉണ്ടായാൽ കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിക്കാർ തങ്ങളുമായി അവർക്ക് യാതൊരു ബന്ധവുമില്ലെന്ന് ഉടനെ പറയുമെന്ന് ആരോ തമാശ പറയുകയുണ്ടായി.

നബി(സ) തിരുമേനി മദീനയിലെ ഭരണാധികാരിയായിരുന്നു. ഭരണാധികാരിക്ക് പ്രജകളെ സംരക്ഷിക്കേണ്ട ചുമതലയുണ്ട്. മദീനയുടെമേൽ അന്യനാട്ടുകാരായ എതിരാളികൾ ആക്രമണം നടത്തിയപ്പോൾ നബിക്കും അനുചരന്മാർക്കും അതിനെ പ്രതിരോധിക്കേണ്ടിവന്നു. അതിന് അല്ലാഹു അനുവാദവും കൊടുത്തു. നബി(സ) തിരുമേനിക്ക് പ്രവാചകദൗത്യം മാത്രമായിരുന്നെങ്കിൽ യുദ്ധം ചെയ്യേണ്ടിവരുമായിരുന്നില്ല. പക്ഷേ, പ്രവാചകൻ എന്നതിനൊപ്പം അവിടന്ന് ഭരണാധികാരിയുമായിരുന്നു. അതുകൊണ്ടാണ് പ്രജകളുടെ സംരക്ഷണത്തിനായി പ്രതിരോധിച്ചത്. ഈ തത്വം മനസ്സിലാക്കാത്തതുകൊണ്ടാണ് നബി(സ) തിരുമേനി വാളെടുത്തുകൊണ്ടാണ് മതം പ്രചരിപ്പിച്ചതെന്ന് ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള മുസ്‌ലിംകളും അല്ലാത്തവരും പറയുന്നത്. യഥാർത്ഥസത്യം തിരിച്ചറിയാൻ ദൈവം ഇവരുടെ കണ്ണ് തുറക്കട്ടെ. ●



# മരണത്തെയോർത്ത്

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

ഒരിക്കൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. എനിക്ക് നമസ്കാരത്തിൽ ആനന്ദം ലഭിക്കുന്നില്ല, എന്തു ചെയ്യണം? ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

നമസ്കാരത്തിൽ ആനന്ദം ലഭിക്കാൻ മരണത്തെ ഓർക്കുക എന്നതാണ് നല്ല ചികിത്സ. തിന്മകൾ മേൽക്കുമേൽ ചെയ്തുകൊണ്ടിരിക്കുന്നതിനുള്ള കാരണം ജനങ്ങൾ അവരുടെ മരണം മറന്നുപോകുന്നതാണ്. മരണത്തെ ഓർക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ ഭൗതിക കാര്യങ്ങളിൽ അത്ര സംതൃപ്തനായിരിക്കില്ല. മരണത്തെ വിസ്മരിക്കുന്നവന്റെ ഹൃദയം കടുത്തുപോവുകയും അവന് പല മോഹങ്ങളും അധികമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവൻ മനസ്സിൽ ആകാശക്കോട്ടകൾ കെട്ടിപ്പടുക്കുന്നു. വഞ്ചിയിൽ യാത്ര ചെയ്യുന്ന ഒരാൾക്ക് പെട്ടെന്ന് അത് മുങ്ങാൻ പോവുകയാണെന്ന് അറിവ് ലഭിച്ചാൽ എന്തായിരിക്കും അവന്റെ അവസ്ഥ. ആ സമയത്ത് വല്ല തെറ്റും ചെയ്യാൻ അവൻ മുതിരുമോ? അതുപോലെ ഭൂകമ്പങ്ങളും പ്ലേഗും മറ്റും കാണുകയും തന്റെ മുമ്പിൽ മരണം നൃത്തംവെക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരവസ്ഥയിൽ ആരും തിന്മ ചെയ്യില്ല. അതുകൊണ്ട് അവനവന്റെ മരണം എപ്പോഴും ഓർക്കുക. (*മൽഫൂസാത്ത് വോള്യം-5, പേ- 243*)

**അല്ലാഹുവിന്റെ ഭയത്താലുള്ള കണ്ണീർ**

സൂഫിവര്യന്മാർ പറയുന്നു: ഒരു വ്യക്തിക്ക് അല്ലാഹുവിനോടുള്ള ഭയം കാരണം 40 ദിവസത്തിൽ ഒരിക്കൽപോലും കണ്ണിൽനിന്ന് കണ്ണീർ ഒഴുകിയിട്ടില്ലെങ്കിൽ അയാളുടെ മരണം സത്യവിശ്വാസത്തിൽ ഉറച്ചുനിന്നിട്ടുള്ള മരണം തന്നെയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് 40 ദിവസം പോയിട്ട് 40 വർഷത്തിൽ ഒരിക്കൽപോലും ഇത് സംഭവിക്കുന്നില്ല. ഇതിനെക്കുറിച്ച് ജനങ്ങൾക്ക് ചിന്തപോലുമില്ല. വിപത്തുകൾ വരുന്നതിനു മുമ്പേ രക്ഷാമാർഗ്ഗം സ്വീകരിക്കുന്നവനാണ് ബുദ്ധിശാലി. വിപത്തുകൾ ഇറങ്ങാൻ തുടങ്ങിയാൽ ശാസ്ത്രത്തിനോ പണത്തിനോ ഒരു ചുക്കും ചെയ്യാൻ സാധ്യമല്ല. മനുഷ്യൻ ആരോഗ്യവാനായിരിക്കുമ്പോഴേ കൂട്ടുകാർപോലും ഉണ്ടാകുകയുള്ളൂ. ഇല്ലെങ്കിൽ വെള്ളം നൽകാൻപോലും ആരും ഉണ്ടാവില്ല. ആപത്തുകൾ അനവധിയാണ്. തിരുദൂതരുടെ വചനമുണ്ട്. ഉറുമ്പുകളെപോലെ വിപത്തുകൾ മനുഷ്യന് ചുറ്റും വലയം ചെയ്തുകൊണ്ടിരിക്കുമെന്ന്. അല്ലാഹുവുമായി സുദൃഢമായ ബന്ധമുള്ളവൻ വിപത്തുകളിൽനിന്ന് സംരക്ഷിക്കപ്പെടുന്നു. മറ്റുള്ളവർ ഇവരെപോലെ സംരക്ഷിക്കപ്പെടുകയില്ല. ദൈവവുമായുള്ള സുദൃഢബന്ധം അനിവാര്യമാണ്. വിപത്തുകളിൽനിന്ന് ഓരോരുത്തർക്കും ഓരോ അംശം ലഭിക്കും. ***ഇന്ന മഅൽ ഉസ്‌രിയുസ്‌റാ.*** എന്നാൽ, ഇതോർത്ത് നിരാശനാകാൻ പാടില്ല. ശാന്തിയും ആരോഗ്യവുമുള്ള അവസരങ്ങൾ അമൂല്യമായി കരുതുക. സമാധാനാന്തരീക്ഷത്തിലും ആരോഗ്യാവസ്ഥയിലും അല്ലാഹുവിലേക്ക് തിരിയുന്നവരെ പ്രയാസങ്ങളും രോഗങ്ങളുമുള്ളപ്പോൾ അല്ലാഹു സഹായിക്കുന്നതാണ്. സത്യഹൃദയത്തോടുകൂടിയുള്ള വണക്കം ഒരു കോട്ടമതിലാണ്. ഒരു ശത്രുവിനും പുറമേ നിന്ന് അതിനെ ആക്രമിക്കാൻ കഴിയില്ല. (*മൽഫൂസാത്ത്, വാള്യം-5, പേ-638*)

●

**വിശുദ്ധ ഖുർആൻ**

# സൂറ: ബഖറ

## *(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

**108 "ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിനു മാത്രമുള്ളതാണെന്നും അല്ലാഹുവല്ലാതെ നിങ്ങൾക്ക് വല്ല രക്ഷാധികാരിയോ സഹായിയോ ഇല്ലെന്നും നീ അറിഞ്ഞിട്ടില്ലേ?"**

*പദാർത്ഥം*

أَلَمْ تَعْلَمْ നീ അറിഞ്ഞിട്ടില്ലേ أَنَّ اللّٰهَ അല്ലാഹു എന്നത് لَهُ അവനാണ് مُلْكُ ആധിപത്യം السَّمٰوٰتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടേയും وَمَا لَكُمْ നിങ്ങൾക്കില്ല مِّنْ دُوْنِ اللّٰهِ അല്ലാഹുവിനെ കൂടാതെ مِنْ وَّلِيٍّ ഒരു രക്ഷാധികാരിയും وَّلَا نَصِيْرٍ സഹായകനുമില്ല

*വ്യാഖ്യാനം*

ഈ വചനത്തിൽ ***അലം തഅ്ലം*** എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഓരോ മനുഷ്യനുമാണ്. ഈ വചനത്തിന്റെ ***മാലക്കും മിൻദൂനില്ലാഹി മിൻവ്വലിയ്യിൻവ്വലാനസീർ*** എന്ന അടുത്തഭാഗം ***അലം തഅ്ലം*** എന്ന് സംബോധന ചെയ്തിട്ടുള്ളത് നബിതിരുമേനി(സ) അല്ലെന്നും പ്രത്യുത, ഓരോരുത്തരേയും ഓരോ ഖാരിയേയും ഓരോ ശ്രോതാവിനേയും ഓരോ മനുഷ്യനേയുമാണെന്ന് പ്രകടമാക്കുന്നു. ഇതിന്റെ അർത്ഥം ഇങ്ങനെയാണ്. ഏ, മനുഷ്യാ! അല്ലെങ്കിൽ ഖുർആൻ പാരായണം ചെയ്യുന്നവനേ! അല്ലെങ്കിൽ വിശുദ്ധഖുർആൻ ശ്രവിക്കുന്നവനേ! ആകാശങ്ങളുടേയും ഭൂമികളുടേയും ആധിപത്യം അല്ലാഹുവിന്റെ കൈയിലാണെന്ന കാര്യം നിനക്കറിയില്ലേ? അതായത്, എപ്രകാരം അല്ലാഹു ഭൗതികാധിപത്യങ്ങൾ ദുഷ്ടന്മാരിൽനിന്നെടുത്ത് അർഹരായവരുടെ കൈയിൽ നൽകുന്നുവോ അപ്രകാരം ആദ്ധ്യാത്മികാധിപത്യവും അവൻ ചിലപ്പോൾ ഒരു ജനതയിൽനിന്നെടുത്ത് മറ്റ് ജനതകൾക്ക് നൽകാറുണ്ട്. ആകാശവും ഭൂമിയും ഒരേയൊരു ആധിപത്യത്തിന് വിധേയമായിരിക്കുമ്പോൾ തീർച്ചയായും അവ രണ്ടിലുമുള്ള നിയമങ്ങളും ഒരേ രീതിയിൽ നടന്നുകൊണ്ടിരിക്കേണ്ടതാണ്. ആദ്ധ്യാത്മികനിയമങ്ങളെ ഭൗതികനിയമങ്ങളുടെ മേലും ഭൗതികനിമയങ്ങളെ ആദ്ധ്യാത്മികനിയമങ്ങളുടെമേലും തുലനം ചെയ്യേണ്ടതാണ്. നിങ്ങളുടെ കൈയിൽ തെളിവൊന്നുമില്ലെങ്കിൽ ആദ്ധ്യാത്മികനിയമമായ മതനിയമത്തെ ഭൗതികനിയമമായ പ്രകൃതിനിയമവുമായി തുലനം ചെയ്തുനോക്കാൻ ഈ വചനത്തിൽ പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ എപ്രകാരം ആദ്ധ്യാത്മികാധിപത്യം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണോ ഭൗതികാധിപത്യവും അവന്റെ നിയന്ത്രണത്തിലാണ്. ഇവയ്ക്കിടയിൽ എന്തെങ്കിലും വൈരുദ്ധ്യം സംഭാവ്യമല്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ നിയമത്തെ എപ്പോഴും പറയാറുണ്ടായിരുന്നു. അതായത്, വിശുദ്ധഖുർആൻ അല്ലാഹുവിന്റെ വചനമാണ്. പ്രകൃതിനിയമം അവന്റെ പ്രവൃത്തിയാണ്. ഇത് രണ്ടും സൃഷ്ടിച്ചിട്ടുള്ളവൻ ഒന്നായിരിക്കെ, അവയിലെ നിയമങ്ങളിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടാകുക എന്നത് അസംഭാവ്യമാണ്. എപ്രകാരം ഭൂമിയിൽ ഏതെങ്കിലുമൊരു ജനത ആധിപത്യത്തിന്റെ ഉത്തരവാദിത്തം നിർവഹിച്ചുകൊണ്ടിരിക്കുവോളം അവരുടെ കൈയിൽ അത് നിലനിൽക്കുകയും ആ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിൽ അനാസ്ഥ കാണിക്കാൻ തുടങ്ങുമ്പോൾ ആധിപത്യം അവരിൽനിന്ന് തിരിച്ചെടുക്കുകയും ചെയ്യുന്നുവോ അപ്രകാരം ലോകരുടെ ആവശ്യങ്ങൾ നിറവേറ്റാത്ത മതത്തേയും അവൻ കാലഹരണപ്പെടുത്തിക്കളയുന്നു. മുഹമ്മദ്(സ)ന് പ്രവാചകത്വം കിട്ടിയതിന്നെതിരിലുള്ള നിങ്ങളുടെ ആക്ഷേപം പ്രകൃതിനിയമത്തിന് വിരുദ്ധമാണ്. എന്തായാലും ഏതെങ്കിലും ഗ്രന്ഥം അക്കാലത്ത് ജനങ്ങളുടെ സന്മാർഗ്ഗത്തിനായി വരേണ്ടതുതന്നെയായിരുന്നു. ഇദ്ദേഹം വന്നില്ലായിരുന്നെങ്കിൽ വേറെയാരെങ്കിലും വന്നിട്ടുണ്ടാകും. ആദ്യകാല ഗ്രന്ഥങ്ങൾ അതിന്റെ സംസ്ക്കരണത്തിന്റെ ശക്തി കളഞ്ഞുകുളിച്ചപ്പോൾ അല്ലാഹു അതിന്റെ സ്ഥാനത്ത് മറ്റൊരു ഗ്രന്ഥം അയക്കേണ്ടത് നിർബന്ധമായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിയോഗത്തെ സംബന്ധിച്ചും ഇതേ നിയമത്തിലേക്ക് സൂചന നൽകിക്കൊണ്ട് പറയുന്നു. ***മേ നഃ ആത്താ തൊ കോയി ഔർ ഹി ആയാ ഹോതാ.*** അതായത്, കാലം ഒരു പരിഷ്കർത്താവിനെ തേടിക്കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് ഞാൻ വന്നില്ലായിരുന്നെങ്കിൽ വേറെയാരെങ്കിലും വന്നിട്ടുണ്ടാകും. ഈ വിഷയം തന്നെയാണ് ഈ വചനത്തിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. അതായത്, മുഹമ്മദ് എന്തിന് നബിയായി എന്നുള്ള നിങ്ങളുടെ വെറുപ്പ് അനാവശ്യമായിട്ടുള്ളതാണ്. നിങ്ങൾ ആദ്ധ്യാ

ത്മികനിയമത്തെ പ്രകൃതിനിയമവുമായി തുലനം ചെയ്തുനോക്കുക. പ്രയോജനം ചെയ്യാത്ത വസ്തുവിനെ നശിപ്പിച്ചുകളയുക എന്നതാണ് പ്രകൃതിനിയമം. അല്ലാഹു ഒരിടത്ത് പറയുന്നു. ***മാ യൻഫഉന്നാസ ഫയംകുഥൂ ഫിൽഅർള്*** അതായത് മനുഷ്യർക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ നിലനിർത്തുകയും പ്രയോജനപ്പെടാത്തതിനെ തുടച്ചുനീക്കുകയും ചെയ്യുക എന്നത് നമ്മുടെ നിയമമാണ്.(13:18) ഈ നിയമം തന്നെയാണ് മതനിയമത്തെ സംബന്ധിച്ചുമുള്ളത്. കാലത്തിന്റെ ആവശ്യം നികത്താത്ത മതനിയമമാണെങ്കിൽ അത് കാലഹരണപ്പെടുത്തിക്കളയുന്നു.

***വമാലക്കും മിൻദൂനില്ലാഹി മിൻവ്വലിയ്യിൻവ്വലാനസ്വീർ*** ആദ്യം പൊതുവായിട്ട് എല്ലാവരേയും സംബോധന ചെയ്തു. ഇപ്പോൾ മുസ്‌ലിംകളോട് മാത്രമായി പറയുന്നു: നിങ്ങൾക്ക് അല്ലാഹുവല്ലാതെ മറ്റൊരു സുഹൃത്തും സഹായിയുമില്ല. ലോകത്തുള്ള എല്ലാ ഗ്രന്ഥങ്ങളും കാലഹരണപ്പെട്ടതെന്ന് പറഞ്ഞപ്പോൾ നിങ്ങളുടെ സുഹൃത്ത് പിന്നെ ആരായിരിക്കാനാണ്? ഹസ്റത്ത് ഈസാ(അ) യഹൂദികളുടെ ഗ്രന്ഥത്തെ കാലഹരണപ്പെടുത്തിയിരുന്നെങ്കിൽ യഹൂദികൾ തീർച്ചയായും അദ്ദേഹത്തിന്റെ ശത്രുവാകുമെന്നതിൽ സംശയമില്ല. എന്നാൽ ഹിന്ദുക്കൾക്ക് അവരോട് എന്ത് ശത്രുതയുണ്ടാകാനാണ്. ആരെങ്കിലും ഹിന്ദുക്കളുടെ ഗ്രന്ഥത്തെ കാലഹരണപ്പെടുത്തുകയാണെങ്കിൽ ഹിന്ദുക്കൾ അവരുടെ ശത്രുവായിത്തീരും. എന്നാൽ അവരോട് ശത്രുത പുലർത്തേണ്ട ആവശ്യം മറ്റുള്ളവർക്കെന്താണ്. ഇപ്രകാരംതന്നെ ആരെങ്കിലും സർതശ്തികളുടെ ഗ്രന്ഥത്തെ കാലഹരണപ്പെടുത്തിയാൽ സർതശ്തികൾ അവരുടെ ശത്രുവായിത്തീർന്നേക്കാം. എന്നാൽ യഹൂദികൾക്ക് അവരോട് ശത്രുത പുലർത്തേണ്ട ആവശ്യമെന്താണ്? അല്ലാഹു പറയുന്നു. പക്ഷേ, ഈ ഗ്രന്ഥം സകലഗ്രന്ഥങ്ങളേയും കാലഹരണപ്പെടുത്തിയിരിക്കുന്നു. ഈ നബി വന്നിട്ടുള്ളത് എല്ലാ ജനതകളുടേയും മനുഷ്യരുടേയും സംസ്കരണത്തിന്നായിട്ടാണ്. ഇത് സകലഗ്രന്ഥങ്ങളുടേയും തെറ്റുകൾ തിരുത്തുന്നതും ഓരോ ഗ്രന്ഥത്തിന്റേയും കുറച്ചുഭാഗങ്ങൾ കാലഹരണപ്പെടുത്തുന്നതും ജനങ്ങൾ മറന്നുപോയ ചില ഭാഗങ്ങൾ പുതുതായി ഓർമ്മപ്പെടുത്തുന്നതുമാവുമ്പോൾ അത് ഓരോരുത്തരുടേയും വീട്ടിൽ കോലാഹലമുണ്ടാക്കുന്നു. അതുകൊണ്ട് എല്ലാവരും നിങ്ങളുടെ ശത്രുവാണ്. മുഹമ്മദ്(സ) അവരുടെ അഭ്യുദയകാംക്ഷിയാണെന്നുള്ളതാണ് വാസ്തവം. എന്നാൽ, ഇക്കാര്യം അവർ മനസ്സിലാക്കുന്നില്ല. പറയുന്നു: നിങ്ങളുടെ ഈ ഗ്രന്ഥം മറ്റുള്ളവരുടെയെല്ലാ ഗ്രന്ഥങ്ങളേയും കാലഹരണപ്പെടുത്തിയ സ്ഥിതിക്ക് നിങ്ങൾക്ക് കൂട്ടുകാരുണ്ടാകുക സാധ്യമല്ല. എല്ലാവരും നിങ്ങളുടെ ശത്രുക്കളാണ്. ഈ വാക്കുകൾ ഉൽപത്തി പുസ്തകം അദ്ധ്യായം 16, വചനം 12-ൽ പറഞ്ഞ പ്രവചനത്തിലേക്കുള്ള സൂചനയാണ്. "അവന്റെ കൈ എല്ലാവർക്കും വിരോധമായും എല്ലാവരുടേയും കൈ അവന്നു വിരോധമായും ഇരിക്കും."

അല്ലാഹുതആല ഹസ്റത്ത് ഇസ്മായീലിനെ മക്കയിൽ അയച്ചപ്പോൾ പറഞ്ഞു: ഇവന്റെ സഹോദരന്മാരുടെ വാൾ എപ്പോഴും ഇവന്നെതിരിലും ഇവന്റെ വാൾ ഇവർക്കെല്ലാവർക്കുമെതിരിലും ഉയർന്നുനില്ക്കും. അതായത്, മുഴുലോകവും അവന്റെ ശത്രുക്കളായിരിക്കും. ഇതേ അവസ്ഥ തന്നെയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റേതും. കാരണം അവിടന്ന് എല്ലാ ജനതകളിലേക്കുമായിട്ടാണ് വന്നിട്ടുള്ളത്. അതുകൊണ്ട് എല്ലാ ജനതകളും അദ്ദേഹത്തിന്റെ എതിരാളികളാണ്. ഓരോരുത്തരുടേയും തൊഴി നമ്മുടെമേൽ പതിക്കുന്നു. മാന്യരായ ആളുകൾ അങ്ങനെ ചെയ്യുകയില്ലെന്നത് ശരിതന്നെ. അവർ വ്യക്തികളെന്ന നിലയിലാണ് നമ്മളുമായി ബന്ധപ്പെടുന്നത്. ജമാഅത്തെന്ന നിലയിലല്ല. രസകരമായിട്ടുള്ളത് നമുക്കെതിരിൽ ഹിന്ദു, ക്രിസ്ത്യാനി, മുസ്‌ലിം എല്ലാവരും സംഘടിക്കുന്നു എന്നതാണ്. വാസ്തവത്തിൽ ഈ രണ്ട് ജനതയും ഇസ്‌ലാമിന്റെമേൽ അമ്പെയ്യുന്നവരാണ്. എന്നാൽ, അഹ്മദിയ്യത്തിന്നെതിരിൽ വരുമ്പോൾ ഇസ്‌ലാമിന്റെ സകല വേദനകളും ഹിന്ദുക്കളിലേക്കും ക്രിസ്ത്യാനികളിലേക്കും ഒഴുകുന്നു. ഇതിന് കാരണം ഹസ്റത്ത് മസീഹ് മൗഊദ്(അ) സകലജനങ്ങളുടേയും പരിഷ്കരണത്തിനായി വന്നു എന്നതാണ്.

പറഞ്ഞു. ഈ ദൂതൻ യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും സർതശ്തികളുടെയും ഗ്രന്ഥങ്ങളെ കാലഹരണപ്പെടുത്തുന്നു. ഇതുകൊണ്ട് ഇന്ന് ഭൂമിയിലോകത്ത് അല്ലാഹുവല്ലാതെ മറ്റാരും നിങ്ങളുടെ രക്ഷാധികാരിയും സഹായിയുമായിട്ടില്ല. യഹൂദികൾ നിങ്ങളിൽ പിളർപ്പുണ്ടാക്കാൻ ആഗ്രഹിക്കുന്നുവെന്നും അതുകൊണ്ട് അവരുടെ ബാഹ്യമായ അവസ്ഥയിൽ ആകൃഷ്ടരായിപ്പോകരുതെന്നും അവർക്ക് നിങ്ങളുടെ സുഹൃത്താകാൻ സാധ്യമല്ലെന്നും ആദ്യം പറഞ്ഞിരുന്നു. ഇപ്പോൾ പറയുന്നു: യഹൂദികളുടെ മാത്രം പ്രശ്നമല്ല ഇത്. ലോകത്തെ ഒരു ജനതയ്ക്കും നിങ്ങളുടെ സുഹൃത്താകാൻ സാധ്യമല്ല. ഈ വിഷയവും വെളിപ്പെടുത്തുന്നത്, അതായത്, ആദ്യവചനങ്ങൾ വിശുദ്ധഖുർആനിലെ വചനങ്ങൾ കാലഹരണപ്പെടുമെന്നതിനെക്കുറിച്ച് പറഞ്ഞിട്ടില്ല, പ്രത്യുത, മറ്റു മതങ്ങളുടെ ഗ്രന്ഥങ്ങൾ കാലഹരണപ്പെട്ടുപോകുമെന്നാണ്. അല്ലെങ്കിൽപിന്നെ യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും ദ്വേഷം വരേണ്ടകാര്യമില്ലല്ലോ. വിശുദ്ധഖുർആനിലെ വചനങ്ങൾ കാലഹരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അതിനവർ ദ്വേഷംപിടിക്കേണ്ട കാര്യമെന്താണ്? അവരുടെ ശത്രുത വ്യക്തമായും വിളിച്ചോതുന്നത് വിശുദ്ധഖുർആൻ അവരുടെ ഗ്രന്ഥങ്ങളെ കാലഹരണപ്പെടുത്തിയതുകൊണ്ട് അവർക്ക് വെറുപ്പുണ്ടായി എന്നാണ്. അതുകൊണ്ട് ആദ്യവചനത്തിൽ വിശുദ്ധഖുർആൻ കാലഹരണപ്പെടുത്തിയതിനെക്കുറിച്ചല്ല പറഞ്ഞിട്ടുള്ളത് പ്രത്യുത, മറ്റുള്ള മതങ്ങളുടെ ഗ്രന്ഥങ്ങൾ കാലഹരണപ്പെടുത്തിയതിനെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. ●

ഹദീസ്

# റമസാൻ നബിവചനങ്ങളിൽ

ശഅ്ബാൻ മാസത്തിന്റെ അവസാനം നടത്തിയ ഒരു ഉപദേശപ്രസംഗത്തിൽ നബി(സ) തിരുമേനി പറഞ്ഞു: "അല്ലയോ ജനങ്ങളേ, മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണത്. ആയിരം രാവുകളേക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്ക്കാരം ഐഛികപുണ്യമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമ്മവും ചെയ്ത് ദൈവസാമീപ്യം തേടുന്നവൻ ഇതര മാസങ്ങളിൽ ഒരു നിർബന്ധകർമ്മം അനുഷ്ഠിച്ചവനെ പോലെയാണ്. ഈ മാസത്തിൽ ഒരു നിർബന്ധകർമ്മം ചെയ്യുന്നവൻ മറ്റ് ദിവസങ്ങളിൽ എഴുപത് നിർബന്ധകർമ്മങ്ങൾ അനുഷ്ഠിച്ചവനെപോലെയാണ്. റമസാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർദ്ധനവുണ്ടാകുന്ന മാസവുമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പു തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലം ഒട്ടും കുറയാതെ തന്നെ അത്രയും പ്രതിഫലം നോമ്പു തുറപ്പിച്ചവനും ലഭിക്കും. ഇതുകേട്ടപ്പോൾ സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളിൽ എല്ലാവർക്കും നോമ്പു തുറപ്പിക്കാനുള്ള കഴിവില്ലല്ലോ. നബി(സ) തിരുമേനി പറഞ്ഞു: ഒരു കവിൾ പാലോ ഒരു ചുള കാരക്കയോ ഒരു ഇറക്ക് വെള്ളമോ കൊണ്ട് നോമ്പു തുറപ്പിക്കുന്നവനും ഈ പ്രതിഫലം ലഭിക്കുന്നതാണ്. ഒരു നോമ്പുകാരന് വയറ് നിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹിക്കുകയില്ല. ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മധ്യം പാപമോചനവും അവസാനം നരകവിമുക്തിയുമാണ്. ആരെങ്കിലും റമസാനിൽ തന്റെ അടിമക്ക് ജോലിയിൽ ഇളവ് നല്കിയാൽ അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നതും നരകത്തിൽനിന്നും മോചിപ്പിക്കുന്നതുമാണ്. (ബയ്ഹഖി)

"വല്ലവനും അനാവശ്യമായ സംസാരങ്ങളും ദുഷ്പ്രവൃത്തികളും ഉപേക്ഷിക്കുന്നില്ലെങ്കിൽ ഭക്ഷ്യപാനീയങ്ങൾ ഉപേക്ഷിക്കുന്നത് അല്ലാഹുവിന് ആവശ്യമില്ല." (ബുഖാരി)

"എത്രയെത്ര നോമ്പുകാർ! നോമ്പുമൂലം ദാഹമല്ലാതെ അവർക്ക് കിട്ടുന്നില്ല. എത്രയെത്ര രാത്രി നമസ്കാരക്കാർ! രാത്രി നമസ്കാരം കൊണ്ട് അവർക്ക് നിദ്രാനഷ്ടമല്ലാതൊന്നും ലഭിക്കുന്നില്ല." (ദാരിമി)

"വിശ്വാസത്തോടും പ്രതിഫലേച്ഛയോടുംകൂടി ആരെങ്കിലും റമസാനിൽ വ്രതമനുഷ്ഠിച്ചാൽ അവന്റെ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു മനുഷ്യൻ ഒരു ദിവസം നോമ്പനുഷ്ഠിക്കുന്നതായാൽ അവന്റെ മുഖം നരകത്തിൽനിന്ന് എഴുപതുവർഷത്തെ സഞ്ചാരദൂരത്തേക്ക് അകറ്റപ്പെടുന്നതാകുന്നു." (ബുഖാരി മുസ്‌ലിം)

യാത്രയിലെ വ്രതത്തെ സംബന്ധിച്ച് പറയുന്നു: "നീ ഉദ്ദേശിക്കുകയാണെങ്കിൽ നോമ്പെടുക്കാം. ഉദ്ദേശിക്കുകയാണെങ്കിൽ ഉപേക്ഷിക്കാം.'

യാത്രയിൽ കഷ്ടപ്പെട്ട് നോമ്പെടുത്ത ഒരാളോട് പറഞ്ഞു: "യാത്രയിൽ നോമ്പെടുക്കുന്നത് പുണ്യകരമൊന്നുമല്ല." (ബുഖാരി, മുസ്‌ലിം)

അത്താഴത്തെക്കുറിച്ച് പറയുന്നു: "അത്താഴം മുഴുവൻ നന്മയാണ്. അല്പം വെള്ളം കുടിച്ചിട്ടാണെങ്കിലും നിങ്ങളത് ഉപേക്ഷിക്കരുത്. നിശ്ചയം അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവരുടെ മേൽ കാരുണ്യം ചൊരിയും." (അഹ്മദ്)

"നിങ്ങൾ അത്താഴം കഴിച്ചുകൊള്ളുക. തീർച്ചയായും അത്താഴത്തിൽ ബർക്കത്തുണ്ട്." (ബുഖാരി)

"വല്ലവനും എന്റെ പേരിൽ സ്വലാത്ത് ചൊല്ലിയാൽ അത് കാരണമായി അല്ലാഹു അവന് പത്തുതവണ അനുഗ്രഹം നേരുന്നു." (മുസ്‌ലിം)

"നോമ്പുകാലമായാൽ ആരും ശബ്ദകോലാഹലങ്ങളുണ്ടാക്കുകയോ വേണ്ടാവൃത്തികൾ ചെയ്യുകയോ അരുത്. തന്നോട് ആരെങ്കിലും വഴക്കുകൂടാനോ വക്കാണമുണ്ടാക്കാനോ വന്നാൽ ഞാൻ നോമ്പുകാരനാണ് എന്ന് പറഞ്ഞ് അവൻ മാറിനിന്നുകൊള്ളട്ടെ." (ബുഖാരി, മുസ്‌ലിം)

"റമസാൻ മാസം ആഗതമായാൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടും. നരകകവാടങ്ങൾ അടക്കപ്പെടും. പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും."

"റമസാനിന്റെ പ്രഥമരാത്രി സമാഗതമായാൽ പിശാചുക്കളും തിന്മ പ്രചരിപ്പിക്കുന്ന ജിന്നുകളും തടവി

ശേഷം 36–ൽ

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)

പ്രഭാഷണം

# അല്ലാഹുവിന്റെ അനുഗ്രഹവർഷം

وَاِنْ تَعُدُّوْا نِعْمَةَ اللّٰهِ لَا تُحْصُوْهَا ؕ اِنَّ اللّٰهَ لَغَفُوْرٌ رَّحِيْمٌ ۝١٩

**അ**ല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്നപക്ഷം അതെണ്ണിതിട്ടപ്പെടുത്താൻ നിങ്ങൾക്കു സാധ്യമല്ല. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമത്രെ. (*16:19*)

ഇന്നേദിവസം ഈ നേരത്തെ പ്രസംഗത്തിൽ, ജമാഅത്തിനുമേൽ ഈ വർഷം ഉണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ഒരു പരിധിവരെ പറയാൻ ശ്രമിക്കാറുണ്ട്. അത് മുഴുവനും വിവരിക്കുക എന്നത് സാധ്യമായ കാര്യമല്ല.

ദൈവാനുഗ്രഹത്താൽ ഈ സമയംവരെ ലോകത്തെ 185 രാഷ്ട്രങ്ങളിൽ ജമാഅത്തിന്റെ ചെടി പിടിച്ചുകഴിഞ്ഞിരിക്കുന്നു. അൽഹംദുലില്ലാഹ്. 1984-ലെ ഓർഡിനൻസിനുശേഷം ഇന്നേവരെ 94 പുതിയ രാഷ്ട്രങ്ങൾ അഹ്മദിയ്യത്തിൽ ചേർന്നുകഴിഞ്ഞിരിക്കുന്നു. ഈ വർഷം നാല് രാഷ്ട്രങ്ങളാണ് ചേർന്നത്. ഇവയിൽ എസ്റ്റോണിയ (Estonia), ആന്റിഗ്വാ (Antigua), ബർമൂദാ (Bermuda), ബൊളീവിയ (Bolivia)എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്നു. എസ്റ്റോണിയായുടെ ചുമതല ജർമ്മനിക്കായിരുന്നു. ജർമ്മനിയിലെ മുബല്ലിഗ് മുനീർ മുനവ്വർ സാഹിബ് അവിടെ പോയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 9 പേരടങ്ങുന്ന ഒരു ജമാഅത്ത് രൂപീകരിച്ചു. ആന്റിഗ്വ ഒരു ചെറിയ ദ്വീപാണ്. ട്രിനിഡാഡിനായിരുന്നു ആന്റിഗ്വയുടെ ചുമതല. അവിടത്തെ നമ്മുടെ മിഷണറിയായ ഇബ്റാഹിം യഅ്ഖൂബ് സാഹിബ്- അദ്ദേഹത്തിന് ഘാനയുമായിട്ടാണ് ബന്ധം- അവിടെപ്പോയി തബ്ലീഗ് ചെയ്തു. ദൈവാനുഗ്രഹത്താൽ രണ്ട് ക്രിസ്ത്യൻ സ്ത്രീകളും ഒരു ഫലസ്തീനി കുടുംബവും അഹ്മദിയായി. കാനഡയുടെ ചുമതലയിലായിരുന്നു ബർമൂദാ. ഇവിടെയും ഒരു ബയ്അത്ത് കിട്ടി. ഇവിടെ മുടങ്ങാതെ തബ്ലീഗ് പ്രവർത്തനം നടത്താൻ ശ്രമിക്കുന്നതാണ്. ഇവിടവുമായിട്ടുള്ള പഴയബന്ധം ദുർബലമായിപ്പോയിരുന്നു. ഹംഗറിയുമായിട്ട് ഒരു ബന്ധവും ഇല്ലായിരുന്നു. ഇപ്പോൾ ബന്ധം സാധാരണനിലയിലായി. ജമാഅത്ത് രജിസ്ട്രേഷനുള്ള നടപടികൾ പൂർണ്ണമായിക്കഴിഞ്ഞു. മാൽട്ടായിലും റൂമാനിയായിലും മെസിഡോണിയായിലും തുർക്കിയിലും നമീബിയായിലും, റുമാണ്ടായിലും, കാമറൂണിലും, ഛാഡിലും, ഇക്വറ്റോറിയൻഗിനിയിലുമെല്ലാം നമ്മുടെ ബന്ധം വളരെ ദുർബലമായിരുന്നു. ജമാഅത്തുകൾ ഇവിടെ വ്യവസ്ഥാപിതമായിരുന്നില്ല. ഈ വർഷം ഒരു പരിധിവരെ ഇവിടത്തെ പ്രവർത്തനം വ്യവസ്ഥാപിതമാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഫിൻലാന്റിൽ ജമാഅത്ത് രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

രാജ്യങ്ങളുടെ അടിസ്ഥാനത്തിൽ 945 പുതിയ ജമാഅത്തുകളാണ് രൂപീകരിച്ചിട്ടുള്ളത്. ഈ 945 ജമാഅത്തിനു പുറമെ 589 പുതിയ സ്ഥലങ്ങളിൽ ആദ്യമായിട്ട് ജമാഅത്തിന്റെ ചെടി പിടിച്ചിരിക്കുന്നു. ഇപ്രകാരം മൊത്തം 1534 സ്ഥലങ്ങളിൽ പുതിയതായി ജമാഅത്ത് രൂപീകരിച്ചു. ഇവയിൽ ഇന്ത്യയാണ് ഒന്നാം സ്ഥാനത്ത്, ഇവിടെ 186 പുതിയ ജമാഅത്തുകൾ സ്ഥാപിതമായി.

ബയ്അത്ത് ചെയ്ത പുതിയ അഹ്മദികളുമായിട്ടുള്ള ബന്ധം പ്രവർത്തനത്തിന്റെ ബലഹീനത കാരണത്താൽ വിച്ഛേദിക്കപ്പെട്ടിരുന്നു. അവരുമായി പുതിയനിലയിൽ ബന്ധം സ്ഥാപിക്കാൻ ഞാൻ പറഞ്ഞിരുന്നു. അങ്ങനെ ബന്ധപ്പെട്ടവരിൽ ഘാന ജമാഅത്താണ് മുൻപന്തിയിൽ നില്ക്കുന്നത്. ഇവർ 313 ഗ്രാമത്തിലെ 2,07,000 നൗ മുബാഈനുമായിട്ട് സാധാരണനില സ്ഥാപിച്ചുകഴിഞ്ഞു. ഏകദേശം 2/3 ഭാഗം ജമാഅത്തുകൾ പ്രവർത്തനനിരതമായിക്കഴിഞ്ഞു.

ബുർക്കിനാഫാസോയിൽ ദൂരദൂരെയുള്ള സ്ഥലങ്ങളിൽ പോകുക എന്നത് ദുഷ്കരമാണ്. ബയ്അത്തിനുശേഷം അവരുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല. ഇവരും 1,68,000 നൗ മുബാഈനുമായി ബന്ധം സാധാരണനിലയിലാക്കി.

നൈജീരിയായിൽ 1,24,000 ആളുകളുമായുള്ള ബന്ധം സാധാരണനിലയിലാക്കി.

ഐവറികോസ്റ്റ്, ബംഗ്ലാദേശ്, സിറാലിയൂൺ, ബനിൻ, തൻസാനിയ, കെനിയ, എത്യോപിയ, മാലി തുടങ്ങിയ രാജ്യങ്ങളും നൗ മുബാഈനുമായുള്ള ബന്ധം സാധാരണനിലയിലാക്കിയിട്ടുണ്ട്. ഗ്വാട്ടിമാലയിലെ നമ്മുടെ മുബല്ലിഗായ ഖുറയ്ശി ഖമറുല്ലാഹ് സാഹിബ് പറയുന്നു: ഇവിടെ ഒരുപാട് ബയ്അത്ത് നടന്നിരുന്നു. പക്ഷേ, അവരുമായി ബന്ധം വയ്ക്കാൻ കഴിഞ്ഞിരുന്നില്ല. അവരുടെ മേൽവിലാസം മാത്രമെ ഞങ്ങളുടെ കൈയിലുണ്ടായിരുന്നുള്ളൂ. അവരിൽ അധികം പേരുടെയും മേൽവിലാസം മാറിയിരുന്നു. അങ്ങനെ അവർ തദ്ദേശവാസിയായ ഒരു സുഹൃത്തിന്റെ സഹായത്താൽ, ഇവരെ അന്വേഷിച്ചുകണ്ടെ

ശേഷം 19-ൽ

ലേഖനം

റംല ഇച്ചാൽ

# ത്യാഗിവര്യനായ അമീൻസാഹിബ്(റ)

ഹസ്റത്ത് ഹാഫിസ് മുഹമ്മദ് അമീൻ സാഹിബ്(റ) 1861-ൽ കേമൽപൂർജില്ലയിലെ ഫതഹ്ജൻഗ് താലൂക്കിൽ മിയാൻ ഇൽമുദ്ദീൻ സാഹിബിന്റെ മകനായി ഒരു സുന്നികർഷക കുടുംബത്തിൽ ജനിച്ചു. അറിവൊന്നും ഇല്ലായിരുന്നെങ്കിലും മിയാൻ ഇൽമുദ്ദീൻസാഹിബിന് വിശുദ്ധഖുർആനോട് ഒരു പ്രത്യേക സ്നേഹമായിരുന്നു. ഇക്കാരണത്താൽ ആളുകൾ അദ്ദേഹത്തെ മൗലവി എന്നു വിളിക്കാൻ തുടങ്ങി. അങ്ങനെ അദ്ദേഹത്തിന്റെ കുടുംബം മിയാലോം (ആലിംകൾ അല്ലെങ്കിൽ മൗലവിമാർ) എന്ന പേരിൽ അറിയപ്പെട്ടു. മിയാൻ ഇൽമുദ്ദീൻസാഹിബ് തന്റെ മകനെ ചെറുപ്പത്തിൽത്തന്നെ ഖുർആൻ ഹൃദിസ്ഥമാക്കുന്നതിൽ താൽപര്യം കാണിച്ചു. എല്ലാവിധ ഭൗതിക കെട്ടുപാടുകളിൽനിന്നും സ്വതന്ത്രനാക്കി. മകനും ഖുർആൻ ഹൃദിസ്ഥമാക്കുന്നതിൽ എന്തെന്നില്ലാത്ത ഉത്സാഹമായിരുന്നു. അതുകൊണ്ട് വളരെ ശ്രദ്ധയോടുകൂടി അദ്ദേഹം അതിനായി പരിശ്രമിക്കുകയും ചെയ്തു. ഉച്ചാരണശുദ്ധിയോടും നിയമത്തോടുംകൂടി ഖുർആൻ പഠിപ്പിക്കുന്ന ആരെങ്കിലും എവിടെയെങ്കിലും ഉണ്ടെന്നറിഞ്ഞാൽ ദൂരമൊന്നും വകവയ്ക്കാതെ അദ്ദേഹം അവിടെ എത്തുമായിരുന്നു. ആദ്യകാല ജീവിതത്തിന്റെ ഒരുപാടുഭാഗം ഇങ്ങനെയാണ് അദ്ദേഹം ചെലവഴിച്ചത്. അവിടത്തെ ജീവിതം ആദ്യം മുതലെ വളരെ ലളിതമായിരുന്നു. വിശുദ്ധഖുർആൻ ഓതാൻ പഠിക്കുന്നതിനോടൊപ്പംതന്നെ, പാരായണമുറകൾ പഠിക്കാനും വാക്കുകളുടെ ഉച്ചാരണം ശരിയായ നിലയിൽ പ്രയോഗിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ഹസ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി(റ) പറയുന്നു: ഞാൻ അഹ്മദിയായതിനുശേഷം വിശുദ്ധഖുർആൻ പഠിച്ചുകൊണ്ടിരുന്നു. ഹിന്ദുമതത്തിൽനിന്ന് അഹ്മദിയായ കാരണത്താൽ എനിക്ക് വാക്കുകൾ ശരിയായനിലയിൽ ഉച്ചരിക്കാൻ സാധിച്ചിരുന്നില്ല. അവിടന്ന് ഖുർആന്റെ വാക്കുകൾ ശരിയായി ഉച്ചരിക്കുന്നതിന് എന്നോട് പറഞ്ഞുകൊണ്ടിരുന്നു. ആവർത്തിച്ചാവർത്തിച്ച് തെറ്റിക്കുമായിരുന്നിട്ടും ദ്വേഷപ്പെടാതെ അമീൻസാഹിബ് തന്റെ നാട്ടുഭാഷയിൽ എന്നോടു പറയും: "വിശുദ്ധഖുർആൻ തെറ്റായിട്ടുപാരായണം ചെയ്താൽ പാപിയായിപോകും."

**കുട്ടിക്കാലത്തെ ഒരു സംഭവം**

12-ാം മത്തെ വയസ്സിൽ അദ്ദേഹത്തിന്റെ എളിയിലെ എല്ലിൽ ഒരു പരു ഉണ്ടായി. അദ്ദേഹത്തിന്റെ ഉമ്മ ആശുപത്രിയിലെ ഒരു ഡാക്ടറെ കാണിച്ചു. ഡാക്ടർ നല്ലവണ്ണം പരിശോധിച്ചതിനുശേഷം പറഞ്ഞു. ചികിത്സിച്ചാൽ സുഖപ്പെടുമെന്ന് പ്രതീക്ഷയുണ്ട്. പക്ഷേ, ഈ കാല് ചെറുതാകും. സുഖമായില്ലെങ്കിൽ- ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ- കാല് മുറിക്കേണ്ടതായും വരും. ഇതുകേട്ടപ്പോൾ അദ്ദേഹത്തിന്റെ ഉപ്പയുടെ ഉമ്മ വളരെ വിഷമിച്ചു. ഡോക്ടറുടെ ചികിത്സയേക്കാൾ വൈദ്യരെക്കൊണ്ട് നാട്ടുചികിത്സ നടത്തുന്നതാണ് ഉത്തമമെന്ന് അവർ മനസ്സിലാക്കി. എങ്കിലും ഒരു വിദഗ്ദ്ധനായ സർജനെ വീണ്ടും കാണിച്ചു. അദ്ദേഹവും ആദ്യഡോക്ടർ പറഞ്ഞ



അതേഅഭിപ്രായം തന്നെയാണ് പറഞ്ഞത്. അവസാനം ഡാക്ടർ പറഞ്ഞ ചികിത്സ നടത്താൻ നിർബന്ധിതനായി. അതുമുഖേന രോഗം സുഖപ്പെട്ടുവെങ്കിലും ഇടത്തേക്കാൽ ചെറുതായി. ഇതുകാരണം അവിടത്തെ നടത്തത്തിൽ വ്യത്യാസവും വന്നു.

ഹസ്റത്ത് അമീൻസാഹിബിന് 30,32 വയസ്സ് പ്രായമായപ്പോൾ പ്ലീഹാവർദ്ധന രോഗം പിടിപെട്ടു. പ്രാരംഭഘട്ടത്തിൽ വേണ്ടത്ര ചികിത്സ കിട്ടാത്ത കാരണത്താൽ ബുദ്ധിമുട്ട് അകന്നില്ല. 1895-ൽ ഈ ബുദ്ധിമുട്ട് വർദ്ധിച്ചപ്പോൾ, രോഗം മൂർച്ഛിച്ചപ്പോൾ, ഹസ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)നെക്കുറിച്ച് അറിയാനിടയായി. അങ്ങനെ തന്റെ ചെറിയ സഹോദരൻ ഗോഹർദ്ദീനേയും കൂട്ടി അദ്ദേഹം ഭേരയിലെത്തി. അവിടെ എത്തിയപ്പോഴാണ് അറിഞ്ഞത് മൗലവി സാഹിബ് ഖാദിയാൻ ദാറുൽഅമാനിലേക്ക് ഹിജ്റത്ത് ചെയ്തു കഴിഞ്ഞിരിക്കുന്നുവെന്ന്. അങ്ങനെ അമീൻ സാഹിബും തന്റെ അനുജനോടൊപ്പം ഖാദിയാനിലെത്തി.

**ബയ്അത്ത്**

ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ആദ്യംകണ്ട സംഭവം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു. "ഒരു ദിവസം ഞാൻ ഖാദിയാനിലെത്തി. അസറിന്റെ നേരമായിരുന്നു. മസ്ജിദ് മുബാറക്കിൽ ജമാഅത്തോടുകൂടി നമസ്കരിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം നമസ്കാരത്തിൽ സന്നിഹിതനായിരുന്നു. നമസ്കാരത്തിനുശേഷം അല്പസമയം ഹുസൂർ പള്ളിയിലിരുന്ന് സംസാരിച്ചു. അതിനുശേഷം എഴുന്നേറ്റ് വീട്ടിലേക്ക് പോകാൻ തുടങ്ങുകയായിരുന്നു. ഞാൻ പെട്ടെന്ന് കൈകൊടുത്തു. അതിനുശേഷം ഹസ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും കൈകൊടുത്തു. ഹസ്റത്ത് മൗലവി സാഹിബ് എന്നോട് താങ്കൾ ഹസറത്ത് മിർസാ സാഹിബുമായി കൂടിക്കാഴ്ച നടത്തണമെന്ന് പറഞ്ഞു. മൗലവി നൂറുദ്ദീൻ സാഹിബി

നോടൊപ്പമുണ്ടായിരുന്ന മുഫ്തി ഫള്‌ലുർറഹ്മാൻ സാഹിബ് ഉടനെ, ഹസ്‌റത്ത് സാഹിബുമായി ഞാൻ കണ്ടുവെന്ന് അറിയിച്ചു.

ഹസ്‌റത്ത് അമീൻസാഹിബിന് ഖാദിയാനിലെത്തുന്നതിനു മുമ്പേ അഹ്മദിയ്യത്തിനെക്കുറിച്ച് ഒന്നും അറിയുമായിരുന്നില്ല. ഖാദിയാനിൽവന്ന് ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നെ കാണുകയും ഹസ്‌റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന്റെ മജ്‌ലിസുകളിൽ ഇരിക്കാൻ തുടങ്ങുകയും ചെയ്തപ്പോഴാണ് അഹ്മദിയ്യത്തിനെക്കുറിച്ച് അറിഞ്ഞത്. അങ്ങനെ ശാരീരികമായ ചികിത്സയോടൊപ്പം, ആത്മീയമായ ചികിത്സയും നടന്നുവന്നു. 1895 ആരംഭത്തിൽ (മാർച്ചിലാണെന്ന് തോന്നുന്നു) അദ്ദേഹം മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തു.

ബയ്അത്തിന്റെ സംഭവം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നുവെന്നും അതുകൊണ്ട് എനിക്കുവേണ്ടി ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നോട് ശിപാർശ ചെയ്യണമെന്നും ഞാൻ ഹസ്‌റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു. മൗലവി സാഹിബ് എന്റെ ബയ്അത്ത് വാങ്ങാൻ അപേക്ഷിച്ചുകൊണ്ട് ഞാൻ ഖുർആൻ ഹാഫിളാണെന്ന് ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു. കുറച്ച് ഖുർആൻ കേൾപ്പിക്കാൻ അവിടന്നെന്നോട് പറഞ്ഞു. ഞാൻ സൂറഃ യൂസുഫിന്റെ ഒന്നര റുക്കൂഅ് കേൾപ്പിച്ചു. അതിനുശേഷം ഹുസൂർ(അ) മഗ്‌രിബിന്റെ നേരത്ത് ബയ്അത്ത് വാങ്ങാമെന്ന് പറഞ്ഞു. അങ്ങനെ ഞാൻ മഗ്‌രിബിന്റെ നേരത്ത് ഹുസൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. എന്നോടൊപ്പം മൗലവി ഹക്കീം ഗുലാം മുഹമ്മദ് സാഹിബ് കശ്മീരിയും ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹം അമൃത്സർകാരനും പിന്നീട് ഹസ്‌റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ കമ്പൗണ്ടറുമായിരുന്നു. രോഗം കാരണം ഖാദിയാനിൽ വരാൻ കഴിഞ്ഞ സംഭവത്തെ തനിക്കുണ്ടായ മഹാനുഗ്രഹമായി അമീൻസാഹിബ്(റ) പറയാറുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ഈ രോഗം എനിക്ക് ദോഷകരമാകുന്നതിനു പകരം അഹ്മദിയ്യത്ത് സ്വീകരിക്കാനും അങ്ങനെ അല്ലാഹുവിന്റെ കാരുണ്യത്തിന് കാരണമാകാനും ഇടയാക്കി.

രോഗം സുഖപ്പെട്ടതിനും ബയ്അത്ത് ചെയ്തതിനും ശേഷം അമീൻസാഹിബ് തബ്‌ലീഗ് ചെയ്യുന്നതിനായി തന്റെ നാട്ടിലേക്ക് വന്നു. എന്നാൽ, ആളുകൾ വിവരക്കേടുകൊണ്ട് അദ്ദേഹത്തെ പരിഹസിക്കുകയും എതിർക്കുകയും ചെയ്തു. അധികം അവിടെനില്ക്കാതെ അദ്ദേഹം ഖാദിയാനിലേക്ക് മടങ്ങിപ്പോന്നു. നാട്ടിലേക്ക് പോകണമെന്നുള്ള വിചാരം ഉപേക്ഷിച്ചുകൊണ്ട് ഖാദിയാനിൽ സ്ഥിരതാമസമാക്കി.

അവിടന്ന് ഹസ്‌റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന്റെ നിർദ്ദേശമനുസരിച്ച് അനുജൻ ഗോഹർദീൻ സാഹിബിനെ മദ്റസയിൽ ചേർത്തിരുന്നു. ഖാദിയാനിൽവന്ന ആദ്യകാലത്ത് ഒരുപാടുകാലംവരെ ദർവേശ് മൗലവി മുഹമ്മദ് ഇബ്റാഹീം സാഹിബ് ഖാദിയാനിയുടെ പിതാവ് പരേതനായ മിയാൻ മഹറുദ്ദീൻ സാഹിബിന്റെ വീട്ടിൽ (മസ്ജിദ് ഫള്‌ലിന്റെ വളപ്പിൽ) അദ്ദേഹത്തിന്റെ പിതാവ് ഹസ്‌റത്ത് ഹാമിദ് സാഹിബ്(റ) നോടൊപ്പമാണ് താമസിച്ചിരുന്നത്. ഇതുമുഖേന ദാറുൽഅമാനിൽ ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെയും സഹവാസത്തിലിരിക്കാനും ദീനീപരമായ അറിവ് സമ്പാദിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. വിശുദ്ധഖുർആനോട് കുട്ടിക്കാലത്തുണ്ടായിരുന്ന താൽപര്യത്തെ നിലനിറുത്തുകയും കുട്ടികളെ അത് പഠിപ്പിക്കുകയും ചെയ്തു. ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ മക്കളേയും അദ്ദേഹം പഠിപ്പിച്ചു.

ഹസ്‌റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി(റ) പറയുന്നു: 1896-97 വരെ ജമാഅത്തിൽ ഹാഫിളുമാർ ആരും ചേർന്നിരുന്നില്ല. അതുകൊണ്ട് ഖാദിയാൻ ദാറുൽഅമാനിലെ ഒരു പള്ളിയിലും അനുഗൃഹീത റമസാൻമാസത്തിൽ തറാവീഹ് നമസ്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. (ഹാഫിളുമാരെ നിറുത്തി ഖുർആൻ മുഴുവൻ ഖത്തം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല.) ഹസ്‌റത്ത് അമീൻ സാഹിബാണ് ഏറ്റവുമാദ്യം 1896-ലോ 97-ലോ മസ്ജിദ് അഖ്സായിൽ തറാവീഹ് നമസ്കരിപ്പിക്കാൻ തുടങ്ങിയത്. വർഷങ്ങളോളം ഇത് തുടർന്നുപോന്നു. കുറച്ചുവർഷത്തിനു ശേഷം മസ്ജിദ് മുബാറക്കിലും തറാവീഹ് നമസ്കാരം തുടങ്ങി. അക്കാലത്ത് മസ്ജിദ് ഫള്‌ലിന്റെ സ്ഥാനത്ത് ഒരു ചെറിയ തറയായിരുന്നു ഉണ്ടായിരുന്നത്. അവിടെയും നമസ്കരിക്കാറുണ്ടായിരുന്നു. ഇവിടെ പള്ളി നിർമ്മിക്കാനുള്ള പദ്ധതിയിൽ അവിടന്നും പങ്കെടുത്തു. പെട്ടെന്നുതന്നെ മസ്ജിദ് ഫസ്‌ലിന്റെ നിർമ്മാണം പൂർത്തിയായി. അമീൻസാഹിബായിരുന്നു ആദ്യത്തെ ഇമാമുസ്സ്വലാത്ത്.

1908-ൽ തന്റെ ബന്ധുമിത്രാദികളെ കാണാൻ വേണ്ടി അമീൻസാഹിബ് നാട്ടിൽപോയി. അവിടെവെച്ചാണ് ഹസ്‌റത്ത് മസീഹ് മൗഊദ്(അ) വഫാത്തായ വിവരം അദ്ദേഹം അറിഞ്ഞത്. പെട്ടെന്നുതന്നെ നാട്ടിൽനിന്ന് തിരിച്ചെങ്കിലും ജനാസ എടുത്തതിനു ശേഷമെ അദ്ദേഹത്തിന് ഖാദിയാനിൽ എത്തിച്ചേരാൻ കഴിഞ്ഞുള്ളൂ.

**ഹസ്‌റത്ത് ഹാഫിസ് മുഹമ്മദ് അമീൻസാഹിബ് രേഖപ്പെടുത്തിയ ചില സംഭവങ്ങൾ**

1. ഒരു ദിവസം രാവിലെ ഹസ്‌റത്ത് മസീഹ് മൗഊദ്(അ) ബസറാവാ എന്ന സ്ഥലത്തേക്ക് നടക്കാൻപോയി. ഹസ്‌റത്ത് മൗലവി ശേർഅലി സാഹിബ്(റ) കൂടെയുണ്ടായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഒരു ക്രിസ്ത്യാനിവന്ന് മിർസാ സാഹിബിനെ കാണണമെന്ന് പറഞ്ഞു. ഹുസൂർ ബസറാവാ ഭാഗത്തേക്ക് നടക്കാൻ പോയിരിക്കുകയാണെന്ന് അയാളെ അറിയിച്ചു. അദ്ദേഹവും ഹുസൂറിനെ അന്വേഷിച്ച് ആ ഭാഗത്തേക്ക് നടന്നു. അപ്പോൾ ഹുസൂർ(അ) തിരിച്ചുവരികയായിരുന്നു. അദ്ദേഹം ഹുസൂർ(അ)ന് കൈകൊടുത്തു. സംസാരത്തിനിടയിൽ താങ്കളിൽ വഹ്‌യ് ഇറങ്ങാറുണ്ടോ എന്ന് ചോദിച്ചു. ഇറങ്ങാറുണ്ടെന്ന് പറഞ്ഞ

പ്പോൾ, എങ്ങനെയാണ് മലക്ക് താങ്കളുമായി സംസാരിക്കുന്നതെന്ന് ചോദിച്ചു. ഹുസൂർ(അ) പറഞ്ഞു. താങ്കൾ എന്നോട് സംസാരിക്കുന്നതുപോലെ. ആ സമയത്ത് അനിയന്ത്രിതമായി അയാളുടെ വായിൽനിന്ന് 'സുബാഹനല്ലാഹ്' എന്ന വാക്കുകൾ പുറത്തുവന്നു.

2. 1905-ൽ വൻഭൂകമ്പമുണ്ടായ അവസരത്തിൽ എല്ലാവരും വീടിനു വെളിയിൽ വന്ന് താമസിക്കാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) നിർദ്ദേശിച്ചു. മസീഹ് മൗഊദ്(അ)ഉം കുടുംബത്തോടൊപ്പം തന്റെ തോട്ടത്തിലെ ബിഹിശ്തി മഖ്ബറയോടു ചേർന്നുള്ള വീട്ടിൽ വന്ന് താമസിച്ചു. ആ ദിനങ്ങളിൽ തുടർച്ചയായി ഭൂകമ്പം ഉണ്ടായിക്കൊണ്ടിരുന്നു. പ്ലേഗും ശക്തമായി പടർന്നുപിടിച്ചിരുന്നു. അമീൻസാഹിബ്(റ) പറയുന്നു: ആ ദിനങ്ങളിൽ എനിക്ക് വൃക്കവേദന പിടിപെട്ടു. രാവിലെ ഏഴുമണിക്ക് വേദന തുടങ്ങി. ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെ വേദന സഹിക്കാൻ വയ്യാതെ ഞാൻ പുളയാൻതുടങ്ങി. മസ്ജിദ് ഫള്ലിന്റെ വളപ്പിൽ മൗലവി മുഹമ്മദ് ഇബ്റാഹിം സാഹിബിന്റെ പിതാവ് മിയാൻ മഹ്റുദ്ദീൻ സാഹിബിനോടൊപ്പമായിരുന്നു ഞാൻ താമസിച്ചിരുന്നത്. മൗലവി ഉബയ്ദുല്ലാഹ് സാഹിബ് എന്റെയടുക്കൽവന്നു. എന്റെ അവസ്ഥ കണ്ടിട്ട് വിവരങ്ങളെല്ലാംവെച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ദുആ ചെയ്യാൻ അപേക്ഷിച്ചു കൊണ്ട് ഒരു കത്തെഴുതി. ഹസ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് മരുന്നുകൊടുക്കുന്നുണ്ടെന്നും അറിയിച്ചു. ഈ കത്ത് എന്റെ അനുജൻ ഗോഹറുദ്ദീന്റെ കൈയിലാണ് കൊടുത്തയച്ചത്. അവനത് അവിടെ ആർക്കോ കൊടുത്തിട്ട് മടങ്ങിവന്നു. ഹുസൂർ(അ) ഈ കത്ത് വായിച്ചുടനെ വാതിൽക്കലെത്തി ആരാണ് കത്ത് കൊണ്ടുവന്നതെന്ന് ചോദിച്ചു. പരേതനായ ഹസ്റത്ത് ശാദീഖാൻ സാഹിബ്(റ), ഒരു ചെറിയ കുട്ടി കൊണ്ടു തന്നതാണെന്ന് പറഞ്ഞു. ഹുസൂർ(അ) വീണ്ടും കത്ത് വായിച്ചു. മൗലവി സാഹിബ് ശ്രദ്ധയോടെ ശുശ്രൂഷിക്കട്ടെ, ഞാൻ ദുആ ചെയ്യാം എന്നു പറഞ്ഞു. ചെലവുകൾ തന്റെ കണക്കിലെഴുതാനും നിർദ്ദേശിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയും മൗലവി സാഹിബിന്റെ ചികിത്സയുംകൊണ്ട് രോഗം സുഖപ്പെട്ടു. അൽഹംദുലില്ലാഹി അലാ ദാലിക്.

3. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരംഭകാലഘട്ടത്തിൽ മസ്ജിദ് അഖ്സാ വളരെ ചെറുതായിരുന്നു. അക്കാലത്ത് ചിലപ്പോൾ ഹസ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും ചിലപ്പോൾ ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബും(റ:അ:മാ) ഖുത്ബ ഓതുകയും നമസ്കരിപ്പിക്കുകയും ചെയ്യുമായിരുന്നു. ആ പള്ളിയിൽ അമീൻ സാഹിബായിരുന്നു സാധാരണ നമസ്കരിപ്പിച്ചിരുന്നത്. ഹസ്റത്ത് ഹാഫിള് രോശൻ അലി സാഹിബ്(റ) ഖാദിയാനിൽ വന്നപ്പോൾ അദ്ദേഹം മസ്ജിദ് അഖ്സായിലും അമീൻസാഹിബ് മസ്ജിദ് ഫള്ലിലും ഇമാമത്ത് നിർവഹിക്കാൻ തുടങ്ങി. റമളാൻ മാസത്തിൽ മസ്ജിദ് അഖ്സയിൽ ഇശാ നമസ്കാരത്തിനുശേഷം തറാവീഹും അമീൻസാഹിബ് നമസ്കരിപ്പിച്ചിരുന്നു. പതുക്കെപ്പതുക്കെ ദൈവാനുഗ്രഹത്താൽ നമസ്കാരക്കാർ വർദ്ധിക്കാൻ തുടങ്ങി. പള്ളിയിൽ ഇടുക്കം അനുഭവപ്പെട്ടു. ഇടവഴികളിലും ചേർന്നുള്ള വീടുകളിലും കടകളിലും നമസ്കരിക്കേണ്ടതായിവന്നു. അപ്പോൾ മസീഹ് മൗഊദ്(അ) പള്ളി വികസിപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഇപ്പോൾ മിനാരം നില്ക്കുന്ന സ്ഥലവും ഉൾപ്പെടുത്താൻ നിർദ്ദേശിച്ചു. അന്നവിടെ മാലിന്യങ്ങളുടെ കൂമ്പാരമായിരുന്നു. പക്ഷേ, ആ സ്ഥലം പള്ളിയ്ക്കുള്ളതായിരുന്നു. ആ സമയത്ത് ഒരു തദ്ദേശവാസിയായ ഹിന്ദു ലാല ശങ്കർദാസ് (ഇയാളെ ഡെപ്യൂട്ടി എന്നായിരുന്നു വിളിച്ചിരുന്നത്) അതിനെ തടഞ്ഞു. അപ്പോൾ, ആ സ്ഥലം എന്തായാലും പള്ളിയുമായി ചേർക്കണമെന്ന് മുസ്ലിംകൾ പറഞ്ഞു. ഈ പള്ളി പൊളിക്കാനാണ് താനാഗ്രഹിക്കുന്നതെന്നും എന്നാൽ മിർസാസാഹിബ് അതിനെ വികസിപ്പിക്കാനാണ് ആഗ്രഹിക്കുന്നതെന്നും ആ ഹിന്ദു പറഞ്ഞു. ഹിന്ദു അങ്ങനെ പറഞ്ഞതായി ഹസ്റത്ത് മസീഹ് മൗഊദ്(അ) അറിഞ്ഞപ്പോൾ, അയാൾ പള്ളി പൊളിക്കാനാഗ്രഹിക്കുന്നുവോ, ഞാന യാളുടെ വീടിന്റെ മുകളിലത്തെ നിലയോടുചേർത്ത് മിനാരം പണിയുമെന്ന് അവിടന്ന് പറഞ്ഞു. (അയാളുടെ വീട് മസ്ജിദ് അഖ്സയോടു ചേർന്നുള്ള ശക്തമായൊരു ഇരുനില കെട്ടിടമാണ്) അത് പിന്നീട് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ അനുഗൃഹീതകാലത്ത് മസ്ജിദ് അഖ്സയോടു ചേർക്കുന്നതിനായി വാങ്ങിച്ചു. ഇതിൽ ഇപ്പോൾ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. അമീൻസാഹിബ്(റ) പറയുന്നു: ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽത്തന്നെ മസ്ജിദ് അഖ്സാ മൂന്നുപ്രാവശ്യം വികസിപ്പിച്ചിരുന്നു.

4. മസ്ജിദ് അഖ്സായോടുചേർന്ന് തെക്കുഭാഗത്ത് ആ ഹിന്ദുവിന്റെ (മുകളിൽ അദ്ദേഹത്തെക്കുറിച്ചാണ് പറഞ്ഞത്) രണ്ട് സഹോദരങ്ങളുടെ (അവർ നേരെ സഹോദരങ്ങളാണോ മാതാവിന്റെ സഹപത്നിയിൽ ജനിച്ച സഹോദരങ്ങളാണോ ഏതെങ്കിലും ബന്ധത്തിലുള്ള സഹോദരങ്ങളാണോ എന്നറിയില്ല) സ്ഥലമായിരുന്നു. അവരിൽ ഒരാൾ തന്റെ പകുതി സ്ഥലം വിറ്റു. അത് മസ്ജിദ് അഖസായ്ക്കുവേണ്ടി വാങ്ങിച്ചു. ആ സ്ഥലത്ത് പള്ളിക്കായി ഒന്നാമത്തെ നിലയിൽ തട്ടിട്ടതേയുള്ളൂ. അയാൾ തന്റെ ബാക്കി സ്ഥലവും വിറ്റു. അപ്പോൾ ആദ്യത്തെ തട്ട് പൊളിച്ചു. വാങ്ങിയ സ്ഥലം മുഴുവൻ മണ്ണിട്ട് നികത്തി പള്ളി വികസിപ്പിച്ചു. ആ സ്ഥലത്ത് പള്ളിയുടെ അടിത്തറയിട്ടപ്പോൾ ഹിന്ദു ഡപ്യൂട്ടി സഹോദരൻ തന്റെ സഹോദരനെ വെറുത്തു. പക്ഷേ, അയാൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കാരണം അയാളുടെ സഹോദരൻ അങ്ങേയറ്റം നിർബന്ധിതനായിട്ടാണ് ആ സ്ഥലം വിറ്റത്. ഡപ്യൂട്ടി സഹോദരന്, യാദൃശ്ചികമായി വെളിയിലെവിടെയോ അത്യാവശ്യകാര്യത്തിനായി പോകേണ്ടിവന്നു. മിർസാസാഹിബിന്നെതിരിൽ കേസുകൊടുക്കുമെന്ന് പറഞ്ഞിട്ടാണ് അയാൾ പോയത്. അല്ലാഹുവിന്റെ ശക്തിപ്രഭാവം കാണുക, വഴിയിൽവെച്ച് കുതിരവണ്ടി മറി

ഞ്ഞു. അയാൾക്ക് ഗുരുതരമായി പരിക്കേറ്റു. കുതിരയ്ക്ക് ദ്വേഷം പിടിച്ചു, അത് അയാളുടെ വിരല് കടിച്ചുമുറിച്ചു. ആ അപകടസ്ഥലത്തുതന്നെ അയാൾ മരിച്ചു. ഇപ്രകാരം അയാളുടെ വീരവാദം അവിടെ അവസാനിച്ചു. നബിയോടുള്ള എതിർപ്പ് അയാളുടെ ജീവനാശത്തിന് കാരണമായി. അയാളുടെ മരണത്തോടെ ഒരു തടസ്സവും കൂടാതെ പള്ളി വികസിപ്പിച്ചു. ബാക്കി പകുതിസ്ഥലത്ത് രണ്ടാമത്തെ ഹിന്ദുസഹോദരന്റെ വീടായിരുന്നു. അതിന്റെ മുകൾത്തട്ട് പള്ളിയുടെ തറയ്ക്ക് സമാനമായിട്ടായിരുന്നു. വികസനത്തിനു ശേഷവും പള്ളി ആളുകളെക്കൊണ്ട് നിറയാൻ തുടങ്ങി. വീണ്ടും ഞെരുക്കം അനുഭവപ്പെട്ടു. അഹ്മദികൾ ആ വീടിന്റെ മുകളിൽ നമസ്കരിക്കാൻ നിർബന്ധിതരായി. ഇക്കാരണത്താൽ ആ ഹിന്ദു ചീത്തപറയാൻ തുടങ്ങി. അവസാനം അയാളും തന്റെ വീട് പള്ളിക്കായി വിറ്റു. ഈ സ്ഥലം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുതന്നെ വാങ്ങിയെങ്കിലും ഹുസൂർ(അ)ന്റെ മരണശേഷമാണ് അത് പള്ളിയിൽ ഉൾപ്പെടുത്തിയത്.

മറ്റൊരവസരത്തിൽ ഹസ്റത്ത് അമീൻ സാഹിബ് (റ) പറഞ്ഞു. ജുമുഅ നമസ്കരിക്കുന്ന നേരത്ത് ആ ഹിന്ദു ഉറക്കെ ചീത്ത വിളിച്ചുപറയുമായിരുന്നു. നമസ്കാരത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) മിമ്പറിൽ വന്നുകൊണ്ട് വളരെ ഗൗരവത്തോടെ പറഞ്ഞു. അയാളുടെ ഈ പ്രവൃത്തി അപൂർവ്വമായതല്ല. നബിമാരുടെ ജമാഅത്തിന്നെതിരിൽ പണ്ടുമുതലെ നടന്നുവരുന്നതാണിത്. നബികരീം(സ)ന്റെ കാലഘട്ടത്തിലും ഇപ്രകാരം ഉണ്ടായിട്ടുണ്ട്. നമ്മളും നബി(സ)യുടെ സമുദായത്തിൽപ്പെട്ടവരാണ്. നബിതിരുമേനിയുടെ കാലടികളെ ശരിയായനിലയിൽ പിന്തുടർന്നവരാണ്. അതുകൊണ്ട് നമ്മുടെ സത്യത വെളിപ്പെടാൻ ഇത്തരത്തിലുള്ള പെരുമാറ്റം ഉണ്ടാകേണ്ടതും നിർബന്ധമാണ്. പിന്നീട് നബി(സ) തിരുമേനിയും അവിടത്തെ അനുയായികളും അനുഭവിച്ച പീഡനങ്ങൾ വേദനനിറഞ്ഞവാക്കുകളിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചു. ആ വിവരണം സദസ്സിനെ കരയിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: ഇയാൾ സ്വീകരിച്ചിട്ടുള്ള ഈ നിലപാടുകാരണം ഖാദിയാനിലെ ആര്യസമാജക്കാരും തീർച്ചയായും ദൈവകരങ്ങളാൽ പിടിക്കപ്പെടും. മറ്റുള്ളവർ രക്ഷപ്പെട്ടാലും ഇക്കൂട്ടർ രക്ഷപ്പെടുകയില്ല. ഹുസൂർ(അ) തന്റെ ഊന്നുവടി ആവർത്തിച്ചാവർത്തിച്ച് തറയിൽ കുത്തിക്കൊണ്ടിരുന്നു. അതിന്റെ ശബ്ദം ദൂരദൂരവരെ കേൾക്കാമായിരുന്നു. ആ ദുആയുടെ ഫലമായി ആ ഹിന്ദു തന്റെ വീട് അവസാനം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് വിറ്റിട്ട് ഒഴിഞ്ഞുപോയി. അത് പിന്നീട് പള്ളിയോടു ചേർക്കുകയും ചെയ്തു.

5. ഒരു പ്രാവശ്യം ജുമുഅ ദിവസം മാന്യനായ ഒരു അനഹ്മദി തന്റെ എന്തോ ആവശ്യത്തിനായി ഖാദിയാൻ ദാറുൽ അമാനിൽവന്നു. കൂടിക്കാഴ്ചയ്ക്കായി നമ്മുടെ ആരുടേയോ കൈയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് സന്ദേശമയച്ചു. ആ നേരത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് അഖ്സായിലിരിക്കുകയായിരുന്നു. ഹസ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) ഖുത്‌ബ ഓതുകയായിരുന്നു. ഇന്നയാൾ പള്ളിയിൽവന്ന് ഖുത്‌ബ കേൾക്കാൻ ആഗ്രഹിക്കുന്നതായി ആ വ്യക്തി മസീഹ് മൗഊദ്(അ)നെ അറിയിച്ചു. മസീഹ് മൗഊദ്(അ) പറഞ്ഞു. ഞാനാരേയും തടയാറില്ല. എന്നല്ല, ജനങ്ങൾ കേൾക്കാനും പ്രയോജനപ്പെടുത്താനും വേണ്ടിയിട്ടാണ് നാം ഇങ്ങനെ ചെയ്യുന്നത്. അങ്ങനെ ആ മാന്യനായ അനഹ്മദി അയാളോടൊപ്പം മസ്ജിദ് അഖ്സായിലെത്തി. ഖുത്‌ബ കേട്ടു. മസീഹ് മൗഊദ്(അ)നെ സന്ദർശിച്ചിട്ട് സന്തോഷവാനായി മടങ്ങിപ്പോയി.

6. പ്ലേഗ് പടർന്നുപിടിച്ച നാളുകളിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) നടക്കാൻവേണ്ടി വെളിയിലേക്കു പോയി. വഴിയിൽവെച്ച് മസീഹ് മൗഊദ്(അ) ജനങ്ങളെ ഉപദേശിച്ചുകൊണ്ടുപറഞ്ഞു: എപ്പോഴും അല്ലാഹുവിനെ ഭയന്നുകൊണ്ടിരിക്കുകയും തൗബ ചെയ്യുകയും ചെയ്യുക. അവൻ പറയുന്നു: ***വലാ തഖ്ശവ്ഹും വഖ്ശവ്നീ*** (ആരേയും ഭയക്കരുത്, എന്നെ മാത്രം ഭയക്കുക) എന്നാൽ ഓർമ്മിച്ചുകൊള്ളുക, നിങ്ങളുടെ തൗബയും പ്ലേഗിനോടൊപ്പം പൊയ്പോകാൻ പാടില്ല. സമാധാനകാലത്തും തൗബ നിങ്ങളുടെ ഹൃദയങ്ങളിൽ നിലനില്ക്കേണ്ടതാണ്.

7. ഹസ്റത്ത് മസീഹ് മൗഊദ്(അ) തോട്ടത്തിലെ വീട്ടിൽ താമസിച്ചുവരുന്ന കാലത്ത് ഹസ്റത്ത് ഖാസി സയ്യിദ് അമീർ ഹുസയ്ൻ സാഹിബ്(റ)ന്റെ 12 വയസ്സുള്ള മകൻ പ്ലേഗ് പിടിപ്പെട്ടുമരിച്ചു. പ്ലേഗ് പിടിപെട്ടു മരിച്ചകാരണത്താൽ ആരും ജനാസയിലോ കബറടക്കത്തിലോ പങ്കെടുക്കരുതെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതായി ആരോ പറഞ്ഞുപരത്തി. അതുകൊണ്ട് ആരും അങ്ങോട്ടുപോയില്ല. പാവം ഹസ്റത്ത് ഖാസി സാഹിബ് തനിച്ചായി. മസീഹ് മൗഊദ്(അ)ന്റെ ലങ്കർഖാനയിലെ സെക്രട്ടറിയായ മിയാ നജ്മുദ്ദീൻ സാഹിബ് അവിടെവന്നു. ഹസ്റത്ത് ഖാസി സാഹിബ് അദ്ദേഹത്തിന്റേയും മറ്റു രണ്ടുപേരുടേയും സഹായത്താൽ കുട്ടിയെ കബറടക്കി. രണ്ടാമത്തെ നാൾ ജുമുഅ ദിവസം ഹസ്റത്ത് ഖാസി സാഹിബ് നിജസ്ഥിതി അറിയുന്നതിനായി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് കത്തെഴുതി. ഹസ്റത്ത് മസീഹ് മൗഊദ്(അ) ആ കത്ത് വായിച്ചുകൊണ്ട് മറുപടി ജുമുഅയ്ക്കുശേഷം നല്കാമെന്ന് പറഞ്ഞു. ജുമുഅ നമസ്കാരത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) ജനങ്ങളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു. ഖാസിസാഹിബ് ഈ വിഷയത്തെക്കുറിച്ച് എനിക്ക് കത്തെഴുതിയിരിക്കുന്നു. ഖാസി സാഹിബിന് ഇത്രയധികം ബുദ്ധിമുട്ട് സഹിക്കേണ്ടിവന്നതോർത്ത് എനിക്ക് പ്രയാസമുണ്ടായിരിക്കുന്നു. ആരുടെയെങ്കിലും ദുഃഖത്തിൽ ആരും പങ്കെടുക്കാതിരിക്കുക എന്നത് എന്റെ മതമല്ല. ഖേദകരമെന്നുപറയട്ടെ ഈ കിംവദന്തി ഏതോ മുനാഫിഖ് പറഞ്ഞുപരത്തിയതാണ്. എന്നെ അറിയിച്ചിരുന്നുവെങ്കിൽ ഞാൻ ജനാസയിൽ പങ്കെടുക്കുമായിരുന്നു. ആ അവസരത്തിൽ മറ്റു കാര്യങ്ങളും മസീഹ് മൗഊദ്(അ) ഉപദേശിക്കുകയുണ്ടായി. ●

സമ്പാദനം

മുഹമ്മദ് ഇസ്മായിൽ

# തങ്ങൾ സാഹിബ് ഭക്തിസാന്ദ്രമായ ജീവിതം (തുടർച്ച)

**അ**വിടെനിന്ന് കേട്ട്കേട്ടിട്ട് അയാൾക്കു- കുട്ടൻനായർക്ക് തോന്നി ഞാൻ ഈ ആയത്തൊക്കെ ഓതിയപ്പോൾ ഇതാണ് ശരിയെന്ന്. അതാണ് ന്യായം. നീതിബോധം എന്നു പറയുന്നത് അതാണ്. അല്ലാണ്ട് നമ്മൾ കുറെ ആൾക്കാര് കൂടുതലുണ്ടെന്ന് പറഞ്ഞിട്ട് സമ്മർദ്ദമല്ല ആവശ്യം, എന്നു പറഞ്ഞിട്ട് അയാളങ്ങ് പോയി.

അപ്പൊ ഒരു ശക്തി കുറഞ്ഞു. അയാളുടെ ബുദ്ധി ഭയങ്കരബുദ്ധിയാ. അങ്ങനെ അദ്ദേഹം പിരിഞ്ഞു. അപ്പൊ ഉച്ചയായി. ഞാൻ പോകുന്നുന്ന് പറഞ്ഞു. ഊണുകഴിച്ചിട്ട് പോകാട്ടോന്ന് പറഞ്ഞു. ഇപ്പൊ ഞാൻ മുമ്പത്തെ പോലെയല്ലല്ലോ. ഇപ്പൊ കുടുംബോം കുട്ടികളുമൊക്കെയുള്ളതാണ്. അപ്പൊ അവര് കാത്തിരിക്കും. പണ്ടത്തപ്പോലെ ഇവിടെന്ന് ഊണുകഴിക്കാൻ പറ്റില്ലാന്ന് പറഞ്ഞു ഞാൻ. ജോലി അതുവഴി പോയെന്നാണ് ഞാൻ കണക്കാക്കിയത്. പിറ്റെ ദിവസം കാലത്ത് ആളെ പറഞ്ഞയച്ച്, അബ്ദുർറഹ്മാന്റെ വിശ്വാസത്തോട് നമുക്ക് യോജിപ്പില്ലെങ്കിലും അവന്റെ വാദഗതികളെ നമുക്ക് ഖണ്ഡിക്കാൻ പറ്റൂല, അതുകൊണ്ട് അവനോട് വിരോധമൊന്നുമില്ലാന്ന് പറഞ്ഞ് വരാൻ പറയണമെന്ന് പറഞ്ഞ്. അങ്ങനെ ഞാനവിടെ ചെല്ലുമ്പോതന്നെ, മുതലാളിയുടെ ഭാര്യയും മകളും പുറത്തുണ്ടായിരുന്നു. ഒരു ചെറിയ കെട്ടിക്കാത്ത മകള്. തങ്ങള് വരണുണ്ട്, എന്തെങ്കിലും സംസാരിപ്പിക്കണമെന്ന് അവർ പറഞ്ഞ്. അപ്പൊ എന്നോട് പറഞ്ഞ്, നിയ്യ് ഇവിടെനിന്ന് സംസാരിച്ച് പോയല്ലോ ഇന്നലെ, ഇപ്പൊ ഇവരൊക്കെ നിന്റെ ഭാഗത്താ. ഞാൻ കുറച്ചുകൂടി സംസാരിപ്പിച്ചാ ഇവരെല്ലാം നിന്റെ ഭാഗത്താകുമെന്നാ തോന്നണത്. നിയ്യ് പറയണതാണ് ന്യായം, നിനക്കാണത്രെ വലിയ വിവരം എന്നാണ് ഇവർ പറയുന്നതെന്ന് പറഞ്ഞ്. എന്നോട് എന്തെങ്കിലും പറയൂ എന്ന് എന്നോട് പറഞ്ഞ്. അങ്ങനെ കുറച്ചുനേരം ഈ വിഷയംതന്നെ എടുത്തു ഞാൻ.

നമ്മുടെ പണ്ഡിതന്മാരൊന്നും നമ്മൾ പറയാത്തൊരു പുതുമയാണ് എന്നെ ഈ നിലയിലെത്തിച്ചത്. ഈ അല്ലാഹുവും മനുഷ്യനും കൂടിയിട്ടുള്ള ബന്ധം വിട്ടുപോയിയെന്നാണ് ആളുകൾ കണക്കാക്കുന്നത്. ബന്ധം നിലനില്ക്കുന്നൂന്ന് മനസ്സിലാക്കിയത് ഈ ജമാഅത്തിൽ കൂടിയാണ്. അത് അല്ലാഹു എങ്ങനെയാണ് മനുഷ്യനോട് ബന്ധപ്പെടുക എന്ന കാര്യത്തെ കുറിച്ചായിരുന്നു എന്റെ ഏറ്റവും വലിയ തകരാറ്. അതൊക്കെ ഇതുമൂലമാണ് രക്ഷപ്പെട്ടത്. എന്നൊക്കെ പറഞ്ഞ് ഞാൻ കുറേ വിശദീകരിച്ച് സംസാരിച്ച് എല്ലാംകൂടെ ഇരുട്ടായി. എന്നിട്ടവിടന്ന് അന്ന് ഭക്ഷണം കഴിച്ച് പോകണമെന്നുപറഞ്ഞ്, രാത്രി പത്തുമണിക്കാണ് പോയത്. അങ്ങനെ പഷ്ടായിട്ട് പോന്നു. അതുകഴിഞ്ഞ് 74-ൽ ഭൂട്ടോ നമുക്കെതിരിൽ നിയമം പാസാക്കിയല്ലോ. അപ്പോൾ ഇയാള് ഉടനെ വണ്ടിയെടുത്തിട്ട് തിരുനെൽവേലിയിൽവന്നു. വന്ന്... ഒമ്പതുമണിയായി വരുമ്പോ. ഞമ്മള് നേരം വൈകിയ കാരണം ഊണുകഴിച്ച്. ഇദ്ദേഹം വരുമ്പോ ഭക്ഷണമെല്ലാം റെഡിയാക്കിവെച്ചിട്ടുണ്ട്. അപ്പൊ എന്നോടു ആദ്യം നിസ്കരിക്കട്ടെ. എന്നിട്ട് ഭക്ഷണം കഴിക്കാന്ന് പറഞ്ഞ്. അപ്പൊ അവിടന്ന് വന്ന് കയറിയ വഴിയ്ക്ക് എന്താ ഉദ്ദേശ്യമെന്ന് ചോദിച്ച്. പ്രത്യേകിച്ചൊന്നുമില്ല. കേട്ടീലേ, പാക്കിസ്ഥാനീല്. ആ.... കേട്ടിട്ടുണ്ട്. അതാ ചോദിച്ചത്. അപ്പൊ ഞാൻ പറഞ്ഞ്, അത് പാക്കിസ്ഥാനല്ലേ? ഇത് ഇന്ത്യയാണ്. ഇവിടെ ഇന്ദിരാഗാന്ധിയാണ് ഭരിക്കുന്നത്. മിസായൊക്കെയാണ് ഇവിടത്തെ നടപടിക്രമങ്ങള്. അതുകൊണ്ട് ഇബ്ടെ ഇപ്പൊ ഞാനാരാണെന്ന് ഞാനാ പറയണ്. അത് വേറെയാള് തീരുമാനിച്ചാ ശരിയല്ലാന്നാണ് എന്റെ നിയമം. അതുകൊണ്ട് പാക്കിസ്ഥാനിലേത് അബ്ടെമതി, ഇബ്ടെ.... അപ്പൊ നസ്റുല്ലാഹ് പറഞ്ഞ്, അതായത് മാനേജർ പറഞ്ഞ്- അബ്ടെ എന്തെങ്കിലും പാസ്സാക്കിയതിന് നമുക്കെന്താന്നേ? ഇവിടെ ഇന്ത്യൻ ഭരണമാണ്. ഇവിടെ ആവശ്യമില്ലാത്തതൊന്നും നമ്മൾ പറയേണ്ട.



അങ്ങനെ പിന്നെ വുളു എടുക്കുന്ന സമയത്ത് എന്നോടു സഹായിക്കണമെന്ന് പറഞ്ഞ്. വുളു എടുക്കാൻ വെള്ളമൊക്കെ എടുത്തുവെച്ച്. സംസാരിച്ച്, ഊണും കഴിച്ച് കിടന്നുറങ്ങി. നേരം വെളുത്തപ്പോ, ഈ തമിഴിലെ പേപ്പർ വായിച്ചുകൊടുക്കും ഞാന്. പേപ്പർ വായിക്കാനറിയില്ലെങ്കിലും കേട്ടാ മനസ്സിലാകും. അത് കേട്ടോണ്ട് ഇരിക്കലുണ്ട്. അങ്ങനെ മൂപ്പര് അന്ന് അത് വായിക്കാനൊരുങ്ങിയപ്പം പറഞ്ഞ്, അതെല്ലാം ഒരു ഭാഗത്തുവെക്ക്. അതൊന്നും ഇപ്പൊതൽക്കാലം വേണ്ട. ഞാനിന്നലെ പറഞ്ഞ കാര്യമുണ്ടല്ലോ, അതൊന്ന് നീ ശ്രദ്ധിക്കണം. അതിങ്ങനെപോയാ പറ്റില്ല. അതില് ശ്രദ്ധിക്കാനൊന്നുമില്ല. അതൊരു കുറെക്കാലം മുമ്പേ, ഒരു 90 കൊല്ലം മുമ്പ് ഞാൻ പറഞ്ഞ്. അന്ന് കുറെ പണ്ഡിതന്മാരെല്ലാം ചേർന്ന് ഞങ്ങളെ കാഫിറെന്ന് പറഞ്ഞ്. അന്ന് ആ കാഫിറാക്കിയത് ശരിക്ക് കാഫിറായിട്ട് തന്നെ നിലനില്ക്കുകയാണെങ്കിൽ ഇപ്പൊ രണ്ടാമത് ഇയാള് പാസ്സാക്കേണ്ടി വന്നിരുന്നില്ലല്ലോ. അപ്പൊ രണ്ടാമത് പാസ്സാക്കിയപ്പൊ ഇപ്പോഴാണവർക്ക് ബോധം വന്നത്, കാഫിറായിട്ടില്ലാന്ന്. കുറച്ച് കഴിഞ്ഞാ ബോധം വരും. ഈ കുടീടെ ബോധമൊക്കെ അങ്ങോട്ടിറങ്ങിയാല്, ആയില്ലാന്ന് വീണ്ടും തോന്നും. അപ്പൊ പിന്നെയും പാസാക്കും. ഞമ്മള് മുസ്‌ലിമായിട്ടുതന്നെ തുടരും എന്ന് പറഞ്ഞ് ഞാൻ. അന്ന് പാസ്സാക്കിയത് പണ്ഡിതന്മാരാണെങ്കിൽ ഇന്ന് കൊള്ളരുതാത്തവരും രാഷ്ട്രീയക്കാരും കുടിയന്മാരുമാണ് പാസാക്കിയിട്ടുള്ളത് എന്ന് പറഞ്ഞ്. ശെ, എന്താ പറയുന്നേ. അവിടെത്തെ വലിയവലിയ പണ്ഡിതന്മാരുടെ സദസ്സില്വെച്ചിട്ടാണ് പറഞ്ഞത്. മുതലാളി പറഞ്ഞ്. ഞാൻ പറഞ്ഞ് ഈ വലിയ പണ്ഡിതൻ എന്നു പറയുന്നത് അന്നുണ്ടായിരുന്ന്, ഇപ്പൊ ഇല്ല മുതലാളി. അന്ന് പണ്ഡിതന്മാർ എന്ന് പറഞ്ഞാൽ അവർ സ്വയം പഠിച്ചവരുമാണ്. അവരിൽ അല്ലാഹുവിനോടുള്ള ആ ഭക്തി ഉണ്ടായിരുന്നു. ഇന്ന് ശാപ്പാടിനുവേണ്ടിയിട്ടുള്ള ഒരു പരിപാടി എന്നല്ലാതെ, കഴിവുള്ളവരുടെ മക്കളാരും മൊയ്‌ലിയാ പണിക്ക് പോകുന്നില്ല, ആരും അയക്കുന്നില്ല. ഇപ്പൊ മുതലാളിക്ക് ആറ് ആൺമക്കളുണ്ട്. അന്ന് ആറാളുണ്ട്. ഒരൊറ്റയാളെയും മൊയില്യാരാക്കാൻ ശ്രമിച്ചിട്ടില്ല. കാരണം അത് നല്ല പണിയല്ലാന്ന് അറിയാം. ബുദ്ധിയുള്ള മുതലാളിമാർ ആരും മൊയില്യാരാക്കാൻ വിടൂല. കഴിവുള്ള പയ്യന്മാരാണെങ്കിൽ നാട്ടുകാര് പഠിപ്പിക്കും. അപ്പൊ അതിനും കഴിവില്ലെങ്കിൽപിന്നെ ആകെയുള്ളൊരു അഭയകേന്ദ്രമാണ് മൊയില്യാരാകല്. മൊയില്യാരായാല് ജീവിച്ചുപൊയ്ക്കോട്ടെ എന്ന് പറഞ്ഞ് തള്ളിവിടും. ഈ അമ്പലത്തിലേക്ക് കേടുവന്ന ആടുകളെ തള്ളുന്നതുമാതിരിയാണ് പള്ളിയിലേക്ക് തള്ളി വിടുന്നത്. വല്ലവന്റെ ചോറും തിന്നിട്ടാണ് പഠിക്കുക. അങ്ങനെ തിന്ന് പഠിച്ചവൻ തന്നെയാണ് പഠിപ്പിക്കുന്നതും. അപ്പൊ ആരാന്റ ചോറുതിന്ന് പഠിച്ചാ ബുദ്ധി വികസിക്കൂലാ. പഠിച്ചത് പറയാനുള്ള ആത്മധൈര്യവും ഉണ്ടാവൂല. അങ്ങനത്തെ കൂട്ടരാണ് ഈ പഠിച്ചത്. തത്തമ്മ പൂച്ച എന്ന് മറ്റവനെയും പഠിപ്പിക്കുകയാണ്. ഈ പഠിപ്പാണ് ഇന്ന് ഇസ്‌ലാമിക പഠിപ്പ് എന്ന് നമ്മൾ അറിയപ്പെടുന്നത്. അതുകൊണ്ടാണ് 2000 കൊല്ലം മുമ്പ് ഒരു പ്രവാചകൻ ജീവിച്ചിരുന്നത് ഇനിയും വരുമെന്നും പറഞ്ഞ് കാത്തിരിക്കുന്നത്. ഇത് ബുദ്ധിയുള്ളവർക്ക് അംഗീകരിക്കാൻ പറ്റൂല. അതംഗീകരിക്കാത്തതുകൊണ്ട് കാഫിറാകുകയാണെങ്കിൽ അതാ നല്ലത്. ബുദ്ധിയുള്ള കാഫിറല്ലേ നല്ലത്. അതുകൊണ്ട് ഞാന് അങ്ങനെ കൂടിയിരിക്കുകയാണെന്ന് പറഞ്ഞു. അയാൾക്ക് മറുപടി ഇല്ല.

അതയാൾക്ക് വല്ലാതെ ചൂടായി. പിന്നെ അതിനെക്കുറിച്ച് കൂടുതൽ ചർച്ചയൊന്നും ചെയ്തില്ല. അധികം താമസിക്കാതെ 75 ജനുവരി 8-ാം തിയ്യതി – 60 ജനുവരി 18-നാണ് ഞാൻ ബയ്അത്ത് ചെയ്തത്– എന്നെ ഡിസ്മിസ് ചെയ്ത്.

അങ്ങനെയാണ് ഞാൻ നാട്ടിൽ വരുന്നത്. അതുവരെ കേരളത്തിലുള്ള അഹ്മദികളെക്കുറിച്ച് വലിയ മൗലവി സാഹിബിനേയും അബുൽവഫാസാഹിബിനേയും ഒഴികെ കാര്യമായിട്ട് ആരേയും അറിയില്ല. ഇവിടെത്തെ ഒരു ഫംഗ്ഷനും ഞാൻ പങ്കെടുത്തിട്ടില്ല. അലവി മൗലവി സാഹിബിനേയും വല്ലപ്പോഴും കാണും, സാത്താൻകുളത്ത് വന്നിട്ട്. ഈ ഒടുവിലൊക്കെയായപ്പം– ആദ്യം ഇവര് രണ്ടാളുമാണ്. പിന്നിടാണ് അലവി മൗലവി സാഹിബുമായിട്ട് ബന്ധം.

എന്നെ അഹ്മദിയ്യത്തിലേക്ക് കൊണ്ടുവന്ന **ജബ്ബാർശാഹ്** എന്ന മനുഷ്യൻ അയാൾ മുർത്തദ്ദായിപ്പോയി. അയാൾ മരിച്ചുപോയി. അത് വലിയ ചരിത്രമാണ്. അയാള് സാമ്പത്തികപ്രശ്നങ്ങളുമൊക്കെയായിട്ട് നടന്നു. അയാളുടെ പര്യവസാനം ചെറുതായിട്ടൊന്ന് പറയാം. കീളക്കര തുടങ്ങിയ സ്ഥലത്ത് കുറേ മുസ്‌ലിംകളുണ്ട്. തെക്കൻകടലോരത്ത് താമസിക്കുന്നവർ. കച്ചവടക്കാരാണ്. ചൈനയിലും ഹോംഗ്കോംഗിലുമൊക്കെയാണ് അവർക്ക് കച്ചവടവും ഓഫീസുമൊക്കെയുള്ളത്. വലിയ പണക്കാരാണ്. അവരുടെയിടയിൽ പോയിട്ട് ഇയാൾ ഒരു പ്രസംഗം നടത്തിയപ്പൊ, അവർക്ക് വലിയ താൽപര്യമായി. അവർ സിംഗപ്പൂർക്ക് ഇയാളെ കൊണ്ടുപോയി. അവിടന്ന് ടേപ്പ്റിക്കാർഡർ എടുക്കലും– അന്ന് ടേപ്പ് റിക്കാർഡറൊന്നും കിട്ടാനില്ല– ഇയാൾക്ക് ടേപ്പ് റിക്കാർഡർ, ഹദീസ്, പ്രസംഗം കുറെ കാശൊക്കെയായിട്ട് കൊണ്ടുവന്ന് ജീവിതം തരക്കേടില്ലാത്ത നിലയിലായി. അഹ്മദിയാണെന്ന് അപ്പോഴൊന്നും പറഞ്ഞിട്ടില്ല. ആശയങ്ങളൊക്കെ ഇതാണ് പറഞ്ഞത്. അങ്ങനെ ഇയാള്തന്നെ യഥാർത്ഥത്തിൽ മഹ്ദിയായിട്ട് ചമയുകയാണുണ്ടായതവിടെ. അങ്ങനെ നല്ല ചാൻസ് കിട്ടി. പിന്നെ, വന്നതി

നുശേഷം നമ്മളുമായിട്ട് ബന്ധമൊന്നുമില്ല. ആരുമായിട്ടും ബന്ധമില്ല. അബുൽ വഫാ മൗലവി വന്ന് ഇയാളുമായി സംസാരിച്ചപ്പോ ഇയാള് ഈ നിലയിൽ നില്ക്കാൻ പറ്റുകയില്ലാന്നൊക്കെ പറഞ്ഞപ്പം 'അഹ്മദിയ്യത്തിൽനിന്ന് സ്വയം വ്യതിചലിച്ചുപോയവനെ പുറത്താക്കുമെന്നുള്ള ഭീഷണികൊണ്ട് കാര്യമൊന്നുമില്ല' എന്ന് പറഞ്ഞ് നോട്ടീസൊക്കെ ഇറക്കി.

അങ്ങനെ പിന്നെ നമുക്കെതിരായിട്ട് നോട്ടീസെഴുതലും അതിനുവേണ്ടി ആൾക്കാര് വരിക പോകുകയുമൊക്കെയായി. അതിനുവേണ്ടി എല്ലാ പണങ്ങളും സൗകര്യങ്ങളും ഇയാൾക്കു അവർ ചെയ്തു കൊടുക്കണ്. കായൽപട്ടണത്തുകാരാണ്. അപ്പൊ അയാളങ്ങനെ ഇതിൽ മുഴുകിയിരിക്കുകയാണ്. പണ്ടൊരു ശരീഫ് എന്നു പറഞ്ഞിട്ട് നമ്മുടെ കൂടെതന്നെ ഒരാളുണ്ടായിരുന്നു. ആ തന്ത ഇയാൾക്ക് സപ്പോട്ടാ. അയാൾക്കും ജീവിക്കാൻ വല്ലതും കിട്ടും. അങ്ങനെ ഇത് നടന്നുകൊണ്ടിരിക്കുമ്പോ ഒരു ദിവസാണ്- അവിടെ ആളൊക്കെവന്ന് പുസ്തകമൊക്കെ എഴുതിക്കൊണ്ടിരിക്കാ- ആ സമയത്ത് എന്തോ അസുഖം ഉണ്ടെന്ന് പറഞ്ഞിട്ട് ഇയാള് ഡാക്ടറെ കാണിച്ചിരുന്നു, അവിടെനിന്ന് വീട്ടിലേക്ക് വന്ന് അങ്ങനെ നേരം പുലർന്ന് ഇയാള് കക്കൂസിപോയിട്ട് പിന്നെ കാണാനില്ല. ഇയാൾക്കാരുമില്ല. നമ്മളൊക്കെ അടുപ്പമുണ്ടെങ്കിലും നമ്മള് ബന്ധമില്ലല്ലോ. അങ്ങനെ ഓടിപോയിട്ട് ഈ ശരീഫ് സാഹിബിനെ വിളിച്ചോണ്ടുവന്നു. ശരീഫ് നാനാ എന്നാ വിളിക്കുക. അയാളെ പോയിവിളിച്ചോണ്ടുവന്ന്. ഇങ്ങനെ ഉപ്പ കക്കൂസിലാണ്. വിളിച്ചിട്ട് മിണ്ടണില്ല, എന്താ വേണ്ടതെന്ന് ചോദിച്ച്. അപ്പൊ ഇയാള് പൂട്ടൊക്കെതുറന്ന് നോക്കുമ്പൊ മരിച്ചുകിടക്കുകയാണ്. കക്കൂസിലാ കിടന്ന് മരിച്ചത്. അപ്പൊ ഞാനുദ്ദേശിച്ചത് ഒരുപക്ഷേ, മസീഹ് മൗഊദിനെക്കുറിച്ച് ഇയാളാ ഘട്ടം എഴുതാൻ പോകുകയായിരുന്നിരിക്കണം. അതിന് അബ്ടെനിന്ന് ആദ്യംതന്നെ കിട്ടിയതാണ് മറുപടി. മൂക്കീന്ന് ചോരവന്ന് കിടക്കണുണ്ട്. ഞങ്ങളുടെ കമ്പനിയിലൊക്കെ അറിയിപ്പ് കിട്ടി. ഇങ്ങനെ ജബ്ബാർശാഹ് എന്നയാള് മരിച്ചിരിക്കണ്. അങ്ങനെ ഞങ്ങളൊക്കെ പോയി. മയ്യിത്ത് അടക്കം ചെയ്ത്. ഇതെല്ലാം ഞാൻ കമ്പനിയിലുള്ളപ്പോഴാണല്ലോ. അത് 74-ന് മുമ്പാണ്. അങ്ങനെ ഞാൻ അബ്ടന്ന് വന്നു. വലിയ മൗലവി സാഹിബ് വഫാത്തായിക്കണ ആ സമയത്താണ്.

ഞാൻ ഇബ്ട കമ്പനിയിൽ വന്ന്. അപ്പോൾ കമ്പനീന്ന് എല്ലാവരും പറഞ്ഞ് ഇത്- മലയാളിയാണല്ലോ ഒരു ബീഡികമ്പനിക്കാരനുമാണ്- എല്ലാവരും അവരെ സഹായിക്കണം. അവിടെ മയ്യിത്തെടുക്കാൻ എല്ലാരും പോണം. കമ്പനീന്ന് സർവ്വആൾക്കാരുമുണ്ട്. അതു കഴിഞ്ഞ് ഞാൻ പോരുകയും ചെയ്തു. അവരവീട്ടന്ന്- അയാൾക്ക് 4 ഭാര്യമാരാ. ഒന്ന് പൊന്നാനി, ഒന്ന് ഹൈദ്രാബാദി. ആ പെണ്ണിനെ നിക്കാഹ് കഴിച്ചു കൊടുത്തിട്ടുള്ളത് മൗദൂദിയ- അയാൾക്ക് നിക്കാഹ് ചൊല്ലികൊടുത്തത്. അത്രബന്ധമാണ് മൗദൂദിയുമായിട്ടുള്ളത്. അങ്ങനെ ഇയാളുടെ അനുജൻ വന്നിട്ടുണ്ടായിരുന്നു. അപ്പൊ ഇയാൾക്ക് വീടുണ്ട്. കുറച്ച് സ്ഥലം, നിലം പാട്ടത്തിനു വാങ്ങിച്ചിട്ടുണ്ട്. പൊന്നാനീ പെണ്ണും മറ്റെ പെണ്ണുമുണ്ട്. ആ പെണ്ണുങ്ങൾക്ക് നജീബെന്ന് പറഞ്ഞിട്ട് മകനുണ്ട്. അവരൊക്കെ പറയുന്നത് ഇത് മുഴുവനും തങ്ങളെ ഏല്പിക്കുക. വേറെ ആരെ ഇവിടെ ഏല്പിച്ചാലും നമുക്ക് കിട്ടില്ല എന്നാണ്. അങ്ങനെ എന്റെയടുത്ത് വന്നിരിക്കുകയാണിവര്- ഇയാളുടെ അനുജനൊക്കെ. ഈ വസ്തുക്കളൊക്കെ നിങ്ങൾ ഏറ്റെടുക്കണം എന്നു പറഞ്ഞ്. അപ്പൊ ഞാൻ പറഞ്ഞ്, ആ വീടു വേണമെങ്കിൽ കമ്പനിയ്ക്ക് വാടകയ്ക്കെടുക്കാം. അത് റിപ്പേർ ചെയ്ത് തന്നാമതി. വാടകയും കൃത്യമായിട്ട് വീട്ടിലെത്തും. മറ്റുള്ള കാര്യങ്ങളൊന്നും നമുക്കേല്ക്കാൻ പറ്റുകയില്ലെന്ന് പറഞ്ഞു. അത്തരം കാര്യം ചെയ്യാമെന്ന് പറഞ്ഞ്. അല്ല, നിങ്ങളുതന്നെ അതെല്ലാം ചെയ്യണം. എന്നല്ലാ, എനിക്കതിനുള്ള സൗകര്യമില്ല മറ്റു കമ്പനി ജോലികളുണ്ട്. എന്നെക്കൊണ്ട് പറ്റൂലാന്ന് പറഞ്ഞു. പക്ഷേ, അത് മുഴുവൻ നഷ്ടപ്പെട്ടു. അങ്ങനെയാണുണ്ടായത്. ഇപ്പൊ ആലത്തൂര് താമസിക്കുന്നുണ്ടവര്. അവരുടെ കുടുംബമൊക്കെ ആലത്തൂര് താമസിക്കുന്നുണ്ട്. നമ്മുടെ **ടി. എം** ന് അറിയാം. അയാളുടെ പര്യവസാനം അങ്ങനെയാണുണ്ടായത്.

അങ്ങനെയാണ് 75-ൽ പുറത്താക്കിയിട്ട് ഞാനിവിടെ വരുന്നത്. പിന്നെ അതിനുശേഷം ഇബ്ടത്തെതിനോട് ലയിച്ചു. അങ്ങനെയങ്ങോട്ടൊക്കെ കഴിഞ്ഞുകൂടി. 81-ലാണ് ആദ്യമായിട്ട് ഖാദിയാൻ കാണുന്നത്. അപ്പോളേക്കും അലവി മൗലവി സാഹിബുമായിട്ടുള്ള അടുപ്പം കൂടി. (ഇവിടെതന്നെയാണോ തറവാട്?) അല്ല, എന്റെ തറവാട് കുറച്ചപ്പുറത്തായിരുന്നു. ഞങ്ങൾ പണ്ട് താമസിച്ചിരുന്നത്. ഈ വീട് ഞാനുണ്ടാക്കിയതെന്നു പറഞ്ഞാ, കമ്പനിയിലുള്ളപ്പോൾ ഈ സ്ഥലം വാങ്ങിച്ച്. സ്ഥലം വാങ്ങുമ്പോഴൊന്നും ഞാനില്ല. മുതലാളി തന്നെയാണ് ഇതിന്റെ പണമൊക്കെ കൊടുത്തത്. പണം തിരിച്ചു ഞാൻ കടം വീട്ടി. ചെറിയൊരു വീടുണ്ടാക്കി അന്ന്. അതിന് 9000 റുപ്പിയ മറ്റോ ആണ് ചെലവ്. അതൊക്കെപിന്നെ പിരിയുമ്പോ കണക്കുതീർത്ത്. അവസാനം പോരുമ്പോ 5000 റുപ്പിക എനിക്ക് തന്നിട്ട് ഒഴിവാക്കുകയാണുണ്ടായത്. എന്തു വിചാരിച്ചിട്ടും എനിക്ക് ജോലി തരില്ലാന്ന് പറഞ്ഞ്. പിന്നെ ഈ പരീക്ഷണങ്ങൾക്ക് തുടക്കം- എന്നുവെച്ചാൽ സാമ്പത്തികമായ വിഷമങ്ങളും ബുദ്ധിമുട്ടും. ഞാനും- അന്ന് ഈ നാസറില്ല, ബാക്കി 6 മക്കളും ഞാനും ഭാര്യയും ജീവിക്കണം. ഞങ്ങൾക്കു വേറെ ഒരു മാർഗ്ഗവുമില്ല. അപ്പൊ അങ്ങ് ജീവിച്ചുപോന്നു.

ഞാനാദ്യായിട്ടാണ് ഇവിടെ താമസമാക്കണത്. അപ്പൊ ഭാര്യാവീട്ടിൽ വന്ന് ഇവിടെ താമസിക്ക. തലേന്നുരാത്രി ഞാനിവിടെ വന്ന് കൂടി. ഇബ്ര് എല്ലാരും ഭാര്യയും മക്കളുമൊക്കെ രാവിലെ വരും. അപ്പൊ ഞാനിവിടെ നിന്നിട്ട് തഹജ്ജുദ് നിസ്കരിക്കുമ്പോൾ, എനിക്കാകെ വെപ്രാളം. കുടുംബം ഒറ്റക്ക് നടത്തി പരിചയമില്ല, ആദ്യായിട്ടാണ് ഈ ഭാരം വരണത്. ഈ മക്കളും ഒക്കെ കൂടിയിട്ട്. എന്തു ചെയ്യാൻ പറ്റും. നാട്ടുകാരുടെ എതിർപ്പും. ആരുടെയും പ്രതീക്ഷയില്ലല്ലോ. പക്ഷേ, അല്ലാഹുവിന്റെ പ്രതീക്ഷയിലെനിക്ക് കുറവൊന്നും വന്നിട്ടില്ല. അങ്ങനെ അവിടനിന്ന് തഹജ്ജുദ് നിസ്കരിക്കുമ്പോ ഞാൻ അല്ലാഹുവിനോട് പറഞ്ഞ് ഈ വീട്ടിൽ പട്ടിണി വരുത്തല്ലേ റബ്ബേന്ന്. എനിക്കു വേറെ കടം ഉണ്ടാർന്ന് മറ്റുള്ള വകയില്. പക്ഷേ, ഇന്നുവരെ പട്ടിണി കിടന്നിട്ടില്ല. അപ്പൊ, അല്ലാഹു ചെയ്ത പ്രത്യേക ആ കാരുണ്യം കൊണ്ടുമാത്രമാണ് ഞാനിന്നത്തെ നിലയിലുളളതും പട്ടിണികിടക്കാതെ ആയതും. അപ്പൊ ഈ എന്തെങ്കിലും എന്നിൽ കാണുന്ന ഈ ഉയർച്ചയുണ്ടെങ്കിൽ മുഴുവനും ജമാഅത്തിൽകൂടി ഉണ്ടായതാണ്.

അതിന്റെ മുമ്പ് ഞാനൊന്നുമല്ല. ആരുമല്ല. ഒരറിവുമില്ല. സാമ്പത്തികമായിട്ടോ മറ്റുള്ള നിലയ്ക്കോ ഒരു കഴിവുമില്ല. അന്ന് ഈ ഇബ്റാഹീം മുസ്ല്യാര്- എന്റെ ഉപ്പായുടെ പേരിലാണ് ഞങ്ങളിവിടെ അറിയപ്പെടുക. (ഉമ്മാന്റെ പേരെന്താണ്?) ബീമക്കുട്ടി. അവരൊക്കെ ചെറുപ്പത്തിൽ മരിച്ചുപോയി. അന്നുമുതല് എന്നെ അറിയപ്പെട്ടിരുന്ന നിലവാരം മാറിയിട്ട്, ഇന്ന് തങ്ങളെന്നും തങ്ങളുടെ കുടുംബമെന്നുമല്ലാതെ ബാപ്പായുടെ പേര് ഓർമ്മിച്ചിട്ടല്ല എന്നെ ഇപ്പോ പറയുന്നത്. ഇപ്പോ ഞാൻ മുഖേനയാണ് തുടക്കം. അത്രമാറ്റം അല്ലാഹു വരുത്തി.

എനിക്കിങ്ങനെ ജമാഅത്തുള്ളപ്പോൾ ജമാഅത്ത് സത്യമാണെന്നെനിക്കറിയാം. പക്ഷേ, ഞാനൊരിക്കെ, എന്റെ ഉപ്പായ്ക്കെന്തായിരിക്കും അവസ്ഥ. ഉപ്പ അറിഞ്ഞിട്ടില്ല. അറിഞ്ഞിട്ടുണ്ടെങ്കിൽതന്നെ വിശ്വസിച്ചിട്ടില്ലല്ലോ എന്ന ചിന്തയിലായി. അപ്പൊ ഒരു ദിവസം ഞാനൊരു സ്വപ്നം കണ്ട്. ഇടയ്ക്കിടയ്ക്ക് ഉപ്പാനെ ഇങ്ങനെ കാണുന്നുണ്ട്. പക്ഷേ, ബന്ധപ്പെടാൻ പറ്റണില്ല. അങ്ങനെ നോക്കുമ്പോ ഒരു ചെറിയ പള്ളി. അതിന്റെ തൊട്ടടുത്ത് ഒരു കുഴി. എന്നുവെച്ചാ കുളം. അതീന്ന് വുളു എടുത്ത് എല്ലാരും വന്ന് കേറണ്. ഞാനും വുളു എടുത്തുവന്ന്. നിസ്കരിക്കാൻ പോകുമ്പൊ അവിടെ നിറച്ച് ആൾക്കാരുണ്ട്. ഞങ്ങള അഹ്മദികളല്ല ആരും. അപ്പൊ എനിക്കൊരു വിഷമം തോന്നി, ഞാനെങ്ങനെയാ നിസ്കരിക്കാന്ന്. അപ്പൊണ്ട് ഉപ്പ വുളു എടുത്തിട്ട് വരണ്. ഉപ്പാടെ താടീന്നൊക്കെ വെള്ളം ഇങ്ങനെ ഒലിക്കണുണ്ട്. ഉപ്പ വന്നുകയറുമ്പൊഴ്, നിസ്കരിക്കാൻ അവരൊക്കെ സ്വഫ്ഫായിട്ട് നില്ക്കണുണ്ട്. ഞാനൊരുമാതിരി പകച്ചുനില്ക്കുകയാണ്. അപ്പം എന്നോടു പറഞ്ഞു, മോനവിടെ നിസ്കരിച്ചോ ഒറ്റയ്ക്ക്. അങ്ങനെ ഞാൻ അവിടെവെച്ച് കൈകെട്ടി നിസ്കരിച്ച്. ഉപ്പ അറിഞ്ഞിരുന്നെങ്കിൽ അന്ന് വിശ്വസിച്ചേനെ എന്നു തോന്നണ്. ഇപ്പൊ ഞാനവർക്കു വേണ്ടി ദുആ ചെയ്യണണ്ട്. അല്ലാതെ വേറൊന്നുമില്ല. എങ്കിലും ഒന്നുമില്ലാതെ വന്നിട്ട് ഇന്നത്തെ നിലയില് ഇപ്പൊ ഒരു പള്ളിയുണ്ടായിട്ടുണ്ടെങ്കില് അതിന് പുറമക്കാര് തങ്ങളുടെ പള്ളീന്നാ പറയുക. അമീർ സാഹിബിനോട് ഈ പള്ളിയുടെ ഓപ്പണിംഗിന്റെ കാര്യം സംസാരിക്കാൻ ചെന്നിട്ട്, അന്നൊരു കമ്മിറ്റിയുണ്ട്. അവിടെ വെച്ചിട്ട് പറയാണ്. സംസാരിക്കുമ്പം അമീർ സാഹിബ് പറഞ്ഞത് ഇനിയൊരു വിഷയമുള്ളത് നമ്മുടെ തങ്ങളുടെ പള്ളിയുടെ ഉത്ഘാടനോന്നാ. ആ നിലയിലാ ഇപ്പൊ ഉള്ളത്. അപ്പൊ ഏതൊരു കാരണം കൊണ്ട് എന്നെ അന്ന് അവർ ഈ കമ്പനിയിൽനിന്ന് പുറംതള്ളിയോ അതിന്റെ ഒരു ചിഹ്നം അവശേഷിക്കുന്ന നിലയിൽ ഇവിടെ നിലനില്ക്കുകയാണ്. ഇതിനൊരുപാട് എതിർപ്പുകളും സംഭവങ്ങളും ഉണ്ടായിട്ടുണ്ട്, എല്ലാവർക്കും അറിയുന്ന കാര്യമാണ്.

നമ്മുടെ നാട്ടിലെ മൂസാ വന്ന് സംസാരിച്ചിട്ട്, രണ്ടു ദിവസത്തെ മീറ്റിംഗുണ്ടായിരുന്നു. അവസാനം അയാള് പറഞ്ഞിട്ടുപോയത് ഈ പള്ളിയൊക്കെ നമുക്ക് പിടിച്ചെടുക്കാം. അതിനുള്ള സർവ്വരാഷ്ട്രീയ വിവരങ്ങളും എനിക്കുണ്ട്. ഞാൻ വെറും മൊയ്ല്യാരല്ല. എനിക്ക് രാഷ്ട്രീയമറിയാം. പല തന്ത്രങ്ങളുമറിയാം. ഇപ്പൊ പരസ്യമായിട്ട് സ്റ്റേജിൽവെച്ച് പറയാൻ നിവൃത്തിയില്ല. ഞാൻ അജ്മീരിൽ പോകുകയാണ്. രണ്ടാഴ്ച കഴിഞ്ഞാ ഞാൻ തിരിച്ചുവരും. അതിന്റെ ശേഷം അതിന്റെ കാര്യങ്ങളൊക്കെ ഞാൻ പറഞ്ഞുതരാം. ഈ പള്ളി നമുക്ക് തിരിച്ചു മേടിക്കാമെന്ന് പറഞ്ഞാണ് പോയത്. അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് അയാൾ തിരിച്ചുവന്നില്ല. പിന്നീട് അയാള് മരിച്ച ഫോട്ടോ അടക്കം മരിച്ചെന്നുള്ള റിപ്പോർട്ടാ വന്നത്. പിന്നെ അയാള് സംഘടിപ്പിക്കാനും ഒന്നും ഉണ്ടായില്ല.

പിന്നെ ഇബ്ടെ ജമാഅത്തെ ഇസ്ലാമിക്കാര് മൂന്നു ദിവസം മീറ്റിംഗ് വെച്ചു. അപ്പൊ എന്താ അതിന് പ്രതികരണമൊന്നും ചെയ്യുന്നില്ലേ എന്നൊക്കെ ചോദിച്ച്. ഞാൻ ആൾക്കാരോട് പറഞ്ഞ്. അത് പ്രതികരിക്കാൻ, നൂറുസ്ഥലത്ത് നമ്മൾ വെച്ച് സംസാരിച്ചതുതന്നെയാണ് ഇബ്ടെയും സംസാരിക്കണ്. ഇതിങ്ങനെ ആവർത്തിച്ചതുകൊണ്ടു കാര്യമില്ല. എനിക്കാണെങ്കിൽ വേറെ പണിയുണ്ട്. ഇപ്പള്ളി പണിതുതീർക്കലാ ഇപ്പൊ എന്റെ പണി. അതുകൊണ്ട് ഇപ്പൊ നമ്മളതിൽ കാര്യമായിട്ട് ഇടപെടുന്നില്ല. പള്ളിയുടെ പണി കഴിഞ്ഞോട്ടെ എന്നു പറഞ്ഞ്. അങ്ങനെ പിന്നീടൊരിക്കലും ആ പി.പി. അബ്ദുർറഹ്മാൻ ആ പേരിൽ എവിടെയും രംഗത്തു വെളിപ്പെട്ടിട്ടില്ല. ഇല്ല. പിന്ന അയാള് കളയിക്കാവിള

യിൽപോയുംകൊണ്ട് ബശീർ മൗലവി എന്ന പേരിലാണ് അറിയപ്പെട്ടത്. ഇബ്ടെ പ്രസംഗിച്ച് പോയതിനുശേഷം അയാൾ പ്രസംഗിച്ചിട്ടില്ല. ഇതൊന്നും അല്ലാഹുവിന്റെ ഒരു ഖുദ്റത്തല്ലെങ്കിൽ പിന്നെ അല്ലാഹു ചെയ്ത പണിയെന്താ. ഞാനൊറ്റപ്പെട്ടവനാണ്. എന്റെ ദുആ അല്ലാഹ് സ്വീകരിച്ചുവെന്നാണ് ഞാൻ കണക്കാക്കുന്നത്.

(ഇവിടെ വന്നിട്ട് ആദ്യം എന്തുപണിയാണ് ചെയ്തത്?) ആ. അതെ, അതു പറഞ്ഞില്ല. അതായത്, അത് അബുൽവഫാ സാഹിബിന്റെ ആ കുറിപ്പിലെഴുതീട്ടുണ്ട്. അതായത് ഞാന് പിന്നീട് ഇവിടെവന്ന്, ഇവിടെ ഒരു പണിയുമില്ലല്ലോ! അബുൽവഫാ സാഹിബ് എനിക്ക് ഒരു യാത്രയ്ക്കുള്ള കാശ് അയച്ചുതന്നിട്ട്- എന്റെയടുത്തു ഒന്നും ഇല്ല- നിങ്ങള് കേരളത്തിലെ ജമാഅത്തൊക്കെ ഒന്നു സന്ദർശിക്കണം. കോഴിക്കോട്ടുവന്നാ നമുക്ക് പോകാമെന്ന് പറഞ്ഞിട്ട് എന്നെ കൂട്ടി പോകയാണ്. ഞാനുടനെ തന്നെ ഈ കാശും മേടിച്ച് പോയി. അബുൽവഫാ സാഹിബിന്റെ വീട്ടിൽ പോയി- അല്ല പള്ളിയില്, നമ്മുടെ സിൽക്ക് സ്ട്രീറ്റിലുള്ള പള്ളിയിൽ പോയി, അവിടെന്ന് മൗലവി സാഹിബുമായിട്ട് സംസാരിച്ചു. സംസാരിച്ചുവന്നിട്ട് ഇനിയും തുടങ്ങാം. ഒരു ദിവസം അവിടെ താമസിച്ച് അങ്ങനെ ഞാൻ കരുളായിയിൽ പോയി. കരുളായിയിൽ വീരാൻകുട്ടി സാഹിബിന്റെ അവിടെന്ന് കിടക്കയൊക്കെ കൊണ്ടുവന്ന് ഞാനവിടെ കിടന്ന്. മഹ്മൂദ് അന്ന് എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്. അപ്പൊ അയാൾ വന്നിട്ടുണ്ടായിരുന്നു. ടി.കെ. മഹ്മൂദ്. അങ്ങനെ അദ്ദേഹത്തെക്കൊണ്ടൊരു കത്തെഴുതിച്ച് മൂന്നാം ഖലീഫാക്ക്. (തുടരും)

# ആത്മഹത്യ–
# അഫ്ഗാനിലെ ഭൂരിഭാഗം വിധവകളുടേയും ഏകആശ്രയം

ദാരിദ്ര്യവും, കഷ്ടപ്പാടും, തൊഴിലില്ലായ്മയും അഫ്ഗാനിലെ ഭൂരിഭാഗം വിധവകളേയും വേശ്യാവൃത്തിയിലേക്ക് നയിക്കുന്നതായും അതിൽനിന്നുള്ള മോചനമായി ആത്മഹത്യയെ അവർ കാണുന്നതായും ഐക്യരാഷ്ട്രസഭ നടത്തിയ ഒരു പഠനം വ്യക്തമാക്കുന്നു.

വർഷങ്ങളായി നേരിടുന്ന ഇത്തരം ദുർവിധിമൂലമുണ്ടായ നിരാശ കാരണം 50,000 ഓളം വരുന്ന കാബൂളിലെ വിധവകളിൽ 65%വും ആത്മഹത്യയെ ഈ പ്രതിസന്ധിയിൽനിന്നുള്ള മോചനമായി കാണുന്നുവെന്ന് UNIFEM നടത്തിയ ഒരു സർവ്വെ വെളിപ്പെടുത്തുന്നു.

ഭൂരിഭാഗം അഫ്ഗാൻ സ്ത്രീകളും മാനസികവും ലൈംഗികവുമായ പീഡനങ്ങൾക്കിരയാകുന്നതായി ഈ പഠനം തെളിയിക്കുന്നു. ഇതിനെ 'കയ്പ്പേറിയ ഒരു സത്യ'മെന്ന് വിശേഷിപ്പിച്ച UNIFEM ഡയരക്ടർ മെറിയം അസ്ലാൻ അഫ്ഗാൻ സ്ത്രീകളുടെ ശരാശരി ആയുസ്സ് ലോകത്തിലെ മറ്റു സ്ത്രീകളെ അപേക്ഷിച്ച് 20 വർഷം കുറവാണെന്നുകൂടി പറയുന്നു. അവിടെ ഇപ്പോഴും അമ്മയുടേയും കുഞ്ഞിന്റേയും മരണനിരക്ക് വളരെ കൂടുതലാണെന്നും ഒരു ലക്ഷത്തിൽ, 1600 മുതൽ 1900 വരെ അമ്മമാരുടെ മരണം പ്രസവസമയത്തുണ്ടാകുന്നുവെന്നും അവർ രേഖപ്പെടുത്തുന്നു.

ഏറ്റവും പുതിയ പഠനങ്ങൾ തെളിയിക്കുന്നത് 2001-ൽ വേശ്യാവൃത്തി നടത്തിയിരുന്ന 25000ഓളം വനിതകളിൽ 5000 പേർ കാബൂളിൽനിന്ന് മാത്രമാണെന്നുള്ളതാണ്. ദാരിദ്ര്യത്തിൽനിന്നുള്ള രക്ഷയ്ക്കായി സ്ത്രീകളും പെൺകുട്ടികളും സ്വന്തം ശരീരംതന്നെ വില്ക്കുന്ന ഈ സ്ഥിതിവിശേഷം ഈ സംഖ്യ ക്രമാതീതമായി വർദ്ധിക്കുവാൻ ഇടയാക്കുമെന്നും അവർ പറയുന്നു.

അഫ്ഗാനിസ്ഥാനിലെ ഒരു സ്ത്രീ സംഘടനയുടെ അഭിപ്രായപ്രകാരം വിധവകളുടെ പ്രത്യേകിച്ചും കാബൂളിലുള്ളവരുടെ സ്ഥിതി ഭീകരമാണെന്നും അസ്ലൻ വിവരിക്കുന്നു. വളരെ പരിമിതമായ ജീവിത സമ്പാദനത്തിനുള്ള അവസരങ്ങൾക്കും ഉയർന്ന നാണയപ്പെരുപ്പത്തിനും ഇടയിൽ നിന്നുവേണം കാബൂളിലെ വിധവകൾ അവരുടെ കുടുംബത്തെ സംരക്ഷിക്കേണ്ടതെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു.

മേൽപ്പറഞ്ഞ 65% സ്ത്രീകളിൽ 16% വും തങ്ങളുടെ ജീവൻ അവസാനിപ്പിച്ചുകഴിഞ്ഞതായി അവർ പറയുന്നു. അവിടെത്തെ സാമൂഹികപരിതസ്ഥിതിയിലേക്ക് വെളിച്ചം വീശിക്കൊണ്ട് മെരിയം അസ്ലൻ ഇപ്രകാരം പറഞ്ഞു. "കുടുബദരിദ്രവും, സ്ത്രീകളോടുള്ള അവഗണനയും അവർക്ക് നേരെയുള്ള ആക്രമണവും അഫ്ഗാനിസ്ഥാനിലെ മിക്ക ഭാഗങ്ങളിലും സർവ്വസാധാരണമായിരിക്കുന്നു. കുടുംബസംവിധാനത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്ന പുരുഷന്മാരെയാണിതിന് കുറ്റപ്പെടുത്തേണ്ടത്. തങ്ങളുടെ പുരുഷപങ്കാളികളിൽനിന്നു മാത്രമല്ല, സഹസ്ത്രീകളിൽനിന്നുകൂടി ശാരീരികവും മാനസികവുമായ പീഡനങ്ങളുണ്ടാകുന്നു. എന്നാൽ ഇത്തരം സംഭവങ്ങൾ എണ്ണത്തിൽ അത്ര അധികമല്ല."

2004-ൽ ആരംഭിച്ച് ഈ വർഷം മെയിൽ പൂർത്തീകരിച്ച ഈ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയത് UNIFEM ഉം മറ്റു സർക്കാർ, സർക്കാരേതര ഏജൻസികളും ചേർന്നതാണ്. (ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, കോഴിക്കോട്, 21 ആഗസ്റ്റ്, 2006, ഭാഷാന്തരം മൻസൂറാ ജമീൽ, കണ്ണൂർ)

**9-ൽ നിന്ന്**
ത്താൻ പരിപാടി തയ്യാറാക്കി.

പറയുന്നു: ഒരു ഫാമിലിയുടെ മേൽവിലാസമുണ്ടായിരുന്നു. ഞങ്ങൾ അന്വേഷിച്ച് അവരുടെ വീട്ടിലെത്തി. അവർ അഹ്മദിയ്യത്തിൽ ഉറച്ചുനില്ക്കുന്നുവെന്ന് മനസ്സിലായി. ഏഴുപേരടങ്ങുന്ന കുടുംബമാണ്. അവർ വീട്ടിൽ ജമാഅത്തായി നമസ്കരിക്കുന്നു. ഞങ്ങൾ അത് കണ്ടിട്ട് അത്ഭുതപ്പെട്ടുപോയി. ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ന്റെ ഫോട്ടോ അവിടെ കണ്ടു. അദ്ദേഹം മരിച്ചതുപോലും അവർ അറിഞ്ഞിരുന്നില്ല. സ്പാനിഷ് ഖുർആനും അവിടെ ഉണ്ടായിരുന്നു. അവർ മൂന്നുവർഷം മുമ്പേ മിഷൻ തിരഞ്ഞുപോയിരുന്നതായും, എന്നാൽ, അവിടെ മിഷൻ അടച്ചിരുന്നതുകൊണ്ട് അതോടെ തീർന്നുവെന്ന് കരുതി മടങ്ങിവന്നതായും അദ്ദേഹം പറഞ്ഞു. തുടർന്ന് അദ്ദേഹം ഒരു സ്വപ്നം കേൾപ്പിച്ചു. നാളെ (ഇന്ന്) കുറച്ചാളുകൾ എന്റെ വീട്ടിൽ വരുന്നതായി ഞാൻ സ്വപ്നം കണ്ടു. വ്യക്തിപരമായ നിലയിൽ അവർക്കെന്നെ അറിയുകയില്ല, എനിക്ക് അവരേയും അറിയുകയില്ല. രാവിലെ എഴുന്നേറ്റുടനെ ഭാര്യയോട്, ഇന്ന് നിന്റെ ജോലിയൊക്കെ പെട്ടെന്ന് തീർക്കുക, ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. അതിഥികൾ വരാൻ സാധ്യതയുണ്ടെന്ന് പറഞ്ഞു. രാവിലെ പതിനൊന്ന് മണിക്ക് നമ്മുടെ സംഘം അവിടെയെത്തി. ഉടനെ, താൻ കണ്ട സ്വപ്നവും അതിന്റെ പുലർച്ചയും അദ്ദേഹം നമ്മുടെ ആളുകളെ അറിയിച്ചു. അങ്ങനെ അവരുമായിട്ടുള്ള ബന്ധം സാധാരണനിലയിലായി. അവർ നമ്മുടെ പള്ളിയിൽച്ചെന്നപ്പോൾ അത് പൂട്ടിക്കിടക്കുന്നതായിട്ടാണല്ലോ കണ്ടത്. ഇനി അത് തുറക്കുകയില്ലെന്നും, അവിടെയുണ്ടായിരുന്നവരെല്ലാം പൊയിക്കളഞ്ഞെന്നുമുള്ള ചിന്തയിൽ വേറെ പള്ളി നിർമ്മിക്കാനുള്ള ആലോചനയിലായിരുന്നു ആ കുടുംബം. ഇൻശാഅല്ലാഹ് അതിനുള്ള ഏർപ്പാട് നാം ചെയ്യുന്നതാണ്. ഇപ്പോൾ പരിപാടികൾ ആസൂത്രണം ചെയ്ത് അവർ പ്രവർത്തിച്ചുവരികയാണ്.

**പള്ളികളുടെ നിർമ്മാണം:**

ഈ വർഷം 171 പള്ളികൾ പുതിയതായി നാം നിർമ്മിച്ചു. 188 പണിതപള്ളികൾ ഇമാമിനോടൊപ്പം നമുക്ക് കിട്ടി. അങ്ങനെ 359 പള്ളികളുടെ വർദ്ധന ഉണ്ടായി. വിവിധ രാജ്യങ്ങളിൽ പള്ളി നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. യൂറോപ്പിലും അമേരിക്കയിലും കാനഡയിലും ആഫ്രിക്കയിലും ബംഗ്ലാദേശിലും ഇന്തോനേഷ്യയിലും മദ്ധ്യപൗരസ്ത്യ രാഷ്ട്രങ്ങളിലുമൊക്കെ പള്ളിനിർമ്മാണം നടന്നിട്ടുണ്ട്. നൈജിരിയായിലും ഘാനയിലും സമ്പന്നരായ ആളുകൾ സ്വന്തം ചെലവിലും പള്ളികൾ നിർമ്മിച്ചിട്ടുണ്ട്. മാലിയിൽ ജമാഅത്തിന്റെ ആദ്യത്തെ പള്ളി, നിർമ്മാണത്തിലാണ്. ഇതിനു പുറമെ 53 പള്ളികൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ബനിനിൽ ഈ വർഷം 21 പുതിയ പള്ളികൾ നിർമ്മിച്ചിട്ടുണ്ട്. ഇവിടെത്തെ മൊത്തം പള്ളികൾ 251 ആയിക്കഴിഞ്ഞു. കഴിഞ്ഞ 21 വർഷത്തിനുള്ളിൽ പാക്കിസ്ഥാനിൽ നമ്മുടെ ചില പള്ളികൾ ശഹീദാക്കപ്പെട്ടിരുന്നു. ഇപ്പോഴും അത് തുടർന്നുവരുന്നു. അല്പം ചില മാസം മുമ്പേ സിയാൽക്കോട്ടിൽ ഒരു പള്ളി ശഹീദാക്കിയിരിക്കുന്നു. പള്ളികൾ സീലുവയ്ക്കുകയും ചെയ്തിരുന്നു. ഇസ്‌ലാമിനുവേണ്ടി വളരെ പ്രധാനപ്പെട്ട 'സേവന'മാണ് ഇക്കൂട്ടർ ചെയ്തത്! ഈ കുറച്ചുപള്ളികൾക്കു പകരം അല്ലാഹുതആല 14135പള്ളികൾ നിർമ്മിക്കാൻ ജമാഅത്തിന് തൗഫീഖ് നല്കി.

ഇപ്രകാരം ഈ വർഷം 96 മിഷൻഹൗസുകളുടെ വർദ്ധനയുണ്ടായി. യൂറോപ്പ്, അമേരിക്ക, കാനഡ, ആഫ്രിക്ക, ഏഷ്യൻരാഷ്ട്രങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ജർമ്മനി തുടങ്ങിയ സ്ഥലങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും ഒരു സ്കീമനുസരിച്ച് പള്ളിനിർമ്മാണം നടന്നുവരുന്നു. സ്വിറ്റ്സർലാന്റിൽ ദീർഘകാലമായി പ്രവർത്തനം നിശ്ശബ്ദമായിരുന്നു. ഞാൻ പര്യടനത്തിന് അവിടെ പോയിരുന്നു. അവിടെ സ്ഥലം കിട്ടാൻ പ്രയാസമാണെന്നും വൻവിലയായിരിക്കുമെന്നും അവർ കരുതിയിരിക്കുകയായിരുന്നു. എന്തായാലും അവരെയും കൂട്ടി ഞാൻ സ്ഥലം നോക്കാൻ പോയി. വിവിധ സ്ഥലങ്ങൾ കണ്ടു. അവരോടും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. എന്തായാലും, എന്തെങ്കിലും ചെയ്യണമെന്ന വിചാരം അവർക്കുമുണ്ടായി. കാരണം സ്യൂറിക്കിലുള്ള ഇപ്പോഴത്തെ നമ്മുടെ പള്ളി വളരെ ചെറുതാണ്. ഒരു കട്ടിലിട്ടാൽ നിന്നുതിരിയാൻ കഴിയാത്തത്ര ചെറിയ ചെറിയ മുറികളാണ് മിഷൻ ഹൗസിലുള്ളത്. ജമാഅത്താണെങ്കിൽ ഇപ്പോൾ അവിടെ വളർന്നുകൊണ്ടിരിക്കുകയാണ്. അവിടെ സ്യൂറിക്കിന് പുറത്ത് ഏകദേശം 7000 ചതുരശ്രമീറ്റർ ഒരു സ്ഥലം വാങ്ങാനുള്ള തൗഫീഖ് ജമാഅത്തിന് ലഭിച്ചു. ഇതിൽ 15 മുറികളും ഒരു ഹാളും അടങ്ങിയ ഒരു കെട്ടിടവും ഉണ്ടായിരുന്നു. അതിലെ ഒരു ഹാൾ ഖിബ്‌ലയ്ക്ക് അഭിമുഖമായിട്ടാണുള്ളത്. അതിൽ 250 പേർക്ക് നമസ്കരിക്കാൻ കഴിയും. നിലവിലുള്ള നമ്മുടെ പള്ളിയിൽ 30, 35 പേർക്കേ നമസ്കരിക്കാൻ കഴിയുകയുള്ളൂ. ഇതിൽ ഒരുപാട് തടസ്സങ്ങളും ഉണ്ടായിരുന്നു. പക്ഷേ, അല്ലാഹു അനിതരസാധാരണമായ സഹായം ചെയ്തുകൊണ്ട് എല്ലാ തടസ്സങ്ങളും അകറ്റി. എന്നല്ല മുബല്ലിഗ് ഇൻചാർജ് സാഹിബ് എഴുതുന്നു: ഒരു പാതിരി നമുക്കനുകൂലമായി കൗൺസിലിന് കത്തെഴുതി. ആ സ്ഥലത്ത് സംഘടിപ്പിച്ച ഒരു യോഗത്തിൽ നമുക്കനുകൂലമായി സംസാരിക്കുകയും ചെയ്തു. ഈ ജമാഅത്തിനെക്കൊണ്ട് നിങ്ങൾക്ക് ഒരുപദ്രവവും ഉണ്ടാകുകയില്ലെന്ന് താൻ ജാമ്യം നല്കുന്നതായി അദ്ദേഹം പ്രഖ്യാപിച്ചു. കൗൺസിൽ വിളിച്ചുചേർത്ത് അവിടെ പൊതുജനാഭിപ്രായം തേടാറുണ്ട്. അവരിലും പലരും നമുക്കനുകൂലമായി പ്രസംഗിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ നമുക്ക് സ്ഥലം കിട്ടി. 2005 സെപ്തംബർ അവസാനത്തോടെ ജമാഅത്തിന്റെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, ഒരു ഫാമിനെയാണ് ഏല്പിച്ചിരുന്നത്. അതിന്റെ ഉടമസ്ഥൻ അൽബേനിയക്കാരനായ ഒരു മുസ്‌ലിമാണ്. അനഹ്മദി മൗലവിമാർ 'സൽക്കർമ്മം' ചെയ്യാൻ

എല്ലായിടത്തും എത്താറുണ്ടല്ലോ! ഇവിടേയും വന്ന് അഹ്മദികളുടെ പള്ളി നിർമ്മിക്കരുത്, അത് വൻപാപമാണ്, നിങ്ങൾ നരകത്തിലേക്കുപോകുമെന്നൊക്കെ പറഞ്ഞ് അദ്ദേഹത്തിന്റെമേൽ സമ്മർദ്ദം ചെലുത്തി. അയാൾ അതെല്ലാം നിഷേധിച്ചുകൊണ്ട് പറഞ്ഞു: എനിക്കറിയാം. അഹ്മദിമുസ്‌ലിംകളാണ്. ***ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലല്ലാ***യിലാണ് അവർ വിശ്വസിക്കുന്നത്.

യു.കെ. അഹ്മദിയ്യാജമാഅത്തിനും ഈ വർഷം ശഫീൽഡിൽ ഒരു ബിൽഡിംഗ് വാങ്ങാൻ ഭാഗ്യം കിട്ടി. അതിന്റെ വിലയേക്കാൾ മൂന്നിലൊന്ന് കുറവിലാണ് നമുക്ക് ഈ സ്ഥലം ലഭിച്ചത്. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ സഹായമാണ്. ഇത്രയും വിലക്ക് ഈ സ്ഥലം കിട്ടുമെന്ന് ജമാഅത്ത് ഒരിക്കലും വിചാരിച്ചിട്ടില്ല. പക്ഷേ, നമ്മൾ ലേലത്തിലാണ് ഈ സ്ഥലം പിടിച്ചത്. നമ്മുടെമേൽ ആരുംതന്നെ വിലകൂട്ടി പറഞ്ഞില്ല.

ജാമിഅ അഹ്മദിയ്യ സ്ഥാപിക്കുന്നതിനായി ഈ വർഷം ഏഴരലക്ഷം പൗണ്ട് ചെലവഴിച്ച് ഒരു കെട്ടിടം വാങ്ങി. അവിടെയാണ് ഇപ്പോൾ ജാമിഅ അഹ്മദിയ്യാ പ്രവർത്തിക്കുന്നത്. ഈ ജൽസാഗാഹും നമ്മൾ വാങ്ങിയതാണ്. ഇതിന്റെ ആദ്യത്തെ ഉടമസ്ഥൻ മിസ്റ്റർ കീത്, ഈ ജൽസാഗാഹ് ഈ നിലയിൽ കൊണ്ടുവരാൻ നമ്മെ സഹായിച്ചിട്ടുണ്ട്. നമ്മുടെ ഖുദ്ദാമുൽ അഹ്മദിയ്യായെ പോലെ ഈ കുടുംബം മുഴുവൻ ഇവിടെ വഖാറെ അമൽ ചെയ്തു. മറ്റു പ്രദേശത്തുള്ളവരുമായി ചേർന്ന് കൗൺസിലുമായി ബന്ധപ്പെട്ട് നമുക്കനുകൂലമായ ഒരുപാട് വഴികൾ തെളിച്ചുതന്നു. അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിലുള്ള എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഇപ്പോഴും അവർ നമ്മെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. ജൽസാദിനങ്ങളിൽ, നമ്മുടെ അഹ്മദീ പ്രവർത്തകർ ഡ്യൂട്ടി ചെയ്യുന്നതുപോലെ ആ കുടുംബം മുഴുവൻ ഡ്യൂട്ടി ചെയ്തുവരുന്നു.

**വിശുദ്ധഖുർആൻ തർജമ:**

ഇപ്രാവശ്യം തായ്‌ലന്റിലെ തായി ഭാഷയിൽ വിശുദ്ധഖുർആന്റെ രണ്ടാം വാല്യം 11-ാം ഭാഗം മുതൽ 20 -ാം ഭാഗം വരെ- പ്രസിദ്ധീകരിച്ചു. ഇപ്പോൾവരെ ഈ വർഷം പൂർത്തിയായ ഖുർആന്റെ തർജമ, (അറബി ഭാഗം പരിശോധിച്ച് പ്രസിദ്ധീകരണയോഗ്യമായ ഘട്ടത്തിലുള്ളത്- കഴിഞ്ഞവർഷം ഇതു 21 ആയിരുന്നു) ഈ വർഷം കർഗേസ് ഭാഷയിൽ ഒരു തർജമ വർദ്ധിപ്പിച്ചിട്ടുണ്ട്, അങ്ങനെ ഇതിന്റെ എണ്ണം 22 ആയി. അത് അച്ചടിക്കാനുള്ള തയ്യാറെടുപ്പിലാണ്. വൻകരകളിലെ വിവിധ ഭാഷകളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തർജമ പുറത്തിറങ്ങിക്കഴിഞ്ഞു. അച്ചടിയുടെ അവസാനഘട്ടത്തിലുള്ള ഖുർആൻ തർജമ 12 ആണ്.

**മറ്റു ഗ്രന്ഥങ്ങളും നോട്ടീസുകളും**

74 ഓളം ഭാഷകളിൽ മറ്റു ഗ്രന്ഥങ്ങളും നോട്ടീസുകളും പ്രസിദ്ധീകരിച്ചു. ഇവിടെയിരിക്കുന്ന ഗ്രന്ഥങ്ങളും ഈ വർഷം പ്രസിദ്ധീകരിച്ചതാണ്. സ്റ്റാളുകളിൽ അതുണ്ടാകും. നടപ്പുവർഷം ബുർക്കിനാഫാസോയിലെ മോറെ ഭാഷയിൽ 'ഇസ്‌ലാമി ഉസൂൽകി ഫിലോസഫീ' എന്ന ഗ്രന്ഥം തർജമ ചെയ്തു. 'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിന്റെ നേപ്പാളി ഭാഷയിലുള്ള തർജമ പുറത്തിറങ്ങി. ഇതുവരെ അൽവസിയ്യത്ത് 11 ഭാഷകളിൽ തർജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തഫ്സീർ കബീറിന്റെ ആറാം വാല്യം അറബിഭാഷയിൽ പ്രസിദ്ധീകരിച്ചു. ഇതിന്റെ തർജമ ചെയ്തത് അബ്ദുൽ മുഅ്മിൻ താഹിർ സാഹിബാണ്. അദ്ദേഹത്തിന് ധാരാളം സഹായികളുണ്ട്. വിശുദ്ധഖുർആന്റെ ഒരു ഇംഗ്ലീഷ് നിഘണ്ടു, അതായത് പ്രയാസകരമായ വാക്കുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളത്, അത് മലിക്ക് ഗുലാം ഫരീദ് സാഹിബിന്റെ ഫൈവാള്യം കമൻട്രിയിൽ നിന്നെടുത്ത് ക്രമപ്പെടുത്തിയതാണ്, അച്ചടിച്ചു കഴിഞ്ഞു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലെ ഉദ്ധരണികൾ- എസ്സൻസ് ഓഫ് ഇസ്‌ലാം എന്ന പേരിൽ മൂന്നുവാല്യം പ്രസിദ്ധീകരിച്ചിരുന്നു. ഈ വർഷം നാലാം വാല്യം പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളായ മവാഹിബുർറഹ്മാനും, ആസ്മാനീഫയ്സലയുടെ ഇംഗ്ലീഷ് തർജമയും തദ്കിറത്തുശ്ശഹാദത്തൈന്റെ ഫ്രഞ്ചുപരിഭാഷയും ഫത്ഹ് ഇസ്‌ലാമിന്റെ ബോസ്നിയൻ തർജമയും തൗളീഹ് മറാമിന്റെ ജർമൻ തർജമയും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഗവർമ്മെന്റ് അഗ്രേസി ഔർ ജിഹാദ് എന്ന ഗ്രന്ഥം പുനഃപരിശോധന നടത്തിവരികയാണ്. തജല്ലിയാത്തെ ഇലാഹിയ്യ എന്ന ഗ്രന്ഥം ഡിവൈൻ മാനിഫെസ്റ്റേഷൻ എന്ന പേരിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഹമാരീ തഅ്ലീം നേപ്പാളി ഭാഷയിൽ തർജമ ചെയ്തു. ഇതിനുപുറമെ ഒരുപാട് ഗ്രന്ഥങ്ങൾ, അന്നുബുവ്വത്ത് വൽഖിലാഫത്ത്, ഹസ്റത്ത് നൂറുദ്ദീൻ സാഹിബ്(റ) എഴുതിയ ബയ്അത്തിന്റെ മൂന്ന് ഖുത്ബകൾ ഇംഗ്ലീഷിൽ തർജമ ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ രണ്ട് പ്രഭാഷണങ്ങളും പ്രസിദ്ധീകരിച്ചു. വഖ്ഫെനൗ-നെക്കുറിച്ചുള്ള ഖുത്ബയും പ്രസിദ്ധീകരിച്ചു. ഖുത്ബായെ ത്വാഹിർ, ത്വാഹിർ ഫൗണ്ടേഷനാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ജമാഅത്തിന്റെ കൂടിയാലോചനസഭ വ്യവസ്ഥിതിയും പ്രസിദ്ധീകരിച്ചു. അൻവാറുൽ ഉലൂമിന്റെ 16-ാം വാല്യം ഫള്ലെ ഉമർ ഫൗണ്ടേഷനാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഖുദ്ദാമുൽ അഹ്മദിയ്യാ, ഖലീഫമാരുടെ ഉദ്ധരണികൾ ക്രമപ്പെടുത്തി മശ്അലെ രാഹ് എന്ന കൃതിയുടെ അഞ്ചാംവാല്യം പ്രസിദ്ധീകരിച്ചു. 'സീറത്ത് ഹസ്റത്ത് അമ്മാജാൻ' എന്ന ചരിത്രഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**എക്സിബിഷനും പൊതുജനാഭിപ്രായവും**

ലോകത്ത് നാം നടത്തുന്ന എക്സിബിഷൻ മുഖേന, ഈ വർഷം 267 എക്സിബിഷനിൽ 2,71,000 ആളുകൾക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചു. നൈജിരിയായിൽ ജമാഅത്തിന്റെ എക്സിബിഷൻ കണ്ടുകൊണ്ട് ഒരു സാഹിബെഴുതി: യഥാർത്ഥത്തിൽ ഖിബ്‌ലയുടെ അവകാശി അറബികളാണ്. പക്ഷേ, ശരിയായ ഖുർആനും ഇസ്‌ലാമും സമർപ്പിക്കാൻ ഉത്തരവാദപ്പെട്ടവർ അഹ്മദിയ്യാ ജമാഅത്താണ്. അല്ലാഹു നിങ്ങൾക്ക് ധൈര്യം നല്കുകയും സഹായിക്കുകയും

ചെയ്യുമാറാകട്ടെ.

ഫിലോസഫിയിൽ പി.എച്ച്.ഡി എടുത്ത ഒരു ഡോക്ടർ പറഞ്ഞു: ഞാൻ ക്രിസ്ത്യാനിയാണെങ്കിലും നിങ്ങളുടെ ഗ്രന്ഥങ്ങൾ കണ്ടപ്പോൾ ഇസ്‌ലാമിനെക്കുറിച്ചുള്ള ശരിയായ അറിവ് നിങ്ങളുടെ ജമാഅത്ത് മുഖേനയേ ലഭിക്കുകയുള്ളൂവെന്ന് മനസ്സിലാകുന്നു. ഇസ്‌ലാമി ഉസൂൽകി ഫിലോസഫി അറിയുന്നതിനായി ഞാൻ നിങ്ങളുടെ കൂടുതൽ ഗ്രന്ഥങ്ങൾ വായിക്കാനാഗ്രഹിക്കുന്നു.

ഒരു എക്സിബിഷന്റെ അവസരത്തിൽ ഒരു പാതിരി, 1902-ലെ റിവ്യൂ ഓഫ് റിലിജ്യൻസിന്റെ ആദ്യ എഡിഷൻ കണ്ടപ്പോൾ അത്ഭുതപ്പെട്ടു. പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ ജീവിത കാലത്ത് ഈ മാസിക തുടങ്ങുകയും ഇന്നേവരെ അത് സുരക്ഷിതമായിരിക്കുകയും ചെയ്യുന്നത് അത്ഭുതകരംതന്നെ. ഈ അറിവിന്റെ ഭണ്ഡാരത്തെ വരുംതലമുറയ്ക്കായി സുരക്ഷിതമാക്കി വയ്ക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം എഴുതി.

ഈ ഭണ്ഡാരം കാണാൻ കഴിയാത്തവരായി ആരെങ്കിലും ഉണ്ടെങ്കിൽ അത് മൗലവിമാരാണ്!!!

**പ്രസ്സും ബുക്ക്സ്റ്റാളും**

നിരവധി ബുക്സ്റ്റാളുകളും ബുക്ഫയേർസും ഈ വർഷം സംഘടിപ്പിച്ചു. ഇവിടത്തെ റഖീം പ്രസ്സിന്റെ കീഴിൽ ആറ് ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ, ഘാന, നൈജീരിയ, താൻസാനിയ, സിറാലിയൂൺ, ഐവറി കോസ്റ്റ്, ഗാംബിയ തുടങ്ങിയ സ്ഥലങ്ങളിൽ നമ്മുടെ പ്രസ്സ് പ്രവർത്തിച്ചുവരുന്നു. ഈ വർഷം രണ്ട് പുതിയ പ്രസ്സ് തുടങ്ങുന്നിതിനായി ഇവിടെനിന്ന് മിഷ്യൻ അയച്ചുകഴിഞ്ഞു. അതിലൊന്ന് ഫ്രഞ്ചുഭാഷ സംസാരിക്കുന്ന ബുർക്കിനാഫാസോയിലും, മറ്റൊന്ന് കെനിയായിലുമാണ്. ഇൻശാഅല്ലാഹ് ഇതും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇങ്ങനെ മസീഹ് മഹ്ദിയുടെ വളരെ പ്രധാനപ്പെട്ട ഒരു പ്രവൃത്തിയായ പുസ്തകപ്രസിദ്ധീകരണത്തിന് എട്ട് പ്രസ്സുണ്ടാകും. ഇൻശാഅല്ലാഹ്. ഇനിയും പ്രസ്സ് തുടങ്ങുന്നതാണ്. ഘാനയിൽ പുതിയ പ്രസ്സിനായി പുതിയ കെട്ടിട നിർമ്മാണം നടക്കുന്നു; ഗാംബിയായിലും.

**അറബിക് ഡസ്ക്**

അറബിക് ഡസ്കിന്റെ ഇൻചാർജ് മുഅ്മിൻ ത്വാഹിർ സാഹിബാണ്. ഈ വർഷം ഇവർക്ക് കൂടുതലായി 6 ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ഭാഗ്യം കിട്ടി. അതിന്റെ പേര് ഞാൻ നടേ പറഞ്ഞുകഴിഞ്ഞതാണ്. ഇതിനു പുറമെയും ഒരുപാട് ഗ്രന്ഥങ്ങളുണ്ട്. മുസ്തഫാ സാബിഖ് സാഹിബ്, ഹുസയ്ൻ സാഹിബ്, മുനീർ സാഹിബ് തുടങ്ങിയവർ തർജമ ചെയ്തുവരുന്നു.

# ഖുലഫാഉർറാശിദീംകളുടെ പ്രസംഗശൈലികൾ

## ഹസ്റത്ത് അബൂബക്കർ(റ)

നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഹസ്റത്ത് ഉമർ(റ) തന്റെ കൈയുയർത്തി ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കൈയിൽവെച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ഖിലാഫത്തിന്റെ അവകാശി ഞങ്ങളല്ല. ഞങ്ങൾ അങ്ങയുടെ കൈയിൽ ബയ്അത്ത് ചെയ്യുന്നു. അങ്ങ് ഞങ്ങളുടെ നേതാവും ഞങ്ങളിൽ ഏറ്റവും ഉത്തമനുമാകുന്നു. നബി(സ)തിരുമേനി അങ്ങയെ വളരെ സ്നേഹിക്കുകയും ചെയ്തിട്ടുണ്ട്".

രണ്ടാംദിവസം മസ്ജിദിൽവെച്ച് പൊതുവെയുള്ള ബയ്അത്ത് (ഖലീഫയാകുന്ന ആളിന്റെ കരം സ്വീകരിച്ച് കൂറുപ്രഖ്യാപിക്കൽ) നടന്നു. ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ഉദ്ബോധനപീഠത്തിലിരുന്നുകൊണ്ട് ഒരു പ്രസംഗം ചെയ്തു.

"ജനങ്ങളേ, നിശ്ചമായും നിങ്ങളിൽ എന്നെ അധികാരിയാക്കിയിരിക്കുന്നു. എന്നാൽ, ഞാൻ നിങ്ങളിൽ ഉത്തമനല്ല. ഞാൻ നല്ല കാര്യം ചെയ്യുന്നതായാൽ എന്നെ നിങ്ങൾ സഹായിക്കുവിൻ. ദുഷ്പ്രവർത്തി ചെയ്യുന്നതായാൽ നിങ്ങളെന്നെ സൽപഥത്തിലേക്ക് നയിക്കുവിൻ. സത്യം എന്നുള്ളത് വിശ്വസിച്ചേൽപ്പിക്കപ്പെട്ടതാകുന്നു. കളവ് പറയുന്നത് ചതിവുമാകുന്നു. നിങ്ങളിലുള്ള ഒരു ബലഹീനൻ എന്റെയടുക്കൽ ബലവാനാകുന്നു. അവനവകാശപ്പെട്ടതിനെ അല്ലാഹു വിചാരിക്കുകയാണെങ്കിൽ ഞാൻ വാങ്ങിക്കൊടുക്കും. നിങ്ങളിലുള്ള ബലവാൻ എന്റെയടുക്കൽ ബലഹീനനാകുന്നു. അവനിൽനിന്നും അന്യർക്കവകാശപ്പെട്ടതിനെ ഞാൻ വാങ്ങിക്കൊടുക്കും. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സമരം ഏതൊരു സമുദായം ഉപേക്ഷിക്കുന്നുവോ അവരെ അല്ലാഹു നിസ്സാരരാക്കിക്കളയുന്നു. ദുഷ്പ്രവൃത്തി ഏതൊരു ജനസമുദായത്തിൽ പ്രചരിക്കുന്നുവോ ആ ജനതയിൽ അല്ലാഹു ആപത്തിനെ വ്യാപരിപ്പിക്കുന്നു. അല്ലാഹുവിനേയും അവന്റെ റസൂലിനേയും ഞാൻ അനുസരിക്കുമ്പോൾ എന്നെ നിങ്ങൾ അനുസരിക്കുവിൻ. അല്ലാഹുവിനും അവന്റെ റസൂലിനും ഞാൻ അനുസരണക്കേട് കാണിക്കുമ്പോൾ എന്നെ നിങ്ങൾ അനുസരിക്കരുത്. നമസ്കാരത്തിന് നിങ്ങളെഴുന്നേല്ക്കുവിൻ. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ." (*ത്വബക്കാത്ത്, ഇബ്നു സഅ്ദ്, ഭാഗം 3, പേ.129*)

## ഉമറുൽ ഫാറൂഖ്(റ)

"എനിക്ക് നിങ്ങളുടെ സ്വത്തിൽ, അനാഥരുടെ സ്വത്തിൽ അവരുടെ രക്ഷകർത്താക്കൾക്കുള്ള അവകാശമേയുള്ളൂ. എനിക്കെന്റെ ആവശ്യത്തിന് മതിയായ ധനമുണ്ടായിരുന്നാൽ ഞാൻ ഒന്നുംതന്നെയെടുക്കുകയില്ല. എനിക്ക് ആവശ്യത്തിന് മതിയാകാതെ വരുമ്പോൾ ആഹാരത്തിനായി ന്യായമായ നിലയിൽ ഞാനെടുക്കും. ജനങ്ങളേ, എന്നിൽ നിങ്ങൾക്ക് അനേകം അവകാശങ്ങളുണ്ട്. ആ അവകാശങ്ങൾ എന്നിൽനിന്നും നിങ്ങൾ വാങ്ങേണ്ടതാകുന്നു. നാട്ടിലെ

**ശേഷം 27-ൽ**

# പാതിരിയുടെ വെല്ലുവിളിയും എം.ടി.എയുടെ മറുപടിയും പൊതുജനാഭിപ്രായം

ഒരു പാതിരി ഒരു അറബിചാനലിൽ ഇസ്‌ലാമിനേയും നബി(സ)യേയും ആക്ഷേപിച്ചുകൊണ്ട് ഒരു പ്രോഗ്രാം സംപ്രേഷണം ചെയ്തിരുന്നു. ആർക്കെങ്കിലും അതിന് മറുപടിയുണ്ടെങ്കിൽ മുന്നോട്ടു വരാൻ അയാൾ വെല്ലുവിളിച്ചു!! മുസ്തഫാ സാബിഖ് സാഹിബിന് അയാളുടെ ആക്ഷേപങ്ങൾക്ക് വായടപ്പൻ മറുപടി പറയാൻ അല്ലാഹു തൗഫീഖ് നൽകി. അദ്ദേഹത്തിന്റെ മറുപടി റിക്കാർഡ് ചെയ്തു. അത് എം.ടി.എയിൽ ഒന്നിലധികം തവണ സംപ്രേഷണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഗ്രന്ഥമായിട്ട് ഈ മറുപടി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതിനുമുമ്പേ, മിസ്റിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിക്കാരോട് ആക്ഷേപത്തിന് മറുപടി എഴുതാൻ അറബികൾ പറഞ്ഞിരുന്നു. പക്ഷേ, അവർ അതിനുവേണ്ടി ഒന്നും ചെയ്തില്ല. മുസ്തഫാ സാബിഖ് സാഹിബ് ഈ മറുപടിയെഴുതിയപ്പോൾ, അൽഅസ്ഹർ യൂണിവേഴ്സിറ്റിക്കാർ അത് വാങ്ങി തങ്ങളുടെ പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുവരുന്നു. ഇന്റർനെറ്റിലും ഈ മറുപടി വന്നുകഴിഞ്ഞു.

ക്രിസ്തുമതത്തിന്റെ ആക്രണത്തിനെതിരിലുള്ള മറുപടി എന്ന നിലയിൽ ക്രിസ്തുമതവിശ്വാസങ്ങളേയും ആചാരങ്ങളേയും കുറിച്ച് അറബിഭാഷയിൽ ഓരോ മാസവും എം.ടി.എയിൽ മൂന്നുദിവസം ഒരു തൽസമയസംപ്രേഷണ പരിപാടി നടന്നുവരുന്നു. ദൈവാനുഗ്രഹത്താൽ ഇത് ജനങ്ങളിൽ നല്ല സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. ആശംസകൾ നേർന്നുകൊണ്ട് ആയിരക്കണക്കിന് ഈമെയിലുകളാണ് ജനങ്ങളിൽനിന്ന് ലഭിക്കുന്നത്. ഈ പ്രോഗ്രാം 'അൽഹിവാറുൽമുബാശ്ശിർ' എന്ന പേരിലാണ് സംപ്രേഷണം ചെയ്യുന്നത്. നാസിറലി സ്വാലിഹ് സാഹിബ് എന്ന ഒരു അനഹ്മദീ സുഹൃത്ത് എനിക്ക് കത്തെഴുതി: അല്ലാഹു താങ്കൾക്ക് ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. അങ്ങ് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും സേവനം ചെയ്യുകയും എതിരാളികളെ പ്രതിരോധിക്കുകയും ചെയ്തിരിക്കുന്നു. വഴിപിഴച്ചവരും കോപിക്കപ്പെട്ടവരുമായ ക്രിസ്ത്യാനികൾക്ക് നമ്മുടെ പ്രിയപ്പെട്ട ദീനിനെക്കുറിച്ച് ശരിയായ വിശദീകരണം നല്കിയിരിക്കുന്നു. ഇത്തരം പരിപാടികൾ കൂടുതലായി സംപ്രേഷണം ചെയ്യുക. എം.ടി.എയിൽ കുറച്ച് കൂടുതൽ സമയം ഇതിനായി പ്രത്യേകപ്പെടുത്തുക. ഈ ജോലി എത്രയുംവേഗം ചെയ്യുക; ഇസ്‌ലാമിന്റേയും റസൂൽ(സ)യുടേയും സത്യത ലോകത്ത് സ്ഥാപിതമാകാൻ വേണ്ടി.

സഊദിഅറേബ്യയിൽനിന്ന് ഒരു അനഹ്മദീ സ്ത്രീ ഈ പ്രോഗ്രാം നടന്നുകൊണ്ടിരിക്കുമ്പോൾ ഫോൺ ചെയ്തു പറഞ്ഞു: ഞാൻ നിത്യവും തഹജ്ജുദ് നമസ്കാരത്തിൽ അല്ലാഹുവിനോട് കരഞ്ഞ് വിലപിച്ച് ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. 'അല്ലാഹുവേ, ഞങ്ങൾ ബലഹീനരാണെന്നതു ശരിതന്നെ, ഞങ്ങൾ കർമ്മം ചെയ്യാത്തവരുമാണ്. പക്ഷേ, ഇവിടെ പ്രശ്നം നിന്റെ നബി(സ)യുടെ അഭിമാനത്തിന്റേതാണ്. മുസ്‌ലിംലോകത്ത് ഈ പാതിരിയുടെ വായടപ്പിക്കാൻ ഒറ്റ മുസ്‌ലിംപണ്ഡിതനും ഇല്ലേ? ഇന്ന്, 'അൽഹിവാറുൽമുബാശ്ശിർ' എന്ന പരിപാടിയിലെ മറുപടികേട്ട് വല്ലാത്തൊരവസ്ഥയാണ് എനിക്കനുഭവപ്പെട്ടിട്ടുള്ളത്. തീർച്ചയായും അല്ലാഹു തഹജ്ജുദിൽ ഞാൻ ചെയ്ത ദുആ സ്വീകരിച്ചു. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടാകുമാറാകട്ടെ.

ദുബായിലെ ഒരാൾ ഈ പരിപാടി കണ്ടുകൊണ്ടിരിക്കെ പറഞ്ഞു. ക്രിസ്ത്യാനികൾ ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തിയിട്ട് അവർ മനസ്സിലാക്കിയത് അതിനു മറുപടി പറയാൻ ഒരു ഇസ്‌ലാമികചാനലും സന്നദ്ധരാവുകയില്ലെന്നാണ്. പക്ഷേ, അവരുടെ പ്രതീക്ഷയ്ക്കുവിരുദ്ധമായി മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ രംഗത്തെത്തി!! ഇതുപോലെ ഒരുപാട് അനഹ്മദീ മുസ്‌ലിംകൾ നമുക്ക് കത്തുകളയച്ചിട്ടുണ്ട്. ഈ പരിപാടി കണ്ടിട്ട് സന്തോഷംകൊണ്ട് കണ്ണുനിറഞ്ഞുവെന്നും നിങ്ങൾ ഞങ്ങളെ സഹായിക്കാൻ ഓടിയെത്തിയെന്നും, അല്ലാഹു നിങ്ങളെ സഹായിക്കട്ടെയെന്നും ഞങ്ങൾ നിങ്ങളോടൊപ്പം ഉണ്ടെന്നും മറ്റും ആ കത്തുകളിൽ എഴുതിയിരിക്കുന്നു.

വിശുദ്ധഖുർആന്റെ നിങ്ങളുടെ വിവരണശൈലി വളരെ ഇഷ്ടമാണെന്ന് ചിലർ എഴുതിയിരിക്കുന്നു. ഇക്കാരണത്താൽ അറബ്‌ലോകത്ത് വലിയ തോതിൽ അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്താൻ കഴിഞ്ഞു. ആ ക്രിസ്ത്യാനിയുടെ ഇസ്‌ലാമിനെ ദുഷിപ്പിക്കാനുള്ള ശ്രമംകൊണ്ട്, അല്ലാഹു നമ്മുടെ തബ്‌ലിഗിനുള്ള വഴി തുറന്നു.

ബൈബിൾ പണ്ഡിതനായ അബ്ദുസ്സലാം മുഹമ്മദ് പറയുന്നു: വിജയകരമായ ഈ പരിപാടിയിൽ ഞാൻ അങ്ങയ്ക്ക് ആശംസകൾ നേരുന്നു. പ്രോഗ്രാം വളരെ വിജയവും സംസാരം അത്യുന്നതനിലയിലുള്ളതും വിവരണശൈലി സംസ്കാരസമ്പൂർണ്ണവുമാണ്. അല്ലാഹു നിങ്ങൾക്ക് സന്തോഷം കാണിക്കുമാറാകട്ടെ. കാരണം നിങ്ങൾ, ഇസ്‌ലാമിനെതിരിലുള്ള സംശയങ്ങൾക്ക് മറുപടി നല്കിക്കൊണ്ട്, നമ്മുടെ ഹൃദയത്തെ സന്തോഷിപ്പിച്ചു. ഞങ്ങളുടെ ആൺകുട്ടികളും പെൺകുട്ടികളും സന്തോഷവും അഭിമാനവുംകൊണ്ട് വീണ്ടും ഒരിക്കൽകൂടി സന്തോഷിക്കാൻ തുടങ്ങിയിരിക്കുന്നു.

അദ്ദേഹം എഴുതുന്നു: കഷ്ടം! അങ്ങേയറ്റം ഭൗതിക വിജ്ഞാനത്തിന്റേയും ചിന്തയുടേയും ദോഷത്തിന്നിരയായിരിക്കുകയാണ് മറ്റുള്ള അറബിചാനലുകൾ.

നിന്ദ്യതയും ഭയവും അവരെ വലയം ചെയ്തിരിക്കുന്നു. ഇവരുടെ ഇസ്‌ലാം താടി, വേഷം തുടങ്ങിയ ബാഹ്യചേഷ്ടകളിലും ജിന്ന്, ഭൂതം തുടങ്ങിയ വിശ്വാസങ്ങളിലുമാണ്. അതിനുള്ള മറുപടികളാണ് ഇവർ ടി.വിയിലൂടെ നല്കുന്നത്. പരസ്പരം എതിർ ഫത്‌വകൾ നല്കുകയും ചെയ്യുന്നു. സമുദായത്തെ വീണ്ടും കക്ഷികളാക്കി പിരിക്കുകയും ചെയ്തിരിക്കുന്നു.

അൽജസായിറിൽനിന്ന് ഒരു സുഹൃത്തെഴുതി: ഈ പ്രോഗ്രാം റിക്കാർഡ് ചെയ്ത് ഞാൻ ജനങ്ങളിൽ പ്രചരിപ്പിക്കുന്നു; അവർക്കും ഇസ്‌ലാമിനെതിരിലുള്ള ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ വേണ്ടി.

പ്രായംചെന്ന ഒരു സുഹൃത്ത് പ്രോഗ്രാം കണ്ടുകൊണ്ടിരിക്കെ ടെലിഫോണിലൂടെ പറഞ്ഞു: ഞാൻ നിങ്ങൾക്കെതിരിൽ ഒരുപാട് വായിച്ചിട്ടുണ്ട്. എന്നാൽ, ഇന്ന് ഞാൻ എല്ലാവരുടേയും മുമ്പിൽ പറയുകയാണ്, ലോകം എന്തു വേണമെങ്കിലും പറഞ്ഞുനടന്നുകൊള്ളട്ടെ, യഥാർത്ഥ ഇസ്‌ലാം ഈ ഇസ്‌ലാം തന്നെയാണ്. യഥാർത്ഥ മുസ്‌ലിംകളുടെ ജമാഅത്തും ഈ ജമാഅത്തുതന്നെയാണ്.

ഐർലന്റിൽനിന്ന് ഒരു ഇറാഖി സുഹൃത്ത് പറയുന്നു: എന്റെ ഭാര്യ ഐർലാന്റുകാരിയാണ്. അവളുടെ ഉമ്മ ക്രിസ്തീയപുരോഹിതയാണ്. ഒരിക്കൽ ഈ പ്രോഗ്രാം തർജമ ചെയ്ത് ഒപ്പത്തിനൊപ്പം ഞാൻ കേൾപ്പിക്കുകയായിരുന്നു. അപ്പോൾ അവർ പറഞ്ഞു: ഞാനെന്തായാലും മുസ്‌ലിം ആകുകയില്ല. പക്ഷേ, ഇന്നുമുതൽ അല്ലാഹു ഏകനാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ പരിപാടിയിൽ, മിസ്റിലെ സുപ്രസിദ്ധ ക്രിസ്ത്യൻ പണ്ഡിതനായ അബ്ദുൽ മസീഹുമായി കുറേനാൾവരെ വാദപ്രതിവാദരൂപത്തിൽ മണിക്കൂറോളം ചർച്ച നടന്നു. ഈ പാതിരി ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്. മിസറിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിലും വിഖ്യാതനാണ്. അല്ലാഹു അദ്ദേഹത്തിന്റെ മേലും ന്യായപൂർത്തിവരുത്താനുള്ള തൗഫീഖ് നല്കി. പല ക്രിസ്ത്യാനികളും അതിലാവേശംകൊണ്ട് ഫോൺ ചെയ്യുകയുണ്ടായി.

ഈ പാതിരിക്ക് എന്താണ് മറുപടി പറയേണ്ട തെന്ന് അറിയില്ലെന്ന് ചിലർ പറഞ്ഞു. അവസാനം അയാൾക്ക് മറുപടിയില്ലാതായി. ഇനി നിങ്ങളുമായി സംസാരിക്കുകയില്ലെന്ന് പറഞ്ഞ് പിൻവാങ്ങുകയും ചെയ്തു. എന്നിട്ടും ഈ പരിപാടിയിൽ ക്രിസ്ത്യാനികൾ പങ്കെടുത്തുവരുന്നു. അറബി വെബ്സൈറ്റും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇപ്പോൾ തയ്യാറായിക്കഴിഞ്ഞു. അതും പ്രവർത്തിച്ചുവരുന്നു.

**ഫ്രഞ്ച് ബംഗ്ലാ ചീനി ഡസ്ക്**

ഫ്രഞ്ചുഡസ്കിൽ, അബ്ദുൽഗനി ജഹാംഗീർ സാഹിബാണ് പ്രവർത്തിക്കുന്നത്. തർജമയുടെ ജോലിയും നടന്നുവരുന്നു. വിവിധ ഗ്രന്ഥങ്ങളുടെയും വിശുദ്ധഖുർആന്റെയും ഫ്രഞ്ച് ഭാഷയിൽ തർജമയുടെ ജോലിയും അദ്ദേഹം ചെയ്യുന്നു.

ബംഗ്ലാ ഡസ്കിൽ ഫിറോസ് ആലംസാഹിബ് പ്രവർത്തിച്ചുവരുന്നു. ഇദ്ദേഹവും വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ 60 ചോദ്യോത്തര പരിപാടിയുടെ തർജമ ബംഗ്ലാഭാഷയിൽ ചെയ്തു. ഇതിനു പുറമേ മറ്റു പരിപാടികളും റിക്കാർഡ് ചെയ്യുന്നു. ഖുത്ബയുടെ തർജമയും പുനഃപരിശോധന ചെയ്ത് വീണ്ടും സംപ്രേഷണം ചെയ്യുന്നു. ബംഗ്ലാദേശിൽ ഇപ്പോഴുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇവിടെത്തെ നേതാക്കളുമായി സംസാരിക്കുകയും ചെയ്തിരുന്നു.

ചീനി ഡസ്കിന്റെ ഇൻചാർജ് ഉസ്മാൻ ചീനി സാഹിബാണ്. ഇദ്ദേഹം വിശുദ്ധഖുർആന്റെ തർജമ ചീനിഭാഷയിൽ പ്രസിദ്ധീകരിച്ചു. ഇതിനുപുറമേയും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ എണ്ണം 14 ആയിരിക്കുന്നു. ചീനീ ഭാഷയിൽ ഒരു കാറ്റ്‌ലോഗും തയ്യാറാക്കിയിട്ടുണ്ട്.

**സ്കൂളുകൾ ആശുപത്രികൾ**

മജ്‌ലിസ് നുസ്റത്ത് ജഹാൻ സ്കീമനുസരിച്ച് ഇപ്പോൾ 12 ആഫ്രിക്കൻരാജ്യങ്ങളിൽ 34 ആശുപത്രികളും ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള 33 ഡാക്ടർമാർ ഇവിടെ സേവനനിരതരാണ്. ഇതിനുപുറമെ 11 രാഷ്ട്രങ്ങളിൽ 494 ഹയർ സെക്കന്ററി സ്കൂളുകൾ, ജൂനിയർ സെക്കന്ററി സ്കൂൾ, നേഴ്സറി സ്കൂളുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കിനിയായിലെ ശാനിസ എന്ന സ്ഥലത്ത് പുതിയ ആശുപത്രി നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ഫ്രഞ്ചുരാജ്യങ്ങളിൽ ഡിസ്പൻസറികൾ നടത്താൻ അനുവാദം നല്കിയിരുന്നു. അതിന്റെ പ്രവർത്തനവും തുടങ്ങിക്കഴിഞ്ഞു. ബെനിൻ തുടങ്ങിയ രാജ്യങ്ങളിലും ഈസ്റ്റ് ആഫ്രിക്കയിലും കുറച്ച് പ്രൈമറിസ്കൂളിന്റെ പരിപാടികൾ തയ്യാറായിക്കഴിഞ്ഞു. ഇൻശാഅല്ലാഹ് ഉടനെ തുടങ്ങുന്നതാണ്. സാംബിയായിൽ ആദ്യമേ തന്നെ സെക്കന്ററി സ്കൂളുകൾ നിലവിൽ വന്നിട്ടുണ്ട്.

**രോഗികളും അത്ഭുതങ്ങളും**

അല്ലാഹുതആല എങ്ങനെയാണ് നമ്മുടെ ഡാക്ടർമാരുടെ കൈയിൽ രോഗശമനം വെച്ചിരിക്കുന്നതെന്ന് നോക്കുക. ഡാക്ടർ മുഹമ്മദ് അക്റം എഴുതുന്നു. ഹിരണ്യ ബാധിച്ച ഒരു രോഗിയെ നമ്മുടെ ആശുപത്രിയിൽ കൊണ്ടുവന്നു. ഓപ്പറേഷൻമാത്രമേ അതിനു ചികിത്സയുള്ളൂ. ഇവിടെയാണെങ്കിൽ ഓപ്പറേഷൻ തിയറ്ററില്ല. സാധാരണ ട്യൂബിന്റെ വെളിച്ചത്തിൽ ഓപ്പറേഷൻ ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് വിജയിച്ചു. ഇക്കാരണത്താൽ ക്ലിനിക്ക് പ്രസിദ്ധിയാർജ്ജിച്ചു. ഈ രോഗി ബോറ കമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ടയാളായിരുന്നു. ഇപ്പോൾ ബോറകമ്മ്യൂണിറ്റിയിലെ ഒരുപാടാളുകൾ ചികിത്സയ്ക്കായി ഇവിടെയാണ് എത്തുന്നത്.

അദ്ദേഹം എഴുതുന്നു. 6 മാസം പ്രായമുള്ള ഒരു പെൺകുട്ടിയെ നമ്മുടെ ക്ലിനിക്കിൽ കൊണ്ടുവന്നു. മാനസികമായ അസ്വസ്ഥതയായിരുന്നു. എപ്പോഴും കരഞ്ഞുകൊണ്ടിരിക്കും. കുട്ടികളുടെ മാതാപിതാക്കൾ പല ചൈൽഡ് സ്പെഷ്യലിസ്റ്റുകളേയും കാണിച്ചു. അവർ ഉറങ്ങുന്നതിനുള്ള മരുന്നുകൊടുത്തുകൊണ്ടിരുന്നു. ഉണരുമ്പോൾ വീണ്ടും ബഹളം വയ്ക്കുമായി

രുന്നു. കുട്ടിയുടെ മാതാപിതാക്കൾ നമ്മുടെ ക്ലിനിക്കിൽ അവളെ കൊണ്ടുവന്നു. ഞാനവൾക്ക് ഹോമിയോപ്പതി മരുന്നുകൊടുത്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 15 ദിവസംകൊണ്ട് ആ കുട്ടി തികച്ചും സുഖം പ്രാപിച്ചു. ഈ സംഭവം ആ പ്രദേശത്തെ ജനങ്ങൾക്കിടയിൽ സംസാരവിഷയമായിട്ടുണ്ട്.

ഒരു രോഗിയുടെ കാലിൽ 8 വർഷമായി ഒരു മുറിവുണ്ടായിരുന്നു. അതുണങ്ങുന്നുണ്ടായിരുന്നില്ല. ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നും ചികിത്സ നടത്തിയിരുന്നു. പക്ഷേ, സുഖപ്പെട്ടിരുന്നില്ല. ഞാൻ ഹോമിയോപ്പതിയോടൊപ്പം അലോപ്പതി മരുന്നും കൊടുത്തുകൊണ്ടിരുന്നു. അതിനോടൊപ്പം അല്ലാഹുവിനോട് ദുആയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുതആല കുറച്ച് ദിവസത്തിനുള്ളിൽ ആ മുറിവ് ഉണക്കി. പൂർണ്ണമായും അവർ സുഖംപ്രാപിക്കുകയും ചെയ്തു.

റബ്‌വയിലെ ഫള്‌ലെ ഉമർ ആശുപത്രിയിൽ ത്വാഹിർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടം അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർത്തിയായി. ആധുനികമായ എല്ലാ സജ്ജീകരണങ്ങളും ചികിത്സാരീതികളും അവിടെ ചെയ്യുന്നതാണ്. ഈ കെട്ടിടം നിർമ്മിക്കുന്നതിൽ അമേരിക്കയിലെ അഹ്മദി ജമാഅത്തുകൾ ഒരുപാട് സഹായം ചെയ്തിട്ടുണ്ട്. അല്ലാഹു ഇതിൽ പങ്കെടുത്ത എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ.

പറയുന്നു: ഇതിനുവേണ്ടി ഞങ്ങൾ ജമാഅത്തിൽ സഹായാഭ്യർത്ഥന നടത്തി. അതിൽ 97% ആളുകളും പങ്കെടുത്തു. ചിലയിടത്ത് 95% ആളുകളും പങ്കെടുത്തു. ബാക്കിവരുന്ന തുക തങ്ങൾ തന്നുകൊള്ളാമെന്ന് ചിലർ പറഞ്ഞു. ഒരാൾ തനിക്ക് എത്രയാണോ വീതം വന്നത്, ഉടനെ വീട്ടിൽപോയി ഭാര്യയേയും മക്കളേയും എല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള തുകയ്ക്ക് ചെക്കെഴുതിക്കൊടുത്തു. ഒരാളെ കാണാൻ പോയപ്പോൾ അദ്ദേഹം ആയിരം ഡോളറിന്റെ ചെക്കെഴുതി. ഒരു പൂജ്യംകൂടി വർദ്ധിപ്പിക്കാൻ ചെന്നവർ പറഞ്ഞു. ഉടനെ അദ്ദേഹം 9000 ഡോളറിന്റെ ചെക്കെഴുതിക്കൊടുത്തു. ഈ സാമ്പത്തികത്യാഗത്തിൽ പങ്കെടുത്തവർക്കെല്ലാം അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ.

**പ്രസ്സും പബ്ലിക്കേഷനും**

ഈ വകുപ്പിന്റെ ഇൻചാർജ് ഇപ്പോൾ സയ്യിദ് മുഹമ്മദ് ആരിഫ് നാസിർ സാഹിബാണ്. 20,21 വർഷം വരെ പരേതനായ റശീദ് സാഹിബ് നല്ലവണ്ണം ഇതിൽ പ്രവർത്തിക്കുകയുണ്ടായി. കുട്ടികൾക്കുള്ള ഗ്രന്ഥം രചിക്കുന്നതിലും അദ്ദേഹം അധ്വാനിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ജനങ്ങളുമായിട്ടുള്ള ബന്ധവും വളരെ വിശാലമായിരുന്നു. അദ്ദേഹം വഫാത്തായപ്പോൾ ഇവിടെയും, ഇന്ത്യയിലുമുള്ള പത്രങ്ങൾ അദ്ദേഹത്തെക്കുറിച്ച് എഴുതിയിരുന്നു. ഈ കാലയളവിലുള്ള അദ്ദേഹത്തിന്റെ സേവനം സ്മരണാർഹമാണ്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇപ്പോൾ ആ ജോലി ചെയ്യുന്നത് നാസിർ സാഹിബും അദ്ദേഹത്തിന്റെ ടീമുമാണ്.

***എം.ടി.എ. ഇന്റർനാഷണൽ***

ഇപ്പോൾ പുതിയൊരു സാറ്റ്ലൈറ്റ് കമ്പനിയുമായി ഉടമ്പടി ചെയ്തിരിക്കുന്നു. ഇതുമുഖേന ചെറിയ ഡിഷ്‌ലൂടെ ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ പരിപാടികൾ ദർശിക്കാൻ കഴിയും. ആദ്യം രണ്ട് സാറ്റ്ലൈറ്റ് കമ്പനിയുമായിട്ടായിരുന്നു ഉടമ്പടി ചെയ്തിരുന്നത്. ഇപ്പോൾ ഒരൊറ്റ സാറ്റ്ലൈറ്റുമായിട്ടാണ്. നല്ല കവറേജ് നടന്നുകൊണ്ടിരിക്കുന്നു. ഉടമ്പടി നിബന്ധനകളിലും കുഴപ്പമില്ല.

എം.ടി.എയുടെ ഡിജിറ്റൽ ട്രാൻസ്‌വിഷന്റെ ഉദ്ഘാടനവും നടന്നുകഴിഞ്ഞു. എട്ടു ഭാഷകളിൽ തത്സമയ സംപ്രേഷണം നടത്താനുള്ള സൗകര്യവുമുണ്ട്. എം.ടി.എ. ഇന്റർനെറ്റിലും വരാൻ തുടങ്ങി. ജർമ്മനിയിൽനിന്നും ന്യൂസിലാന്റിൽനിന്നും, തങ്ങൾക്കു വലിയ പ്രയോജനമാണ് ഇതുകൊണ്ട് കിട്ടിയിട്ടുള്ളതെന്ന് പറഞ്ഞ് വലിയ റസ്പോൺസാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഡിഷ് വെയ്ക്കാൻ സാധിക്കാത്ത സ്ഥലങ്ങളിലും ഇതുമുഖേന കേൾക്കാൻ കഴിയും. ഇപ്രകാരംതന്നെ ഈ വർഷം ഖാദിയാനുൾപ്പെടെ ലോകത്തെ ഏകദേശം 5, 6 രാഷ്ട്രങ്ങളിൽനിന്ന് എന്റെ പര്യടനവേളകളിൽ ഖുത്ബ ജുമുഅ നേരിട്ട് സംപ്രേഷണം ചെയ്യാൻ എം.ടി.എയ്ക്ക് ഭാഗ്യം കിട്ടി. ഇതും അല്ലാഹുവിന്റെ അനുഗ്രഹവും ഉപകാരവുമാണ്.

പാക്കിസ്ഥാനിൽനിന്ന് ഒരു മുറബ്ബി സാഹിബ് എഴുതുന്നു: കഴിഞ്ഞദിവസം ഈ വിനീതന് മറ്റു രണ്ട് മുറബ്ബിസുഹൃത്തുക്കളോടൊപ്പം നൗ മുബാഈനിന്റെ തർബിയ്യത്തിനായി വാദിയെസമാനിലെ മെങ്കോറായിലും പെഗാമിലും പോകാൻ സന്ദർഭം കിട്ടി. രാത്രിയിൽ ഒരു ഹോട്ടലിൽ താമസിക്കേണ്ടിവന്നു. ഹോട്ടലിലെ ജോലിക്കാരൻ ചാനൽ മാറ്റിയുടനെ എം.ടി.എ പ്രത്യക്ഷപ്പെട്ടു. ഇതിരിക്കട്ടെയെന്ന് ഞങ്ങൾ പറഞ്ഞു. ഈ ഹോട്ടലിലുള്ള ഞങ്ങളെല്ലാം ഈ ചാനൽ നിത്യവും കാണാറുണ്ടെന്ന് ഹോട്ടൽക്കാരൻ പറഞ്ഞു. ഞങ്ങൾക്ക് ഈ ചാനൽ വളരെ ഇഷ്ടമാണ്. ഇപ്രകാരംതന്നെ ഒരു ഡി.എസ്.പിയുടെ മകനെ എല്ലോറി എന്ന സ്ഥലത്ത് കണ്ടു. അദ്ദേഹം പറഞ്ഞു: ഞാനെന്റെ സുഹൃത്തുക്കളെ ഖുത്ബ ജുമുഅ നിർബന്ധമായും കേൾപ്പിക്കാറുണ്ട്. നമ്മുടെ സന്ദേശം ശരിയായനിലയിൽ എത്താത്ത എതിർപ്പുള്ള അത്തരം സ്ഥലങ്ങളിലും, അല്ലാഹു എം.ടി.എ മുഖേന എത്തിച്ചുകൊണ്ടിരിക്കുന്നു.

**ടി.വി റേഡിയോ പരിപാടികൾ**

എം.ടി.എക്ക് പുറമെ മറ്റു ടെലിവിഷൻ റേഡിയോ പ്രോഗ്രാമുകളും ഈ വർഷം നടന്നു. വിവിധ രാജ്യങ്ങളിൽ 1243 ടിവി പരിപാടികൾ സംപ്രേഷണം ചെയ്തു. മൊത്തം 508 മണിക്കൂറാണ് ഈ പരിപാടി നടന്നത്. ഏഴു കോടിജനങ്ങൾ അത് കേൾക്കുകയും കാണുകയും ചെയ്തുവെന്ന് കണക്കാക്കുന്നു. ഇങ്ങനെ 7 കോടി ജനങ്ങൾവരെ സന്ദേശമെത്തിക്കാൻ അവസരം കിട്ടി. 12249 മണിക്കൂർ റേഡിയോ പ്രോഗ്രാമും നടന്നു. ഇതുമുഖേന 5 കോടി ജനങ്ങളോളം സത്യസന്ദേശമെത്തിക്കാൻ ജമാഅത്തിന് സന്ദർഭം കിട്ടി. ബുർക്കിനാഫാസോയിൽ റേഡിയോ സൗകര്യം നമുക്കുണ്ട്. അത് ജനശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്.

അഹ്മദിയല്ലെങ്കിൽത്തന്നെയും ഇസ്ലാമിനെ അങ്ങേയറ്റം സ്നേഹിക്കുന്ന ഒരു മുസ്ലിം സ്ത്രീ- അവർക്ക് വായിക്കാനോ എഴുതാനോ അറിയില്ല. നമസ്കാരം തുടങ്ങിയവ പഠിച്ചത് നമ്മുടെ റേഡിയോ പരിപാടിയിലൂടെയാണ്- ഒരു ദിവസം നമ്മുടെ റേഡിയോ നിലയിലെത്തിപറഞ്ഞു. എനിക്കൊന്നും അറിയുമായിരുന്നില്ല. നമസ്കാരവും ഖുർആനുമൊന്നും. എന്നാൽ, ഒരുവർഷം തുടർച്ചയായി റേഡിയോ പരിപാടി കേട്ടതിനുശേഷം ഇപ്പോൾ ഞാൻ നമസ്കാരം പഠിച്ചു. ഖുർആനിലെ പല അദ്ധ്യായങ്ങളും ഹൃദിസ്ഥമാക്കുകയും ചെയ്തു.

സ്വാദ്ഗോ ഇദ്രീസ് സാഹിബ് ഒരു പുതിയ അഹ്മദിയാണ്. അദ്ദേഹം പറയുന്നു: റേഡിയോ സ്റ്റേഷനിൽനിന്നുള്ള പ്രക്ഷേപണം, ഭക്ഷണം കഴിക്കുകയോ ശ്വസിക്കുകയോ ചെയ്യുന്നതുപോലെ എന്റെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. പറഞ്ഞു: ബയ്അത്തിനു മുമ്പേ, അദ്ദേഹം ഒരുപാട് മുല്ലാമാരുടെ കാസറ്റുകൾ കേൾക്കാറുണ്ടായിരുന്നു. എന്നാൽ, റേഡിയോ മുഖേന എനിക്ക് യഥാർത്ഥ പ്രകാശം കിട്ടിത്തുടങ്ങിയപ്പോൾ, ഞാനെല്ലാ കാസറ്റുകളോടും വിട പറഞ്ഞു.

മർയം എന്നുപേരുള്ള ഒരനഹ്മദിസ്ത്രീ നമ്മുടെ റേഡിയോ നിലയത്തിൽ ഒരു ദിവസം വന്നു. റേഡിയോസ്റ്റേഷൻ സ്ഥിതിചെയ്യുന്നത് ബോഗോയിലാണ്. ബൻഫോറായിലും നമ്മുടെ റേഡിയോപരിപാടികൾ എത്തുന്നുണ്ടെന്ന് ഞാൻ പറഞ്ഞപ്പോൾ, അവിടെ പരിപാടി എത്തുന്നില്ലെന്ന് അവർ പറഞ്ഞു. അവിടെപ്പോയി താമസിക്കാനാണ് ഞാൻ തീരുമാനിച്ചത്. പക്ഷേ, അവിടെ റേഡിയോ കവറേജില്ല. ഞാനിനി അവിടെ പോകുന്നില്ല. റേഡിയോ ഇസ്ലാമിക് അഹ്മദിയ്യാ കേൾക്കാൻ അവസരം കിട്ടുന്നതിനായി ഞാൻ ഇവിടെത്തന്നെ താമസിക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

ബുർക്കിനാഫാസോയിലെ അമീർ സാഹിബ് എഴുതുന്നു: ഡന്മാർക്കിലെ പത്രത്തിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചപ്പോൾ, ഞാൻ നബി(സ)യുടെ ജീവിതത്തെക്കുറിച്ചുള്ള ഖുത്ബ പരമ്പര കേൾപ്പിക്കാൻ തുടങ്ങി. തദ്ദേശഭാഷയിൽ തർജമ ചെയ്ത് നമ്മുടെ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തു. ഈ ഖുത്ബകൾ കേട്ടിട്ട് ഒരു ക്രിസ്ത്യാനി പറഞ്ഞു: ഞാൻ മതപരമായി ക്രിസ്ത്യാനിയാണെങ്കിലും, റേഡിയോയിലൂടെ നബി(സ) തിരുമേനിയുടെ ജീവിതചരിത്രം ഇന്ന് മനോഹരമായി കേട്ടപ്പോൾ, എന്റെ മനസ്സ് ഇസ്ലാമിനോടടുത്തുപോയി. ഇസ്ലാമിന്റേയും നബി(സ)യുടേയും ചിത്രം ഇന്നാണ് എനിക്ക് കാണിക്കപ്പെട്ടത്. ഇത് സത്യമാണെങ്കിൽ അല്ലാഹുവാണ, ഇസ്ലാമിനെപ്പോലുള്ള മതം ലോകത്ത് മറ്റൊന്നില്ല. പറയുന്നു: അദ്ദേഹത്തിന് ചുറ്റും ഒരുപാട് മുസ്ലിംകൾ ഇരിപ്പുണ്ടായിരുന്നു. ഈ ക്രിസ്ത്യാനി പറഞ്ഞു: ഇന്ന് ഞാൻ ക്രിസ്തുമതം ഉപേക്ഷിച്ച് മുസ്ലിമാകുകയാണെങ്കിൽ, അഹ്മദിയ്യത്തിലല്ലാതെ മറ്റെങ്ങും പോകില്ല. കാരണം അവരുടെ പരിപാടികൾ കേൾക്കാൻ തുടങ്ങിയതു മുതൽ മനസ്സമാധാനം ലഭിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അടുത്തിരുന്ന മുസ്ലിംകൾ പറഞ്ഞു. അഹ്മദിയ്യത്ത് ഹസ്റത്ത് ഈസാ (അ)യെ മരിപ്പിക്കുന്നവരാണ്. അപ്പോൾ നിങ്ങളെങ്ങനെയാണ് അവരെ സത്യവാന്മാരായി കാണുന്നത്? അയാൾ പറഞ്ഞു. ഇന്ന് എന്താണോ ഞാൻ കേട്ടത് അത് എന്റെ മനസ്സിനെ മാറ്റിമറിച്ചു. ഇതിനുമുമ്പേ ഞാൻ മുഹമ്മദ് നബി(സ)യുടെ പേര് കേൾക്കാൻ പോലും ഇഷ്ടപ്പെട്ടിരുന്നില്ല. എന്നും ഇസ്ലാമിനേയും മുഹമ്മദ്(സ)യേയും ഉഗ്രവാദിയായിട്ടാണ് കണ്ടിരുന്നത്. ഇന്നത്തെ പരിപാടി എനിക്ക് യഥാർത്ഥ ഇസ്ലാമിന്റെ മുഖം കാണിച്ചുതന്നു. എന്റെ മനസ്സിനെ മാറ്റിമറിച്ചു.

ബുർക്കിനാഫാസോയിൽനിന്ന് ഒരു മുഅല്ലിം ഇല്യാസ് സാഹിബ് എഴുതുന്നു. ഒരു ദിവസം റേഡിയോ നിലയത്തിലെ ഡയരക്ടർ ഞങ്ങളെ വിളിച്ചുപറഞ്ഞു: ഒരുപാടാളുകൾ വന്ന് നിങ്ങളെക്കുറിച്ച് അന്വേഷിക്കുന്നു. കാരണം നിങ്ങളുടെ പരിപാടി തുടർച്ചയായി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ വളരെ താല്പര്യത്തോടെ കേൾക്കുകയും ചെയ്യുന്നു. ചിലർ അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. താനിപ്പോൾ റേഡിയോ സ്റ്റേഷനിലേക്കു വരുന്നുണ്ടെന്നും തന്നെ കാണാനാഗ്രഹിക്കുന്നവർ റേഡിയോ സ്റ്റേഷനിലേക്ക് വരട്ടെയെന്നും മുഅല്ലിം സാഹിബ് അദ്ദേഹത്തെ അറിയിച്ചു.

ഏറ്റവും ആദ്യം ഒരു വലിയ കുടുംബത്തിലെ നായകനാണെത്തിയത്. കഴിഞ്ഞ ആറു മാസമായി നിങ്ങളുടെ പരിപാടികൾ കേൾക്കുന്നുവെന്നും തനിക്ക് മനസ്സമാധാനമുണ്ടെന്നും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കാനാഗ്രഹിക്കുന്നുവെന്നും അറിയിച്ചു. ഇത് കൂടാതെ മറ്റുള്ളവരും ബന്ധപ്പെട്ടുകൊണ്ടിരുന്നു.

ഇതിനുപുറമെ വിവിധ രാജ്യങ്ങളിലെ പത്രങ്ങളിലും നമ്മെ സംബന്ധിച്ചുള്ള വാർത്തകൾ വന്നുകൊണ്ടിരുന്നു. സർവ്വമതസമ്മേളനം നടക്കുമ്പോഴും മറ്റു പരിപാടികൾ നടക്കുമ്പോഴും വാർത്തകൾ പത്രങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. അതിലൂടെ അഹ്മദിയ്യത്തിനെ പരിചയപ്പെടുത്താൻ കഴിയുന്നു.

**വെബ്സൈറ്റ്**

അൽഇസ്ലാം നമ്മുടെ അഹ്മദിയ്യാ വെബ്സൈറ്റാണ്. ഇതിലും ഖുത്ബകൾ എല്ലാ ആഴ്ചയും പ്രക്ഷേപണം ചെയ്യുന്നുണ്ട്. 170 ഗ്രന്ഥങ്ങൾ ഓൺ ലൈനിൽ വന്നുകഴിഞ്ഞു. തഫ്സീറെ കബീറും തഫ്സീറെ സഗീറും ഹഖായിഖുൽഫുർഖാൻ, തഅലീമുൽ ഫഹ്മുൽഖുർആൻ തുടങ്ങിയ ഗ്രന്ഥങ്ങൾ ഇതിൽപെടുന്നു. ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന്റെ ഖുത്ബ 'അൻവാറുൽ ഉലൂം' ഇപ്രകാരം ദീബാച തഫ്സീറുൽ ഖുർആൻ തുടങ്ങിയ ജമാഅത്തിന്റെ മാസികകളും, ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ തർജമത്തുൽ ഖുർആൻ ക്ലാസ്സുകളും വെബ്സൈറ്റിലുണ്ട്.

**തഹ്രീക്ക് വഖ്ഫെ നൗ**

ഇതൊരു മഹത്തായ പദ്ധതിയാണ്. ഇൻശാഅല്ലാ

ഹ്. ഇതിന്റെ പാകമായ ഫലം അടുത്ത കുറച്ചുവർഷ ങ്ങൾക്കുള്ളിൽ അഹ്മദിയ്യാ ജമാഅത്തിന് കാണാൻ കഴിയും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വാഖ്ഫീനെ നൗന്റെ എണ്ണത്തിൽ 3180 പേർ വർദ്ധി ച്ചിട്ടുണ്ട്. ഇപ്പോൾ മൊത്തം 33190 പേരാണ് വാഖ്ഫീനെ നൗ പദ്ധതിയിലുള്ളത്. ആൺകുട്ടികൾ 21682 പെൺകുട്ടികൾ 11508. ഇപ്രകാരം ഏകദേശം 2:1 എന്ന തോതിൽ ഇത് നിലകൊള്ളുന്നു. ഇതിൽ കൂടുതൽ പാക്കിസ്ഥാനിലെ വാഖ്ഫീനെ നൗ കുട്ടി കളാണ് 20270. പാക്കിസ്ഥാനു വെളിയിലുള്ളവർ 12920. പാക്കിസ്ഥാനിലെ റബ്വയിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ 6147. ഇതിനുപുറമെ, ഇന്ത്യ, കാനഡ, ഇംഗ്ല ണ്ട്, ഇന്തോനേഷ്യ എന്നീ ക്രമത്തിലാണ് അംഗസം ഖ്യയുള്ളത്.

***ഹോമിയോപ്പതി***

ഹോമിയോപ്പതി ചികിത്സക്കും അല്ലാഹുതആല ജമാഅത്തിന് തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. ഈ വർഷം 31 ഡിസ്പൻസറികളിൽനിന്ന് 37412 രോഗി കളെ ചികിത്സിച്ചു. ഈ അംഗസംഖ്യ കുറവാണെന്ന് മനസ്സിലാകുന്നു. എല്ലാ സ്ഥലത്തുനിന്നും റിപ്പോർട്ട് വന്നിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുമു ഖേന വളരെയധികം പ്രവർത്തനം നടന്നുവരുന്നു. റബ്വയിൽ ത്വാഹിർ ഹോമിയോപ്പതിക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡാക്ടർ വഖാർ സാഹിബിന്റെ മേൽനോ ട്ടത്തിൽ നടന്നുവരുന്നു. അവരുടെ റിപ്പോർട്ട് പ്രത്യേ കമാണ്. അവിടെനിന്ന് 121390 രോഗിളെ ചികിത്സിച്ചി ട്ടുണ്ട്. ഇവരിൽ 41560 പേർ അനഹ്മദികളാണ്. വിവിധ സ്ഥലങ്ങളിലെ വിവിധ വിഭാഗത്തിൽപെടുന്നവരാണി വർ. ഇവരിൽ വിദ്യാസമ്പന്നരുമുണ്ട്. ഹോമിയോപ്പതി ചികിത്സയിലൂടെ അല്ലാഹുതആല ശിഫായുടെ അത്ഭു തകരമായ കാഴ്ചകളാണ് കാണിക്കുന്നത്.

സ്പെയിനിലെ മുബല്ലിഗ് ഇൻചാർജ് എഴുതു ന്നു: പെഡ്രോബാദ് ജമാഅത്തിലെ ഒരു സ്ത്രീക്ക് തളർവാദം പിടിപ്പെട്ടു. ഡാക്ടർമാർ ചികിത്സ നടത്തി യെങ്കിലും സുഖപ്പെടുന്നതിനു പകരം രോഗം മൂർച്ഛിച്ചു. മൂന്നാംദിവസം ഡാക്ടർമാർ നിരാശ പ്രക ടിപ്പിച്ചു. കുടുംബബന്ധുക്കൾ ഫോൺ ചെയ്ത് ലണ്ടൻ ഹോമിയോഡിസ്പൻസറിയിൽനിന്ന് മരുന്ന് വാങ്ങിച്ചു. പറയുന്നു. ഒരു ഡോസ് മരുന്നുകൊടുത്തു. നേരം വെളുത്തതോടെ ഒരു കാലിന് ചലനമുണ്ടായി. ഡാക്ടർമാർ അവരെ പരിശോധിച്ച്, അത്ഭുതപ്പെട്ടു. പിന്നീട് ചികിത്സ തുടർന്നു. ഇപ്പോൾ സ്വയം അവർ എഴുന്നേറ്റ് നടക്കാൻ തുടങ്ങി.

സന്താനങ്ങൾ ഉണ്ടാകാത്ത മാതാപിതാക്കൾക്ക് പലർക്കും ഹോമിയോചികിത്സയിലൂടെ സന്താന അനുഗ്രഹമുണ്ടായി. ഇങ്ങനെ അല്ലാഹുവിന്റെ അനു ഗ്രഹത്താൽ, ഇതിന്റെ പേരിലും ജമാഅത്ത് ലോകത്ത് പ്രചരിച്ചുവരുന്നു.

***നിരാലംബരും യതീംകളും അശരണരും***

ഇവരെ സഹായിക്കുന്നതിലും ജമാഅത്ത് ഒരു പാട് പ്രവർത്തിച്ചുവരുന്നു. വിവിധ സ്ഥലങ്ങളിൽ ആശുപത്രികളിലൂടെയും കേമ്പുകളിലൂടെയും പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ബുർക്കിനാ ഫാസോയിൽ കണ്ണ് ഓപ്പറേഷനുള്ള കേമ്പ് സംഘടി പ്പിച്ചു. ആദ്യമാസത്തിൽ നൂറ് പേർക്ക് ശസ്ത്രക്രിയ നടത്താനാണ് അനുവാദം വാങ്ങിയിരുന്നത്. അല്ലാഹു വിന്റെ അനുഗ്രഹത്താൽ 205 സൗജന്യ തിമിര ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയ കഴിഞ്ഞുപോ കുന്ന രോഗികളുടെ അവസ്ഥ കാണേണ്ടതുതന്നെയാ ണെന്ന് അവർ പറയുന്നു. പ്രായംചെന്ന ഒരാളുടെ കാഴ്ച കഴിഞ്ഞ 20,21 വർഷമായി നഷ്ടപ്പെട്ടിരുന്നു. ശസ്ത്രക്രിയക്കുശേഷം അദ്ദേഹത്തിന് കാഴ്ച തിരി ച്ചുകിട്ടിയ്പോൾ എല്ലാവരോടും അദ്ദേഹം പറയുകയു ണ്ടായി: ഞാൻ വിചാരിച്ചത് മരണംവരെ ഈ നില തുട രുമെന്നാണ്. പക്ഷേ, ശസ്ത്രക്രിയക്കുശേഷം എനിക്ക് ലോകം കാണാൻ കഴിയുന്നു. എല്ലാ നിറവും കാണാൻ കഴിയുന്നു. അദ്ദേഹം ആളുകളെ വിളിച്ച് വിളിച്ച് പറയുന്നുണ്ടായിരുന്നു. ഇത് ഇന്ന നിറമാണ്, ഇത് ഇന്ന നിറമാണ് എന്ന്. അദ്ദേഹത്തിന്റെ സന്തോ ഷത്തിന് അതിരുണ്ടായിരുന്നില്ല. ലിവോ റീജിയണിലെ ഒരു ഗ്രാമമായ ഫിദുവിലെ 15 വയസ്സുള്ള ഒരാൺകുട്ടി അന്ധനായിരുന്നു. ശസ്ത്രക്രിയക്കുശേഷം അവൻ ലിവോ പട്ടണത്തിലെത്തിയപ്പോൾ രാത്രിനേരത്തുള്ള എല്ലാ കാഴ്ചയും കണ്ടുകൊണ്ട് എല്ലാം മറന്ന് സന്തോ ഷിച്ചു. ഡോറി റിജിയണിൽപെട്ട ഒരു പെൺകുട്ടിയുടെ ശസ്ത്രക്രിയയും നടന്നു. അല്പാല്പമായി കാഴ്ച ലഭി ക്കാൻ തുടങ്ങിയപ്പോൾ കണ്ണ് മുഴുവനായും തുറന്നു. സന്തോഷത്താൽ വിറച്ചുകൊണ്ട് തന്റെ ഉപ്പയോടു പറ ഞ്ഞു. ഇപ്പോൾ എനിക്ക് എല്ലാം നന്നായി കാണാൻ കഴിയുന്നു.

***ഹ്യൂമാനിറ്റി ഫസ്റ്റ്***

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുമുഖേന സൃഷ്ടിസേവനം നടന്നുവരുന്നു. 19 രാജ്യങ്ങളിൽ ഇത് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. യു.എൻ.ഓയും അവരുടെ ലിസ്റ്റിൽ ഇതിനെ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഈ വർഷം പാക്കിസ്ഥാനിലുണ്ടായ ഭൂകമ്പാവസരത്തിൽ ഹ്യൂമാ നിറ്റി ഫസ്റ്റ് വലിയ തോതിൽ പ്രവർത്തിച്ചു. കാനഡ, അമേരിക്ക, ജർമ്മനി, യു.കെ, ഹോളണ്ട് തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ഡാക്ടർമാരും മറ്റുള്ളവരും അട ങ്ങുന്ന ടീമുകൾ അവിടെ പോയി പ്രവർത്തിച്ചുകൊ ണ്ടിരുന്നു. ആറ് മാസത്തിലേറെ തുടർച്ചയായി അവിടെ പ്രവർത്തിച്ചു. ഇവിടത്തെ പ്രവർത്തനം കണ്ടുകൊണ്ടാണ് യു.എൻ.ഒ. ഈ സംഘടനയെ രജി സ്റ്റർ ചെയ്തത്. 75,000 ത്തോളം മുറിവേറ്റവരേയും രോഗികളേയും നമ്മുടെ ഡാക്ടർമാർ ചികിത്സിച്ചു. 5,20,000 കിലോഗ്രാം സാധനസാമഗ്രികൾ വിതരണം ചെയ്തു. ഭക്ഷണവും മറ്റുവസ്തുക്കളും ഇതിൽപെ ടുന്നു. 39,000 ദുരിതബാധിതർക്ക് താൽക്കാലികമായ താമസസൗകര്യം ഒരിക്കിക്കൊടുത്തു. ടെന്റുകളും, സെന്ററുകളും ഇതിലുൾപ്പെടുന്നു. ഹ്യൂമാനിറ്റ് ഫസ്റ്റ് ഇസ്ലാമാബാദിൽ ഒരു മെഡിക്കൽ റിലീഫ് സെന്റർ സ്ഥാപിച്ചിരുന്നു. അവിടെ ഗുരുതരമായി പരിക്കേറ്റ വരേയും അവരുടെ കുടുംബാംഗങ്ങളേയും 132 ദിവസം താമസിപ്പിച്ചു. എല്ലാതരത്തിലും അവരെ

ശുശ്രൂഷിച്ചു. ഗുരുതരമായി പരിക്കേറ്റ 125 പേരേയും അവരുടെ 850 കുടുംബാംഗങ്ങളേയുമാണ് ശുശ്രൂഷിച്ചത്. 24 മണിക്കൂറും സൗകര്യങ്ങൾ ചെയ്തുകൊടുത്തിരുന്നു. 3,56,400ൽ കൂടുതൽ ഭക്ഷണം വിതരണം ചെയ്തു. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തകർ മൊത്തം 4,81,192 മണിക്കൂറുകൾ ആ രംഗത്ത് ചെലവഴിച്ചു. നമ്മെ അവർ എന്തുപറഞ്ഞാലും വേണ്ടില്ല അതിനെയെല്ലാം അവഗണിച്ച് ഈ സേവനം നാം ചെയ്യേണ്ടതുതന്നെയായിരുന്നു.

ആഫ്രിക്കയിലും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ പ്രവർത്തനം നടന്നുവരുന്നു. 4. ഐ.ടി. സെന്ററുകൾ നാം നടത്തുന്നുണ്ട്. ഗാംമ്പിയായിൽ 27 ഏക്കർ സ്ഥലത്ത് വിവിധ പ്രൊജക്ടുകൾക്ക് തുടക്കം കുറിച്ചു. അതിൽ സെക്കന്ററി സ്കൂളുകളും ഉണ്ട്. മാലിയിലും നൈജറിലും ഇപ്രകാരംതന്നെ വിവിധ രാജ്യങ്ങളിലും കുഴൽകിണറുകളും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിവരുന്നു. സുനാമി ദുരന്തം വിതച്ച ഇന്തോനേഷ്യയിൽ സഹായം എത്തിച്ചിരുന്നു. കഴിഞ്ഞദിനങ്ങളിൽ ജാവായിൽ സുനാമി വന്നപ്പോൾ ആദ്യം സേവനരംഗത്തെത്തിയത് നമ്മുടെ ടീമായിരുന്നു.

***അഹ്മദിയ്യാ ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ആർക്കിടെക്ട്സ് & എഞ്ചിനീയേർസ്***

ആഫ്രിക്കയിൽ കുറഞ്ഞചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗം കണ്ടെത്തേണ്ട ചുമതലയും ദരിദ്രരാഷ്ട്രങ്ങളിൽ കുറഞ്ഞ ചെലവിൽ കുടിവെള്ളം ലഭ്യമാക്കേണ്ട ചുമതലയും ഞാനിവരെ ഏല്പിച്ചിരുന്നു. അതുപോലെതന്നെ സാധുക്കൾക്കായി കെട്ടിടനിർമ്മാണത്തിനും ഡിസൈനിനും ജൂനിയറായ ആളുകൾ താൽക്കാലികമായി വഖ്ഫ് ചെയ്യാനും ഡിസൈൻ ചെയ്തുതരാനും പറഞ്ഞിരുന്നു. ആ നിർദ്ദേശമനുസരിച്ച് യൂറോപ്യൻ ടീം ഒരുപാട് പരിശ്രമം നടത്തിയിട്ടുണ്ട്. സോളാർസെല്ലിന്റെ ടെക്നോളജിയായ ഓർഗന്റ് ഡ്രിവൻ പ്രകാരം ഘാനയിൽ 3 പൈലറ്റ് പ്രൊജക്ട് നടപ്പിലാക്കി. ചൈനയിൽ പോയിട്ട് ഈ ടെക്നോളജിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു. ഇപ്രകാരം തീസ്ദർ സോളാർ വിന്റ് സിസ്റ്റം ചൈനയിൽനിന്ന് വാങ്ങി. നിരവധി സോളാർ ലൈറ്റുകളും വാങ്ങി. ഇതിനുവേണ്ടി ആസ്ട്രേലിയായിൽനിന്നും വിവരങ്ങൾ ശേഖരിച്ചു. അവിടെയും നമ്മുടെ സംഘം പോയിരുന്നു. ആഫ്രിക്കയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി നടപടികൾ തുടങ്ങി. ഘാനയിൽ ട്രില്ലിംഗിന്റേയും ജിയോ ഫിസിക്കൽ ടെസ്റ്റിംഗ് തുടങ്ങിയവയുടേയും പ്രവർത്തനം നടന്നു. ബുർക്കിനാഫാസോയിൽ ചാമ്പ് പൈപ്പുകൾ സ്ഥാപിച്ചു. അടഞ്ഞുപോയത് വീണ്ടും പ്രവർത്തനക്ഷമമാക്കി. പുതിയ ചില പൈപ്പുകളും സ്ഥാപിച്ചു. കാനഡയിലെ എൻഞ്ചിനീയേഴ്സ് ടീമും ഇതിൽ പങ്കെടുത്തിരുന്നു. ഹോളണ്ട്, സ്പെയിൻ, സ്വിറ്റ്സർലാൻഡ്, സ്വീഡൻ, പോർച്ചുഗൽ, നോർവെ തുടങ്ങിയ രാജ്യങ്ങളിലെ പള്ളികൾ തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങളിലും ഇവർ ഒരുപാട് പ്രവർത്തിച്ചു. ഇതിനുപുറമെ ഗാമ്പിയാ, ഐവറികോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലെ പ്രൊജക്ടിലും ഇവർ പ്രവർത്തിച്ചു. ഖാദിയാനിലെ ബിഹ്ശിതിമഖ്ബറയുമായി ബന്ധപ്പെട്ടും ഇവർ പ്രവർത്തിച്ചുവരുന്നു. ഇപ്രകാരംതന്നെ മിനാരത്തുൽ മസീഹിന്റെ സുരക്ഷിതത്വത്തിനായും ഇവിടത്തെ എഞ്ചിനീയർമാർ പ്രവർത്തിക്കുന്നുണ്ട്.

---

**21-ൽനിന്ന്**

ആദായം, യുദ്ധത്തിൽ പിടിച്ചെടുക്കപ്പെട്ട സ്വത്ത് ഇവ അനാവശ്യമായ രീതിയിൽ ചെലവ് ചെയ്യാതിരിക്കുക. നിങ്ങളുടെ നിത്യചെലവിനുള്ളത് വർദ്ധിപ്പിക്കുകയും നിങ്ങളുടെ അതിർത്തികളെ സുരക്ഷിതമാക്കുകയും നിങ്ങളെ നാശത്തിൽ ചാടിക്കാതിരിക്കുകയും ചെയ്യുക." (കിത്താബുൽ ഖറാജ്, പേ.67)

**ഹസ്റത്ത് ഉസ്മാൻ(റ)**

"അബൂബക്കറും ഉമറും (റ:അ:മാ:) പ്രസംഗം ചെയ്യാൻ തയ്യാറായിക്കൊണ്ടാണ് വരാറുള്ളത്. മേലിൽ ഞാനും അതിന് തയ്യാറായി വന്നുകൊള്ളാം. എന്നാൽ പ്രസംഗിക്കുന്ന ഇമാമിനെ അപേക്ഷിച്ച് പ്രവർത്തിക്കുന്ന ഇമാമാണ് നിങ്ങൾക്ക് വേണ്ടത്.

"ജനങ്ങളേ! അത്യാഗ്രഹത്തിൽ ചിലത് കേവലം പരാശ്രയമായിരിക്കും. നിങ്ങൾ ആശിക്കാതിരിക്കുന്ന ചിലത് നിങ്ങൾക്ക് ഐശ്വര്യവുമായിരിക്കും. നിങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്തത് നിങ്ങൾ ശേഖരിക്കുന്നു. നിങ്ങൾക്ക് പ്രാപ്യമല്ലാത്തത് നിങ്ങളാഗ്രഹിക്കുന്നു. ഈ മായാഗൃഹത്തിൽ അല്പനാളേക്കു മാത്രമുള്ളവരാണ് നിങ്ങൾ."

**ഹസ്റത്ത് അലി(റ)**

ഹിജ്റ 39-ൽ അമീർ മുആവിയായുടെ പ്രതിരോധനയത്തിന്നെതിരിൽ ആക്രമണപരിപാടി അവലംബിച്ചപ്പോൾ ഒരു വെള്ളിയാഴ്ച സ്വപക്ഷക്കാർക്ക് ആവേശം പകരുന്നരീതിയിൽ അലി(റ) ചെയ്ത പ്രസംഗത്തിൽ നിന്ന്.

"യുദ്ധം തീർച്ചയായും സ്വർഗ്ഗത്തിന്റെ വാതിലുകളിൽനിന്നുള്ള ഒരു വാതിലാണ്. ആര് അതുപേക്ഷിക്കുന്നുവോ അവനെ അല്ലാഹു എളിമത്വമാകുന്ന വസ്ത്രം ധരിപ്പിക്കുന്നതും എളിമത്വത്തിൽ അവനെ പങ്കുചേർക്കുന്നതും എളിമത്വം അവനെക്കൊണ്ട് രുചിപ്പിക്കുന്നതും ശത്രുക്കളുടെ ആക്രമണങ്ങൾക്ക് വിധേയനാക്കുന്നതുമാണ്. ഞാൻ രാത്രിയും പകലും രഹസ്യമായും പരസ്യമായും അക്കൂട്ടരോട് യുദ്ധം ചെയ്യാൻ നിങ്ങളെ ക്ഷണിച്ചു. അവർ ആക്രമിക്കുന്നതിനു മുമ്പേ, നാം ആക്രമിക്കാമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. ഒരു ജനവിഭാഗം സ്വഭവനങ്ങളിൽവെച്ച് ആക്രമിക്കപ്പെടുകയാണെങ്കിൽ, അവർ നീചന്മാരായിപ്പോകുന്നതും ശത്രുക്കൾക്ക് അവരുടെ മേൽ എന്തും ചെയ്യുന്നതിനുള്ള ധൈര്യം ഉണ്ടായിത്തീരുന്നതുമാണ്. നോക്കുവിൻ! ആമിരി, അമ്പാറിൽവെച്ച് ഇബ്നു ഹസ്സാൻ ബക്റിയെ കൊല്ലുകയും നിങ്ങൾ ഉറച്ചുനിന്നിരുന്ന സ്ഥാനത്തുനിന്നും നിങ്ങളെ നീക്കം ചെയ്യുകയും നിങ്ങളിൽനിന്നുള്ള നല്ല ആളുകളെ

**ശേഷം 40-ൽ**

# തബ്ലീഗ്രംഗത്തെ ദിവ്യാത്ഭുതങ്ങൾ

ഈ വർഷം നൈജീരിയ ജമാഅത്തിന് മൊത്തം 1,15,076 ബയ്അത്ത് കരസ്ഥമാക്കാൻ തൗഫീഖ് കിട്ടി. ഇതിൽ 41 ഇമാമുകളും പെടുന്നു. പുതിയതായി 78 സ്ഥലങ്ങളിൽ ജമാഅത്ത് രൂപീകരിച്ചു. നൈജീരിയാ ജമാഅത്തിന് അയൽരാജ്യങ്ങളായ കാമറൂൺ, ഛാഡ്, ഇക്വിറ്റോറിയൽഗിനി തുടങ്ങിയ സ്ഥലങ്ങളിലും വിജയം ലഭിച്ചു. ഈ വർഷം അബൂജാ രാജ്യത്തിന്റെ തലസ്ഥാനത്ത് ഒരുലക്ഷം പൗണ്ട് ചെലവഴിച്ച് അവർ 81 ഏക്കർ സ്ഥലം വാങ്ങി. മുബല്ലിഗ് ഇൻചാർജ് സാഹിബ് എഴുതുന്നു: നമ്മുടെ ഒരു നവഅഹ്മദി ദാഈഇലല്ലാഹ് അലിഹാറൂൺ സാഹിബ് തബ്ലീഗ് ചെയ്യാൻ വളരെ ആവേശമുള്ളയാളാണ്. ആങ്ക്വാ പട്ടണവാസിയാണ് അദ്ദേഹം. ആ പട്ടണത്തിലെ ജമാഅത്തിന്റെ പ്രതിനിധിയായിട്ടാണ് അദ്ദേഹത്തെ ആളുകൾ കരുതുന്നത്. കഴിഞ്ഞ ഏപ്രിൽമാസം ഈ പട്ടണത്തിന്റേയും സ്റ്റേറ്റിന്റേയും അമീർ വിദേശത്ത് പോയിരിക്കുകയായിരുന്നു. അപ്പോൾ, ഇവിടത്തെ പണ്ഡിതന്മാർ ആ അവസരം മുതലെടുത്ത് ജമാഅത്തിന്നെതിരിൽ എതിർപ്പു തുടങ്ങി. ജമാഅത്തിലെ മുഅല്ലിം സാഹിബിനോട് സ്ഥലം വിട്ടുപോകണമെന്ന് അവർ ആവശ്യപ്പെട്ടു. എല്ലാ പ്രമുഖന്മാരും ആലിംകളും സംഘടിച്ചു ഇയാളെ പിടിച്ചുകൊണ്ടുപോയി ഞങ്ങളോടൊപ്പമാണോ, അഹ്മദിയ്യാ ജമാഅത്തിനോടൊപ്പമാണോ എന്ന് പ്രഖ്യാപിക്കാൻ പറഞ്ഞു. ഇന്നെന്തായാലും തീരുമാനം ഉണ്ടായേപറ്റൂ അവർ കൂട്ടിച്ചേർത്തു. അലി ഹാറൂൺ സാഹിബ് അല്പം മൗനം പാലിച്ചു. പിന്നീട് എല്ലാവരുടേയും മുമ്പിൽവെച്ച് തശഹ്ഹുദും സൂറാ ഫാത്തിഹായും ചൊല്ലി വിളംബരം ചെയ്തു. "അഹ്മദിയ്യാ ജമാഅത്ത് സത്യമാണ്. ഹസ്റത്ത് ഇമാം മഹ്ദി (അ) അല്ലാഹുവിൽനിന്ന് വന്നയാളാണ്. ഞാൻ അഹ്മദിയ്യാ ജമാഅത്തിനോടൊപ്പമാണ്. അതിനോടൊപ്പംതന്നെ നില്ക്കുകയും ചെയ്യും."

സംശയത്തോടെ എന്തിനും തയ്യാറായിനിന്ന മൗലവിമാരും പ്രമുഖന്മാരും ഇദ്ദേഹത്തിന്റെ വാക്കുകൾകേട്ട് തണുത്തുപോയി. അല്ലാഹുവിന്റെ എന്തു നിയന്ത്രണമാണ് അവിടെ നടന്നതെന്നറിയില്ല. അതിനുശേഷം അവിടെ ആയിരക്കണക്കിന് ബയ്അത്തുകൾ നടന്നു. നൈജിരിയായിൽതന്നെ ആസാരെ പട്ടണത്തിൽനിന്ന് രണ്ടുകിലോമീറ്റർ അകലെ ക്വട്ടാറ എന്ന ഒരു ഗ്രാമമുണ്ട്. അവിടെ ചീഫ് ഉൾപ്പെടെയുള്ളവർ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഗ്രാമത്തിലെ ചീഫ്, പള്ളിഇമാമിന് കാര്യങ്ങൾ പറഞ്ഞുകൊടുത്തുവെങ്കിലും അയാൾ സ്വീകരിക്കാൻ തയ്യാറായില്ല. അതുകൊണ്ട് ചീഫ്, നായിബ് ഇമാമിനെ പള്ളി ഇമാമായി നിയോഗിച്ചു. അപ്പോൾ ഇമാം സാഹിബ് പുറത്തുള്ള ചിലരുമായി ചേർന്ന് പ്രശ്നമുണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ, ഗ്രാമവാസികൾ ആരും സഹകരിച്ചില്ല. അതുകൊണ്ട് നിശബ്ദനായി. ഈ സ്ഥലത്തെ പള്ളി വളരെ മനോഹരമാണ്. പട്ടണത്തിലെ സമ്പന്നനായ വ്യക്തി ഗ്രാമവാസികൾക്കായി നിർമ്മിച്ചതാണത്. അയാൾ തജാനിയ കക്ഷിയിൽപ്പെട്ടയാളാണ്. അവിടെ തജാനിയ കക്ഷിക്കാർ ധാരാളമുണ്ട്. ഈ എതിരാളിയായ ഇമാം പുതിയതായി ബയ്അത്ത് ചെയ്തവരോട്, നിങ്ങൾ അഹ്മദിയായെങ്കിൽ ഈ പള്ളിയിൽ നമസ്കരിക്കാൻ നിങ്ങൾക്ക് അനുവാദമില്ല എന്നു പറഞ്ഞു. ഈ പള്ളി തജാനിയ കക്ഷിക്കാർക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളതാണ്. അപ്പോൾ പുതിയ അഹ്മദികൾ പറഞ്ഞു. ഞങ്ങൾ അഹ്മദിയായിക്കഴിഞ്ഞു. ഞങ്ങളെ നമസ്കരിക്കാൻ വിടുന്നില്ലെങ്കിൽ നിങ്ങളുടെ പള്ളിയെടുത്തുകൊണ്ട് ഉടനെ പോകുക. അപ്പോൾ പള്ളി നിർമ്മിച്ചുകൊടുത്തയാൾ പള്ളി വിലക്കെടുത്തോ എന്ന് അഹ്മദികളോട് പറഞ്ഞു. അങ്ങനെ ഒരു അഹ്മദി സഹോദരൻ പൈസകൊടുത്തു ആ പള്ളി വാങ്ങി.

ഈ വർഷം ഘാന ജമാഅത്തിന് 1,03,800 ബയ്അത്ത് ചെയ്യിക്കാൻ തൗഫീഖ് കിട്ടി. കഴിഞ്ഞവർഷം ഇത് വെറും പതിനൊന്നായിരമായിരുന്നു. ഇപ്രാവശ്യം ഇവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനരംഗത്ത് 10 ഇരട്ടി അധികം ചാടിയിരിക്കുകയാണ്. 51 പുതിയ സ്ഥലങ്ങളിൽ അഹ്മദിയ്യത്ത് സ്ഥാപിതമായി. 2 പാരാമൗണ്ട് ചീഫും 8 ചീഫുമാരും 40 ഇമാമുമാരും അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ഇവർ വിവിധ ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ടവരാണ്.

ഈ വർഷം ഘാനയിൽ ജൽസാഗാഹിനും മറ്റു പ്രൊജക്ടിനുമായി 460 ഏക്കർ സ്ഥലം വാങ്ങി. ഹൈവേയോടു അടുത്താണിത്. അതിനടുത്തൊരു പട്ടണവുമുണ്ട്. അല്ലാഹുതആല സ്ഥലങ്ങളും ജമാഅത്തിന് നല്കുന്നു. ഇവിടെയുള്ള സ്ഥലങ്ങളെല്ലാം പതുക്കെപ്പതുക്കെ അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ വന്നുചേരുമെന്ന് പ്രതീക്ഷിക്കുന്നു.

ഘാനയിൽനിന്ന് അനഹ്മദികളുടെ ഒരു ഉസ്താദ് ജൽസാ സാലാനയിൽ പങ്കെടുത്തു. തിരിച്ചുവരുമ്പോൾ, ഹാഫിസ് ജിബ്രീൽ സാഹിബ് പറയുന്നു: ലണ്ടനിൽനിന്ന് എന്തു സമ്മാനമാണ് കൊണ്ടുവന്നതെന്ന് അദ്ദേഹത്തിന്റെ സഹോദരപുത്രൻ ചോദിച്ചു. ***അൽഖൗലുസ്സരീഹ്*** എന്ന ഒരു ഗ്രന്ഥം കൊണ്ടുവന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ സഹോദരപുത്രൻ ഒരു മതപണ്ഡിതനുമായിരുന്നു. അദ്ദേഹം ആ പുസ്തകം വാങ്ങി, വായിച്ചുകൊണ്ട് പറഞ്ഞു. ഈ ഗ്രന്ഥം വായിച്ചതിൽനിന്ന് മനസ്സിലാകുന്നത് അഹ്മദിയ്യത്ത് സത്യമാണെന്നാണ്; ഇതിൽ ചേരേണ്ടത് നിർബന്ധമാണ്. അപ്പോൾ ഇമാം സാഹിബ്, ചേരുന്നെങ്കിൽ ചേർന്നുകൊള്ളുക എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ സഹോദരപുത്രൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിന് സൗഊദി അറേബ്യയിലേക്ക് പോയി. ഈ

സാഹിബ് അഹ്മദികളുമായി കണ്ടുമുട്ടി. അഹ്മദി സഹോദരങ്ങളെ ആദ്യമേ അദ്ദേഹത്തിന് അറിയുമായിരുന്നില്ല. അദ്ദേഹം അവരോട് നിങ്ങൾ അഹ്മദികളാണോ എന്ന് ചോദിച്ചു. അഹ്മദികൾ അത്ഭുതപ്പെട്ടുകൊണ്ട് താങ്കൾക്കെങ്ങനെ മനസ്സിലായി എന്നു ചോദിച്ചു. ആ സുഹൃത്ത് പറഞ്ഞു. അഹ്മദികളെ അവരുടെ നമസ്കാരം കൊണ്ട് തിരിച്ചറിയാം." ഈ പ്രത്യേകതയാണ് ഓരോയിടത്തും എപ്പോഴും ഓരോ അഹ്മദിയ്ക്കും ഉണ്ടായിരിക്കേണ്ടത്.

ബനിനിൽ ആയിരക്കണക്കിന് ബയ്അത്ത് നടക്കുകയുണ്ടായി. ബനിനിലെ അമീർസാഹിബ് എഴുതുന്നു. അവരുടെ നാഷണൽ ചീഫിനെ തബ്‌ലീഗ് ചെയ്തു വരികയായിരുന്നു. അദ്ദേഹത്തെ ജൂലൈ 9-ന് മിഷൻഹൗസിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിന് ആതിഥ്യമരുളാനുള്ള തയ്യാറെടുപ്പിലായിരുന്നു ഞാൻ. എം.ടി.എ അതിന്റെ പ്രോഗ്രാമനുസരിച്ച് നടന്നുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു. ചീഫിന്റെ ഹൃദയം എങ്ങനെയെങ്കിലും ഹിദായത്തിനായി തുറക്കണമെന്നും അതിനുള്ള എന്തെങ്കിലും സാഹചര്യം ഉണ്ടാകണമെന്നും ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. പെട്ടെന്ന് എം.ടി.എയിലെ ഇന്തോനേഷ്യൻ പരിപാടിയിൽ, അവിടത്തെ സർക്കാരുദ്യോഗസ്ഥർ കലിമയെഴുതിയ ബോർഡുകൾ താഴെയിറക്കുന്നതും വാളുകൊണ്ട് മുറിച്ചുമാറ്റുന്നതും കണ്ടു. അതിനുശേഷം ഖുദ്ദാമിന്റെ ദ്വേഷത്തിന്റേയും വേദനയുടേയും സീനും കാണിച്ചിരുന്നു. പിന്നീട് നമ്മുടെ ഒരുദ്യോഗസ്ഥൻ അവരെ ഉറക്കെ തന്റെയടുക്കലേക്ക് വിളിച്ചുവരുത്തി ഇന്തോനേഷ്യൻ ഭാഷയിൽ ഹ്രസ്വമായ പ്രഭാഷണം നടത്തി. പിന്നീട് അദ്ദേഹത്തിന്റെ കരങ്ങൾ ദുആ ചെയ്യുന്നതിനായി ഉയർന്നു. എല്ലാവരുടേയും ആത്മാവ് അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കാൻ തുടങ്ങി. ഏങ്ങലടിയുടേയും കരച്ചിലിന്റേയും ഇടയിൽ ആമീൻ ആമീൻ എന്ന ശബ്ദവും കേൾക്കാമായിരുന്നു. ആ സീൻ ഞാൻ റിക്കാർഡ് ചെയ്തു. ചീഫ് വന്നപ്പോൾ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് എന്നോടു പറഞ്ഞു. അഹ്മദിയ്യത്ത് താങ്കൾക്ക് നല്കിയതും മുസ്‌ലിംകളായ ഞങ്ങളുടെ പക്കൽ ഇല്ലാത്തതുമായ എന്തെങ്കിലും വിശേഷകാര്യം എനിക്ക് പറഞ്ഞുതരിക. ഞാൻ പറഞ്ഞു. ഞാനത് പറഞ്ഞുതരാം. എല്ലാ കാണിച്ചുതരാം. അങ്ങ് വരുന്നതിനു അരമണിക്കൂറ് മുമ്പേ ഈ പ്രോഗ്രാം എം.ടി.എയിൽ വന്നത് ഒരു ദൈവനിശ്ചയമാണ്. ഞാൻ റിക്കാർഡ് ചെയ്ത പ്രോഗ്രാം അദ്ദേഹത്തെ കാണിച്ചു. അതെല്ലാം അദ്ദേഹം കണ്ടു. ദുആ ചെയ്യുന്ന സീൻ വന്നപ്പോൾ, അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ഞാനദ്ദേഹത്തോട് പറഞ്ഞു: ഇതാണ് ഞങ്ങൾക്ക് ഇമാം മഹ്ദി(അ) മുഖേന ഖിലാഫത്തിന്റെ അനുഗ്രഹത്താൽ കിട്ടിയ വിവേചന വൈശിഷ്യം. എല്ലാ പരിതസ്ഥിതികളിലും, ദുഃഖത്തിലും സന്തോഷത്തിലും ഞങ്ങൾ അല്ലാഹുവിനോടു കൂറുപുലർത്തുന്നവരാണ്. ഒരിക്കലും ഞങ്ങൾ നിയമം കൈയിലെടുക്കുകയില്ല. എപ്പോഴും ജമാഅത്തിന്റെ വ്യവസ്ഥക്കനുസരിച്ച് നടക്കുന്നു. അനുസരണത്തിന്റേയും ത്യാഗത്തിന്റേയും സുവർണ്ണമായ നിയമങ്ങൾ ജീവിതത്തിൽ പകർത്തി ജീവിക്കുന്നു. അക്കാര്യങ്ങൾ ഖിലാഫത്തിന്റെ കോന്തലയുമായി ബന്ധിക്കാതെ കിട്ടുകയില്ല. അദ്ദേഹം പറഞ്ഞു. ഇതെല്ലാം ഇമാം മഹ്ദിയുടേയും ഖിലാഫത്തിന്റേയും അനുഗ്രഹമാണെങ്കിൽ, എനിക്കെന്തുകൊണ്ട് എന്റെ മടിത്തട്ട് നിറച്ചുകൂടാ. അദ്ദേഹം ഉടനെ ബയ്അത്ത് ഫാറം വാങ്ങി ഒപ്പിട്ട് ജമാഅത്തിൽ ചേർന്നു.

ബുർക്കിനാഫാസോയിൽനിന്നുതന്നെ ഒരു മുബല്ലിഗ് ഫാറൂഖ്സാഹിബ് എഴുതുന്നു: ഡോറി റീജിയൺന്റെ ജമാഅത്തിലെ അങ്ങേയറ്റം വാർദ്ധക്യം പ്രാപിച്ച ഒരു കൊറിയൻ ദായിഇലല്ലാഹ് രോഗബാധിതനായിരുന്നു. ഡോറി മിഷൻ ഹൗസിൽ ജോലിക്കാരനായ തന്റെ സഹോദരപുത്രനെ അദ്ദേഹം വിളിപ്പിച്ചു. നമ്മുടെ മുബല്ലിഗും മുഅല്ലിമിനോടൊപ്പം അദ്ദേഹത്തെ കാണാൻ പോയി. അവിടെയെത്തിയപ്പോൾ, ആ വൃദ്ധനായ അഹ്മദി തന്റെ സഹോദരപുത്രനെ കെട്ടിപ്പിടിച്ച് കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു. ഇന്നലെ രാത്രി എന്നെ സ്വപ്നത്തിൽ അറിയിച്ചിരിക്കുന്നു, ഇന്ന് അഹ്മദിയ്യാ ജമാഅത്തുമാത്രമാണ് സത്യമായ ജമാഅത്ത്. ഇതിനോടൊപ്പം ചേർന്നിരിക്കുന്നതിലാണ് നന്മ. അദ്ദേഹം പറഞ്ഞു. ഞാൻ നിന്നെ പെട്ടെന്ന് വിളിപ്പിച്ചത് എന്റെ ജീവിതം എപ്പോൾ അവസാനിക്കുമെന്ന് എനിക്കറിയില്ല. ഈ ജമാഅത്തിനോടു, എപ്പോഴും കൂറുപുലർത്തണമെന്നും, ഒരിക്കലും ഇതുമായി ബന്ധം വിച്ഛേദിക്കരുതെന്നും ഞാൻ നിന്നെ ഉപദേശിക്കുന്നു.

സിറാലിയൂണിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്ത് നടന്നിരിക്കുന്നു. കഴിഞ്ഞയാഴ്ച അവിടത്തെ സദ്ർ സാഹിബും ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ ജോലിയുമായി ബന്ധപ്പെട്ട് ഇവിടെ വന്നപ്പോൾ, ജുമുഅ നമസ്കരിക്കാൻ ഇവിടെ വന്നതാണ്. സർക്കാരിന്റെ വലിയ പരിപാടികൾ നടക്കുമ്പോൾ ജമാഅത്തിനെ അവർ ക്ഷണിക്കാറുണ്ട്. സർക്കാർതലത്തിൽ അവിടെ നമുക്ക് വലിയ സ്വാധീനമാണുള്ളത്.

ഒരു മുബല്ലിഗ് എഴുതുന്നു. ഒരു സ്ഥലത്ത് കഴിഞ്ഞ 10 വർഷമായി രണ്ട് കക്ഷികൾ തമ്മിൽ അഭിപ്രായഭിന്നതയിലായിരുന്നു. രണ്ട് പള്ളികളും നിർമ്മിച്ചിരുന്നു. കഠിനശ്രമം നടത്തിയിട്ടും ഈ ഭിന്നത അകറ്റാൻ കഴിഞ്ഞിരുന്നില്ല. നമ്മുടെ മുബല്ലിഗ് സാഹിബ് പറയുന്നു. ഞാൻ രണ്ടു കക്ഷികളുമായി ബന്ധപ്പെട്ട നേതാക്കന്മാരുമായി സംസാരിക്കുകയും അവരെ തബ്‌ലീഗ് ചെയ്യുകയും ചെയ്തു. അതിന്റെ ഫലമായി അഹ്മദിയ്യത്ത് സ്വീകരിക്കാൻ അതിലെ അംഗങ്ങൾ തയ്യാറായി. ഈ ആഭ്യന്തരവഴക്കുകളിൽ എന്താണോ അഹ്മദിയ്യത്ത് തീരുമാനിക്കുന്നത് അത് സ്വീകരിക്കുമെന്നും പറഞ്ഞു. സംസാരത്തിനുശേഷം, നേതാക്കന്മാർ വഴക്കുകളെല്ലാം ഒതുക്കിത്തീർക്കുന്നതിൽ ഒറ്റക്കെട്ടായി. ഈ പള്ളികൾ കാരണമാണ് അവിടെ വഴക്കുണ്ടായിക്കൊണ്ടിരുന്നത്. അതുകൊണ്ട് രണ്ട് പള്ളിയും പൊളിക്കാനും അതിലെ സാധനസാമഗ്രികളെടുത്ത് പുതിയൊരു പള്ളി നിർമ്മിക്കാനും അവരുടെയെല്ലാം സാന്നിധ്യത്തിൽ തീരുമാനമെടുത്തു.

അത് അഹ്മദിയ്യാ മസ്ജിദായിരിക്കും. അങ്ങനെ രണ്ട് പള്ളിയും പൊളിച്ച് അവിടെ അഹ്മദിയ്യാ മസ്ജിദ് നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു. ഇങ്ങനെ അഹ്മദിയ്യാ ജമാഅത്ത് വന്നതോടെ ദീർഘകാലമായി നിലനിന്നിരുന്ന വഴക്കുകൾ അവസാനിച്ചു.

ഭാരതത്തിൽനിന്ന് ഒരു മുബല്ലിഗ് സാഹിബ് എഴുതുന്നു. ശുഅ്‌ലകരുലായി എന്ന ഗ്രാമത്തിൽ (പേരിന്റെ യഥാർത്ഥ ഉച്ചാരണം ഇതുതന്നെയാണോ എന്നറിയില്ല) കഴിഞ്ഞവർഷം അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചു. അതിന്റെ ഫലമായി ഹിന്ദുമതവുമായി ബന്ധമുള്ള ഒരു വിധവ തന്റെ കുടുംബസമേതം അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇവരുടെ വീട്ടിൽ, അഹ്മദിയ്യത്തിന്റെ ശത്രുവായ ഒരു പീർ വന്നു. നിങ്ങൾ ഖാദിയാനീ ജമാഅത്തിൽ ചേർന്ന്, കുഫ്റാണ് സ്വീകരിച്ചതെന്നു പറഞ്ഞു. അതുകൊണ്ട് അത് വിട്ട് ഇസ്‌ലാം സ്വീകരിക്കുക. ഇല്ലെങ്കിൽ അത് ഗുണകരമായിരിക്കുകയില്ല. ഇതുപറഞ്ഞുകൊണ്ട് ജമാഅത്തിനെ അയാൾ ചീത്തപറഞ്ഞു. ആ വിധവയും മക്കളും അയാളെ വീട്ടിൽനിന്നിറക്കിവിട്ടു. എന്നാൽ, അയാളുടെ വാക്കുകൾ അവരുടെ മനസ്സിൽ ഇനി എന്താകും എന്നോർത്ത് ദുസ്സാധീനം ചെലുത്തി. കാരണം ദീർഘകാലമായി അവർ ഹിന്ദുവായിരുന്നു. ബഹുദൈവവിശ്വാസികളായ അവർ അതെല്ലാം വിട്ട് ജമാഅത്തിൽ വന്നപ്പോൾ, അവരുടെ വിശ്വാസത്തിൽ കുറച്ച് ശക്തി വരികയായിരുന്നു. അതിനോടൊപ്പം അവരുടെമേൽ, ദുർബോധനങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഈ പീർസാഹിബ് സംഭവം കഴിഞ്ഞ് അവിടെനിന്നിറങ്ങി മെയിൻ റോഡിലെത്തിയപ്പോൾ ഒരു വലിയ അപകടത്തൽപെട്ടു. അയാളെ രക്ഷിക്കാൻ ഡാക്ടർമാർക്ക് കഴിഞ്ഞില്ല." ഇക്കാരണത്താൽ ആ വിധവയുടെ ഈമാൻ സുദൃഢമായി.

കീനിയായിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ആയിരക്കണക്കിന് ബയ്അത്ത് നടന്നു. യൂറോപ്യൻ രാജ്യങ്ങളിൽ, ഇന്തോനേഷ്യ, ബോസ്നിയ, ബംഗ്ലാദേശ് തുടങ്ങിയ സ്ഥലങ്ങളിലും ബയ്അത്ത് നടന്നു.

**ഈ വർഷം മൊത്തം ബയ്അത്ത് ചെയ്തവർ 2,93,881 ആകുന്നു. 102 രാഷ്ട്രങ്ങളിൽനിന്ന് 270 വിവിധ ജനവിഭാഗത്തിൽപ്പെട്ടവർ അഹ്മദിയ്യത്തിൽ ചേർന്നു.**

അല്ലാഹുതആല എങ്ങനെയാണ് സ്വപ്നം മുഖേന തന്റെ സത്യത ജനങ്ങളെ അറിയിക്കുകയും അവർക്ക് സ്വീകരിക്കാനുള്ള തൗഫീഖ് നല്കുകയും ചെയ്യുന്നതെന്ന് നോക്കുക.

ഫ്രാൻസിൽനിന്നെഴുതുന്നു: അൽജസായറിൽ ഒരു സുഹൃത്തുണ്ട്, ബഹാസ് ശിബാബ്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം താൻ മുമ്പേകണ്ട സ്വപ്നത്തെക്കുറിച്ച് പറയുന്നു:

സ്വപ്നത്തിൽ ഞാൻ വായുവിൽ പറന്നുയരുന്നതായും മുകളിൽനിന്ന് താഴേക്കു നോക്കിയപ്പോൾ ഒരുപാടാളുകൾ സംഘടിച്ചിരിക്കുന്നതായും കണ്ടു. അവർ പാക്കിസ്ഥാനീ വേഷമനുസരിച്ച് വെള്ളസിൽവാർ ഖമ്മീസും ജിന്നതൊപ്പിയും ധരിച്ചിരുന്നു. പിന്നീട് എന്നെ ഒരു മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെയായിരുന്നു ഇവരുണ്ടായിരുന്നത്. അവരുടെ മധ്യത്തിൽ ഒരു മെല്ലിച്ചയാളുമുണ്ടായിരുന്നു. അദ്ദേഹം വിവിധതരത്തിലുള്ള വസ്ത്രവും പച്ചനിറത്തിലുള്ള കോട്ടും ധരിച്ചിട്ടുണ്ടായിരുന്നു. എല്ലാവരും ദുആ ചെയ്യാൻ കൈയുയർത്തി നില്ക്കുകയായിരുന്നു. അവർ കരയുന്നുണ്ടായിരുന്നു. ഇവരെല്ലാം എന്തിനാണ് കരയുന്നതെന്ന് ഞാൻ ചോദിച്ചു. ഹുസൂർ മരിച്ചകാരണത്താലാണ് അവർ വിലപിക്കുന്നതെന്ന് പറയപ്പെട്ടു. മധ്യത്തിലുള്ള ആളിലേക്ക് നോക്കാൻ ഒരു അശരീരി കേട്ടു. ഇത് അഞ്ചാമത്തെ ഖലീഫയാണ്. ഇദ്ദേഹമാണ് പച്ചനിറത്തിലുള്ള കോട്ട് ധരിച്ചിട്ടുള്ളത്. ഇതെങ്ങനെയാണെന്ന് ഞാൻ ചോദിച്ചപ്പോൾ നിനക്ക് വിശ്വാസം വന്നിട്ടില്ലെങ്കിൽ ആ പച്ചക്കോട്ട് നോക്കുക, പച്ചക്കോട്ട് നോക്കുക, പച്ചക്കോട്ട് നോക്കുക എന്ന അശരീരി കേട്ടു. ഈ ശബ്ദം മൂന്നുപ്രാവശ്യം ഞാൻ കേട്ടു. ജുമുഅ നമസ്കരിക്കാൻ ഞാനൊരു അഹ്മദിയുടെ വീട്ടിൽപോയി. അവിടെ എല്ലാവരും എം.ടി.എ കാണുകയായിരുന്നു. ഞാനും ടിവിയിലേക്ക് നോക്കിയപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ടകാഴ്ചയാണ് അവിടെ കണ്ടത്. ഞാൻ അഹ്മദിയല്ലായിരുന്നു. അഹ്മദിയ്യത്തിനെക്കുറിച്ച് പല സംശയങ്ങളും എനിക്കുണ്ടായിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ എന്റെ എല്ലാ സംശയങ്ങളും അകന്നുപോയി. അഹ്മദിയ്യത്ത് സത്യമാണെന്ന് എനിക്ക് ദൃഢവിശ്വാസം വരികയും ചെയ്തു.

ഫ്രാൻസിലെ ഈ ചെറുപ്പക്കാരന്റെ ഉമ്മയും താൻകണ്ട സ്വപ്നം ഇങ്ങനെ വിവരിച്ചു. അവർ പറഞ്ഞു: ഞാൻ നമസ്കരിച്ചിരിക്കുന്നതായി സ്വപ്നം കണ്ടു. എന്റെ മുമ്പിൽ ഒരു മെലിഞ്ഞയാൾ നില്പുണ്ട്. അദ്ദേഹം ഒന്നും പറയുന്നില്ല. ഇത് അഞ്ചാറുവർഷം മുമ്പേകണ്ട സ്വപ്നമാണ്. ഒരുവർഷം മുമ്പേ ഞാൻ മകനോടൊപ്പം ജർമ്മനീ ജൽസ സാലാനയിൽ പങ്കെടുത്തിരുന്നു. അവിടെ ഞാൻ മസീഹ് മൗഊദ് (അ)ന്റെ ചിത്രം കണ്ടു. എനിക്കറിയില്ലായിരുന്നു അതാരാണെന്ന്. ഈ വ്യക്തിയെ തന്നെയായിരുന്നു അഞ്ചാറു വർഷം മുമ്പേ ഞാൻ സ്വപ്നത്തിൽ കണ്ടത്. ഇത് മസീഹ് മൗഊദ്(അ) ആണെന്ന് എന്നോട് ആരോ പറഞ്ഞു. അപ്പോൾ എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. ജൽസാപരിപാടികൾ കണ്ടു. അഹ്മദിയ്യത്തിൽനിന്ന് എന്നെ തടയാൻ ഇനിയാർക്കും സാധ്യമല്ലെന്ന് ഞാനെന്റെ മകനോട് പറഞ്ഞു.

ജർമ്മനിയിലെ ജമാഅത്ത് സദ്ർ എഴുതുന്നു. അദ്ദേഹം ഒരു തബ്‌ലീഗ്സ്റ്റാളിട്ടിരുന്നു. ഒരു കുർദു മുസ്‌ലിം ഖാസിംദാഗ് തന്റെ ജർമ്മൻകാരിയായ ഭാര്യയും മൂന്നു പെൺമക്കളുമായി അവിടെവന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോയിൽ നിന്ന് സംസാരം തുടങ്ങി. നബി(സ) തിരുമേനിയ്ക്കു ശേഷം ആരാണ് വരാനുള്ളതെന്ന് ദ്വേഷത്തോടെ ചോദിച്ചു. 15 മിനിറ്റ് വാദപ്രതിവാദം നടത്തിയശേഷം നമ്മുടെ സെക്രട്ടറി തബ്‌ലീഗ് അദ്ദേഹത്തിന്റെ ഫോൺ നമ്പർ വാങ്ങി. അവർ അവിടെനിന്നും പോയി, അടു

ത്തദിവസം ഭക്ഷണത്തിനായി അദ്ദേഹത്തെ ക്ഷണിച്ചു. മൂന്നുമണിക്കൂർ സംസാരിച്ചു. അദ്ദേഹത്തിന് ഗ്രന്ഥങ്ങളും നല്കി. നിങ്ങൾതന്ന ഗ്രന്ഥങ്ങൾ ഞാൻ കത്തിച്ചുവെന്ന് പറഞ്ഞ് രണ്ട്ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഫോൺ വന്നു. കാരണം ഇതെല്ലാം കളവാണെന്ന് എനിക്കറിയാൻ കഴിഞ്ഞു. ഇനി ഞാൻ ബന്ധപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്നും അറിയിച്ചു. നമ്മുടെ സെക്രട്ടറി സാഹിബ് പറഞ്ഞു. നമ്മുടെ സുഹൃത്ബന്ധം ഇനി ഒരിക്കലും വിച്ഛേദിക്കപ്പെടുകയില്ല. അതുകൊണ്ട്, നിങ്ങൾ ഇന്ന് വന്നില്ലെങ്കിൽ വേണ്ട, വ്യാഴാഴ്ച വരിക. താങ്കളുമായി ഒരു അത്യാവശ്യകാര്യം സംസാരിക്കേണ്ടതുണ്ട്.

ഈയിടക്ക് അദ്ദേഹം ജമാഅത്തിന്നെതിരിൽ എത്ര ശക്തമായിക്കഴിഞ്ഞിരുന്നുവെന്നാൽ, നോമ്പുപിടിച്ചുകൊണ്ടാണ് അയാൾ വന്നത്. കാരണം അഹ്മദിയുടെ വീട്ടിൽനിന്ന് തിന്നാനും കുടിക്കാനും പോലും അയാൾ ഇഷ്ടപ്പെട്ടിരുന്നില്ല. എന്തായാലും തബ്ലീഗുപരമായ സംസാരം ദീർഘിച്ചു. നോമ്പുതുറക്കാൻ സമയമായി. അവസാനം അയാൾക്കവിടെ നോമ്പുതുറക്കേണ്ടിവന്നു. സെക്രട്ടറി തബ്ലീഗ് അദ്ദേഹത്തോട് പറഞ്ഞു. ഒരു വാഗ്ദാനം ചെയ്യുക. മൗലവി പറയുന്ന കാര്യങ്ങൾ ഒരുഭാഗത്ത്, അല്ലാഹുവിന്റെ വാഗ്ദാനം ഒരു ഭാഗത്ത്. 40 ദിവസം നിഷ്ക്കളങ്കമായി സത്യം കണ്ടെത്തുന്നതിനായി ദുആ ചെയ്യുക. ഒരുതരത്തിലുള്ള വേർതിരിവും കാണിക്കരുത്. അങ്ങനെ അദ്ദേഹം വാഗ്ദാനം ചെയ്തു. പറയുന്നു: മൂന്നാം ദിവസം അദ്ദേഹം വിളിച്ചു. ജോലിസ്ഥലത്തുനിന്നാണ് വിളിച്ചത്. നിങ്ങളുടെ കയ്യിൽ ഇപ്പോഴത്തെ ഖലീഫയുടെ ഫോട്ടോ ഉണ്ടോ എന്ന് ചോദിച്ചു. ഉണ്ടെന്ന് പറഞ്ഞു. അപ്പോൾ, ഞാനിപ്പോൾതന്നെ അങ്ങോട്ടു വരികയാണെന്ന് അയാൾ അറിയിച്ചു. കാരണം ചോദിച്ചപ്പോൾ പറഞ്ഞു. ഞാനൊരു അശരീരികേട്ടു. നീ എന്തു തെളിവാണ് ചോദിക്കുന്നത്. തെളിവ് ഞാൻ തന്നുകഴിഞ്ഞിരിക്കുന്നു. ഒപ്പംതന്നെ അയാൾ കണ്ട സ്വപ്നവും ഓർമ്മപ്പെടുത്തി. അതിൽ, കമാന്റർ ഇൻ ചീഫ് എന്ന നിലയിൽ നില്ക്കുന്ന ഖലീഫത്തുൽ മസീഹിന്റെ ഒരു ചിത്രം കാണിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെമേൽ പ്രകാശത്തിന്റെ തണലുണ്ടായിരുന്നു. ഒരു സൈന്യം മുന്നിൽ നില്ക്കുന്നുണ്ടായിരുന്നു. അതൊരു ദീർഘമായ സ്വപ്നമാണ്. മലക്കുകളുടെ ജമാഅത്തെന്ന നിലയിലാണ് കാണിക്കപ്പെട്ടത്. അദ്ദേഹം സെക്രട്ടറി തബ്ലീഗിന്റെ വീട്ടിലെത്തിയുടനെ, ഫോട്ടോ കണ്ടുകൊണ്ട് പറഞ്ഞു, ഈ ഫോട്ടോ തന്നെയാണ് ഞാൻ കണ്ടത്. കഴിഞ്ഞവർഷം ലണ്ടൻ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു. അതിനുശേഷം അഹ്മദിയ്യത്ത് സ്വീകരിച്ചു.

കഴിഞ്ഞവർഷം ബയ്അത്ത് ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു കൈയിൽ കൈ വെച്ചുകൊണ്ട് നേരിട്ട് ബയ്അത്ത് ചെയ്യണമെന്നത്. വിവരങ്ങളെല്ലാം അദ്ദേഹത്തോട് പറഞ്ഞു. ഇപ്പോൾ ഇവിടെ വന്നിട്ടുണ്ടോ എന്നറിയില്ല. കഴിഞ്ഞവർഷം കൂട്ടബയ്അത്ത് വേളയിൽ നൗ മുബാഇൻ മുന്നോട്ടു വന്നിരിക്കാൻ ഞാൻ പറഞ്ഞിരുന്നു. യാദൃശ്ചികമായി ജർമ്മനിയിലെ ജൽസയിൽ അദ്ദേഹത്തിന്റെ നമ്പറാണ് വന്നത്. അങ്ങനെ അദ്ദേഹത്തിന്റെ ആ ആഗ്രഹവും പൂർത്തിയായി. അതിലദ്ദേഹം കൂടുതൽ സന്തോഷിക്കുകയും ചെയ്തു.

മുഹമ്മദ് അശ്റഫ് സാഹിബ് ബൽഗാരിയായിൽ നിന്നെഴുതുന്നു. അലിക് എന്നുപേരുകാരനായ ക്രിസ്തീയസഹോദരനെ തബ്ലീഗ് ചെയ്തുവരികയായിരുന്നു. അദ്ദേഹത്തിന് അല്ലാഹു സ്വപ്നത്തിലൂടെ അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നല്കി. കഴിഞ്ഞവർഷം ജർമ്മനി ജൽസാസാലാനയിൽ പങ്കെടുത്തിരുന്നു. പക്ഷേ, അന്ന് ബയ്അത്ത് ചെയ്തിരുന്നില്ല. ഒരുദിവസം നമ്മുടെ സെന്ററിലെത്തി. താൻ അഹ്മദിയാകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. കാരണമെന്താണെന്ന് ചോദിച്ചപ്പോൾ, ഞാൻ സ്വപ്നത്തിൽ ഒരാളെ കണ്ടു. അയാൾ പറഞ്ഞു, നീ എന്റെയടുത്തു വരുന്നില്ലെങ്കിൽ ഞാൻ നിന്റെയടുത്തുവരുന്നതാണ്. അതുകേട്ടപ്പോൾ ഞാൻ നാണിച്ചുപോയി. അങ്ങനെ ഞാൻ ജമാഅത്തിൽ ചേരാൻ വന്നതാണ്. സൽപ്രകൃതക്കാരനായിരുന്നതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നൽകി.

ഒരു ക്രിസ്തീയ സ്ത്രീയും സ്വപ്നത്തിലൂടെ അഹ്മദിയ്യത്ത് സ്വീകരിക്കുകയുണ്ടായി. ജമ്മു സംസ്ഥാനത്തിലെ, ഉദംപൂർജില്ലയിലെ ചമ്പാന എന്ന സ്ഥലത്തുള്ള ദശംസിംഗ് ഒരു സ്വപ്നം കേൾപ്പിച്ചു.

ഒരു ദിവസം രാവിലെ മൂന്നുമണിയായിക്കാണും. അത്ഭുതകരമായ സ്വപ്നം ഞാൻ കണ്ടു. എന്റെ വലതുഭാഗത്ത് സൂര്യനും ഇടതുഭാഗത്ത് ചന്ദ്രനും നില്ക്കുന്നു. എന്റെ മുമ്പിൽ വെളുത്ത താടിയുള്ള ഒരു മഹാനുണ്ട്. അദ്ദേഹത്തിന്റെ മുഖത്ത് ധാരാളമായിട്ട് ആകാശത്തിലെ നക്ഷത്രങ്ങൾ മിന്നിക്കൊണ്ടിരിക്കുന്നു. ആ നക്ഷത്രം കാരണം ആ മഹാത്മാവിന്റെ മുഖം പ്രകാശമയമായി കാണുന്നു. ആ മഹാത്മാവ് എന്റെ പുറത്ത് തട്ടിക്കൊണ്ട് പറയുന്നു. താങ്കളുടെ കൈക്കുമ്പിളിലെ അത്രവെള്ളംപോലും നഷ്ടപ്പെട്ടുപോകുകയില്ല. താങ്കൾ പരിഭ്രമിക്കണ്ട. താങ്കളുടെ തീരുമാനം ശരിതന്നെയാണ്. ഇദ്ദേഹം 2005-ലെ ജൽസാസാലാനയിൽ പങ്കെടുത്തിരുന്നു. ഞാനുമായി കൂടിക്കാഴ്ചയും നടത്തിയിരുന്നു. അവസാനദിവസം ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യവും അദ്ദേഹത്തിന് കിട്ടി.

സംഭവം വിവരിക്കുന്ന ആൾ എഴുതുന്നു. അദ്ദേഹം എന്നെ കാണാൻ വന്നപ്പോൾ, ഭിത്തിയിൽ വെച്ചിരുന്ന ഖലീഫമാരുടെ ഫോട്ടോ കണ്ടു. അത് കണ്ട് അയാൾ അത്ഭുതപ്പെട്ടുപോയി. ഖലീഫത്തുൽ മസീഹ് സാനിയുടെ നേരെ ചൂണ്ടിക്കൊണ്ട് ഇതാരുടെ ഫോട്ടോയാണെന്ന് ചോദിച്ചു. ഞാൻ സ്വപ്നത്തിൽകണ്ട ആ മഹാത്മാവ് ഇദ്ദേഹമായിരുന്നു എന്ന് പറയുകയും ചെയ്തു.

**"പ്രസംഗിക്കുന്ന ഇമാമിനെ അപേക്ഷിച്ച് പ്രവർത്തിക്കുന്ന ഇമാമാണ് നിങ്ങൾക്ക് വേണ്ടത്."**
**ഉസ്മാൻ(റ)**

# സത്യവിശ്വാസികളുടെ പ്രാർത്ഥനയും ശത്രുക്കളുടെ നിന്ദ്യതയും

ദുആ സ്വീകാര്യതയുടെ ഒന്നു രണ്ട് സംഭവങ്ങളും ഞാൻ പറയാം. ഇത്യോപ്യായിൽനിന്ന് മുഅല്ലിം അലി നൂർ ദാദെസാഹിബ് എഴുതുന്നു. ജില്ലാപോലീസ് ഓഫീസറും സുന്നിലീഡറായ അഹ്മദ് ഗൊറാച്ചയും കാരണം എനിക്ക് ജയിലിൽ പോകേണ്ടിവന്നു. ഇനി ഇവിടെ അഹ്മദിയ്യത്തിനെക്കുറിച്ച് ആരും സംസാരിക്കുകയില്ലെന്ന് അയാൾ വിളംബരം ചെയ്തു. 14 ദിവസത്തിനുശേഷം ഞാൻ ജയിലിൽ നിന്ന് മോചിതനായി. അപ്പോൾ അല്ലാഹുവിന്റെ വിധി ഈ രീതിയിൽ പുലർന്നു. ഒരു ബസ്സപകടത്തിൽ അഹ്മദ് ഗുറാച്ച മരിച്ചു. പോലീസ് ഓഫീസർക്ക് ഗുരുതരമായ പരിക്കേറ്റു. ഇതിനുപുറമേ കൈക്കൂലി കേസ്സിലും അയാൾ പ്രതിയായി. അതിൽ 4 വർഷം ശിക്ഷിക്കപ്പെട്ടു. ഈ മൂന്നുപേരുമാണ് പറഞ്ഞത്, ഇവിടെ അഹ്മദിയ്യത്തിനെക്കുറിച്ച് ആരും സംസാരിക്കുകയില്ലെന്ന്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ 8 ജമാഅത്തുകൾ സ്ഥാപിതമായി. 15 സ്ഥലങ്ങളിൽ ആദ്യമായി അഹ്മദിയ്യത്തിന്റെ ചെടി നട്ടുകഴിഞ്ഞു. 1665 ബയ്അത്തും നടന്നു.

ബുർക്കിനോഫാസോയിൽനിന്ന് ഒരാൾ എഴുതുന്നു. വഹാബി കക്ഷിയിൽപ്പെട്ട നമ്മുടെ ഒരു എതിരാളിയുടെ ഭാര്യ ദീർഘകാലമായി രോഗബാധിതയായിരുന്നു. ഛർദ്ദിയ്ക്കൊന്നും ശമനം ഉണ്ടായിരുന്നില്ല. എന്തെങ്കിലും കഴിച്ചാലുടൻ ഛർദ്ദിക്കുമായിരുന്നു. ഒരിക്കൽ അവരെ കാണുന്നതിനുവേണ്ടി അവരുടെ വീട്ടിൽപോയി. കുറച്ചുദിവസത്തെ അതിഥി എന്നു കരുതി ബന്ധുക്കളെല്ലാം അവിടെ നിരാശരായി ഇരിക്കുന്നതാണ് കണ്ടത്. അവർ രക്ഷപ്പെടുക വളരെ പ്രയാസമായിരുന്നു. അഹ്മദിയ്യത്തിനോട് മൗലവി സാഹിബിന് വെറുപ്പുണ്ടായിരുന്നു. എന്നെ കാണുമ്പോൾ വഴി മാറിപ്പോകും. ഒരുദിവസം എന്നെ തടഞ്ഞുകൊണ്ട്, അഹ്മദി കാഫിറാണ്. താങ്കൾ അതുപേക്ഷിക്കുക എന്ന് പറഞ്ഞു. ഞാൻ മൗലവിയോടു പറഞ്ഞു. താങ്കളുടെ ഭാര്യ ഗുരുതരാവസ്ഥയിലാണുള്ളത്. നിങ്ങളെല്ലാവരും നിരാശരുമാണ്. ഇമാം മഹ്ദി (അ)യെ വിശ്വസിച്ചയാളാണ് ഞാൻ. ഞാൻ താങ്കളോട് പറയുന്നു, എന്റെ കയ്യിൽ ഒരു മരുന്നുണ്ട്. താങ്കൾ അത് താങ്കളുടെ ഭാര്യയ്ക്ക് കൊടുക്കുക. ഇമാം മഹ്ദി(അ) സത്യവാനാണെങ്കിൽ സൂര്യനസ്തമിക്കുന്നതിനു മുമ്പേ അവർക്ക് ശിഫാ കിട്ടും. ഇതൊരു നാട്ടുമരുന്നായിരുന്നു. ഞാൻ കുറേശ്ശേ കുറേശ്ശേ അത് കൊടുത്തു. ഇടവിട്ടിടവിട്ട് നാവിൽ തേച്ചുകൊണ്ടിരിക്കാനും പറഞ്ഞു. അല്ലാഹു അത്ഭുതകരമായ നിലയിൽ അവർക്ക് ശിഫാ നല്കി. അങ്ങനെ പൂർണ്ണസുഖം പ്രാപിച്ചു. അല്ലാഹു, മസീഹ് മൗഊദ്(അ)ന്റെ പേരിൽ ഞാൻ ചെയ്ത ചികിത്സയിലൂടെ അവിടത്തെ സത്യസാക്ഷ്യം അവർക്ക് കാണിച്ചുകൊടുത്തു. മൗലവി എതിർപ്പ് നിർത്തുകയും ചെയ്തു.

ഘാനയിൽനിന്ന് ഒരു ദാഇ ഇലല്ലാഹ് ആയ അബ്ദുല്ലാഹ് ഇബ്റാഹീം എഴുതുന്നു. മാർച്ചുമാസത്തിൽ തുൽവെ പ്രദേശത്ത് തബ്‌ലീഗിനായി ഞങ്ങളെ അയച്ചു. യാം കൃഷി ചെയ്യേണ്ട സമയമായിരുന്നു അത്. പക്ഷേ, മഴ ലഭിച്ചിരുന്നില്ല. പൊതുജനം ഇക്കാരണത്താൽ വളരെ വിഷമിച്ചു. സലാഗായിൽനിന്ന് ചില ഉലമാക്കളേയും മുഅല്ലിമീംകളേയും ദുആ ചെയ്യാനായി അവർ വിളിച്ചുവരുത്തി. പക്ഷേ, അവരുടെ ദുആയ്ക്ക് ഫലമൊന്നും ഉണ്ടായില്ല. ഞങ്ങൾ അവിടെ ചെന്നപ്പോൾ, മഴയ്ക്കുവേണ്ടി ദുആ ചെയ്യാൻ അവിടെത്തെ ചീഫ് ഞങ്ങളോട് പറഞ്ഞു. ഞങ്ങളെല്ലാവരും ചേർന്നുകൊണ്ട് ദുആ ചെയ്യുകയും അവിടെനിന്ന് അടുത്ത സ്ഥലത്തേക്ക് പോകുകയും ചെയ്തു. രണ്ട് ദിവസത്തിനുശേഷം തുൽവെയിലെ ചീഫ് ഒരാൾമുഖേന സന്ദേശമയച്ചു. മറ്റു ഉലമാക്കളുടെ ദുആ സ്വീകരിക്കാതിരുന്ന പരിതസ്ഥിതിയിൽ അല്ലാഹു നിങ്ങളുടെ ദുആ കേട്ടു. എല്ലാ സ്ഥലത്തും നല്ല മഴ പെയ്തു, കർഷകർക്കെല്ലാം സന്തോഷമായി.

മുഅല്ലിമായ അബ്ദുർറഹ്മാൻ സാഹിബ് തുറാബ്‌ലെ എഴുതുന്നു. ഞങ്ങൾ മദ്റസയിലൂടെ അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തി. അപ്പോൾ സൗദി അറേബ്യയിൽനിന്ന് പഠിച്ചുവന്ന ഉസ്മാൻ സിൻഗാർ- അദ്ദേഹം പട്ടണത്തിലെ വലിയ ഇമാമാണ്- അഹ്മദിയ്യത്തിനെ എതിർക്കാൻ തുടങ്ങി. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ ജനങ്ങളെ കാണിച്ച്, അഹ്മദികൾ ഇയാളെ നബിയാണെന്നു വിശ്വസിക്കുന്നുവെന്നും, അഹ്മദി കാഫിറാണെന്നും പ്രചരിപ്പിക്കാൻ തുടങ്ങി. പട്ടണത്തിലെ ഗവർണർ ഇരുകൂട്ടരേയും വിളിപ്പിച്ചപ്പോൾ ഞാൻ ഖുർആൻ ഹദീസുകൊണ്ട്, ഖത്മെ നുബുവ്വത്ത്, ജമാഅത്തിന്റെ സത്യസാക്ഷ്യം എന്നീ വിഷയങ്ങളിൽ സംസാരിച്ചു. അവരുടെ മൗലവിയുടെ പക്കൽ അതിന് മറുപടിയൊന്നും ഉണ്ടായിരുന്നില്ല. ഗവർണ്ണർ പറഞ്ഞു. നിങ്ങൾ സത്യവാദികളാണ്. നിങ്ങൾ നിങ്ങളുടെ പ്രവർത്തനം തുടർന്നുകൊള്ളുക. ഇങ്ങനെ ആ മൗലവിക്ക് നിന്ദ്യത കാണേണ്ടിവന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ മദ്റസ, സർക്കാരിൽ അറബിസ്കൂൾ എന്ന നിലയിൽ രജിസ്റ്റർ ചെയ്തു. കുട്ടികൾ അഹ്മദിയ്യാ സ്കൂളിൽ വന്ന് പഠിക്കാൻ തുടങ്ങി.

**ചിലരുടെ ദയനീയമായ പര്യവസാനം**

ബിശാറത്ത് അഹ്മദ് സാഹിബ് എഴുതുന്നു. അൽഡറേറ്റിൽനിന്ന് ഏകദേശം 50 കിലോമീറ്റർ അകലെയായി ഒരു ചെറിയ ടൗണാണ് മെട്ടൗണ്ട. അവിടെയുള്ള അനഹ്മദികൾ നമ്മുടെ മുഅല്ലിമായ അലിജുമുഅയെ തബ്‌ലീഗ് ചർച്ചയ്ക്കായി തങ്ങളുടെ പള്ളിയിലേക്ക് ക്ഷണിച്ചു. അനഹ്മദികൾക്ക് തെളിവൊന്നും പറയാൻ പറ്റാതെ വന്നപ്പോൾ, ഈ മുഅല്ലിമിനെ മർദ്ദിക്കാൻ തുടങ്ങി. പള്ളിയിൽനിന്ന് തള്ളിപ്പുറത്താക്കി. പ്രശ്നം അല്ലാഹുവിൽ വിടാനും സബ്ർ ചെയ്യാനും മുഅല്ലിം സാഹിബിനോട് ഞങ്ങൾ പറഞ്ഞു. കുറച്ചു

ദിവസം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ തഖ്ദീർ ഇങ്ങനെ വെളിപ്പെട്ടു. മർദ്ദിച്ചവരിൽ മുൻനിരയിലുണ്ടായിരുന്ന ഒരാൾ രാത്രിയിൽ ഉറങ്ങുമ്പോൾ വധിക്കപ്പെട്ടു. കൊലപാതകിയെക്കുറിച്ച് ഒരു വിവരവും കിട്ടിയില്ല. രണ്ടാമത്തെയാൾ, സ്കൂൾ കുട്ടികളെ തീവ്രവാദത്തിന് പ്രചരിപ്പിച്ചകുറ്റത്താൽ ജയിലിൽ അടയ്ക്കപ്പെട്ടു.

ഗാംമ്പിയായിൽനിന്ന് എഴുതുന്നു. നമുക്ക് ദ്രോഹം ചെയ്ത ഒരാളുണ്ടായിരുന്നു. അഹ്മദികൾക്ക് അല്ലാഹുവുമായി ഒരു ബന്ധവുമില്ലെന്ന് അയാൾ പറഞ്ഞുനടന്നു. പള്ളി എന്ന് നിങ്ങൾ പറയുന്ന ഈ കെട്ടിടത്തിന് അല്ലാഹുവിന്റെ പക്കൽ ഒരു സ്ഥാനവുമില്ല. ഇത് കപ്പലണ്ടിയും കാലിത്തീറ്റയും വയ്ക്കുന്ന സ്റ്റോറാണ്. പള്ളിയിൽവന്നിരുന്ന് അയാൾ സിഗറ്റ് വലിക്കാൻ തുടങ്ങി. ജമാഅത്തംഗങ്ങൾ അയാളെ അതിൽനിന്ന് തടഞ്ഞു. പക്ഷേ, അയാൾ അത് കേട്ടില്ല. അഹ്മദിയ്യാ പള്ളിക്കുമേൽ അല്ലാഹുവിന്റെ ശാപമുണ്ടെന്നും അയാൾ പറഞ്ഞു. അതുകേട്ടപ്പോൾ ഒരഹ്മദി സഹോദരൻ പറഞ്ഞു. നീ പള്ളിയിൽ ഇരുന്ന് വലിച്ച ഈ സിഗരറ്റ്, നിന്റെ അവസാനസിഗരറ്റായിരിക്കും. അത് നിനക്ക് ഇനി പുറത്തിരുന്ന് വലിക്കാൻപോലും പറ്റില്ല. അടുത്തദിവസം അയാൾ ഉറക്കമെണീറ്റപ്പോൾ അയാളുടെ മുഖം വീങ്ങിയിരുന്നു. കഠിനമായ വേദനയും ഉണ്ടായിരുന്നു. വായിൽ കുരു പൊട്ടിയിരുന്നു. തൊണ്ട നാശമായിരുന്നു. 5 മാസമായിട്ട് ഇതുവരെ ഒരു ചികിത്സയും വിജയിക്കുന്നില്ല. കൂടാതെ മറ്റു രോഗങ്ങളും ഉണ്ടായി. ഇപ്പോൾ അങ്ങേയറ്റം ദയനീയമായ അവസ്ഥയിലാണുള്ളത്. അയാൾ അങ്ങനെ മറ്റുള്ളവർക്ക് ഗുണപാഠമായിരിക്കുന്നു.

**ധനത്യാഗവും മറ്റു ത്യാഗങ്ങളും**

ധനത്യാഗത്തിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ആദ്യത്തേക്കാൾ കൂടുതൽ മുന്നോട്ടേറുകയാണ്. അഭിവൃദ്ധിപ്പെടുകയാണ്. വസിയ്യത്തിന്റെ വ്യവസ്ഥിതി ആരംഭിച്ചകാരണത്താൽ ജമാഅത്തിന്റെ ബഡ്ജറ്റിൽ ഒരുപാട് വ്യത്യാസം ഉണ്ടായിട്ടുണ്ട്. അല്ലാഹു ജമാഅത്തിന് ത്യാഗം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇതിനുപുറമെ മറ്റു ത്യാഗങ്ങളും ഉണ്ട്. ഒരാളെക്കുറിച്ച് എഴുതുന്നു. അദ്ദേഹത്തിന് 6 മാസത്തിലധികം കുടിശ്ശികയുണ്ടായിരുന്നു. ചന്ദകളെക്കുറിച്ച് ഞാൻ കൊടുത്ത ഖുത്ബ കേട്ട് അദ്ദേഹം ചന്ദകൾ പ്രത്യേകം ശ്രദ്ധിക്കാൻ തുടങ്ങി. അയാൾ ഒരു ദിവസം ചന്ദയുമായി അമീർ സാഹിബിന്റെയടുക്കൽ വന്നു. അമീർ സാഹിബ് ചോദിച്ചു, താങ്കളുടെ സാമ്പത്തികാവസ്ഥ വളരെ മോശമാണ്. പിന്നെ എവിടെനിന്നാണ് ഈ പണം കൊണ്ടുവന്നത്. അദ്ദേഹം പറഞ്ഞു. ഖുത്ബ കേട്ടതിനും നിങ്ങൾ പറഞ്ഞതിനും ശേഷം എനിക്ക് ഇരിക്കപ്പൊറുതിയില്ലാതായി. ഞാൻ എന്റെ വണ്ടി വിറ്റ് കിട്ടിയ കാശെല്ലാം ചന്ദയിൽ കൊടുക്കാൻ കൊണ്ടുവന്നിരിക്കയാണ്.

അഹ്മദ് ജിബ്റായിൽ സാഹിബ് പറയുന്നു. ചരിക്കോണി എന്ന സ്ഥലത്ത് ഭാരവാഹികളുടെ വർക്ക്ഷാപ്പ് നമ്മൾ സംഘടിപ്പിച്ചു. ഇതിനുശേഷം കുറച്ചു പേരൊഴിച്ച് മിക്കവരും ചന്ദയടക്കാൻ തുടങ്ങി. ചന്ദ കൊടുക്കാത്ത ഒരാളോട്, എന്താണ് ചന്ദ കൊടുക്കാത്തതെന്ന് ചോദിച്ചപ്പോൾ, ഞാനെങ്ങനെയാണ് ചന്ദ കൊടുക്കേണ്ടത്, മഴയില്ലാത്ത കാരണത്താൽ വിളവെടുക്കാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞു. ചന്ദ കൊടുത്തുകൊണ്ട് എല്ലാം അല്ലാഹുവിൽ തവക്കുൽ ചെയ്യാൻ അയാളോട് നിർദ്ദേശിച്ചു. ഉടനെ അദ്ദേഹം 200 സിഡി അടച്ചു. രണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ, തെളിഞ്ഞ ആകാശത്ത് കനമുള്ള കാർമേഘം വന്നു. രാത്രിമുഴുവൻ മഴ പെയ്തു. ഇത് കർഷകർക്ക് വളരെ ഫലപ്രദമായ മഴയായിരുന്നു. അടുത്തപ്രഭാതത്തിൽ തനിക്കുണ്ടായ സന്തോഷം വിവരിക്കാൻ അയാളുടെ പക്കൽ വാക്കുകൾ ഉണ്ടായിരുന്നില്ല. ഇനിയൊരിക്കലും ചന്ദ കുടിശ്ശികയാക്കുകയില്ലെന്ന് അദ്ദേഹം സത്യം ചെയ്തു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. ആ ദിനം വന്നുംപോയും ഇരിക്കുന്നു. അല്ലാഹു തന്റെ തെളിമയാർന്ന അടയാളങ്ങളോടൊപ്പം സകലമറയും നീക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം തന്നെ അല്ലാഹു ഒന്നുരണ്ട് ശക്തമായ കൈ കാണിക്കും. അപ്പോൾ ജനങ്ങൾക്ക് എവിടംവരെയാണ് സഹിക്കാൻ കഴിയുക. അവസാനം നമ്മൾ പറയുന്നതിൽ തന്നെയാണ് സത്യം എന്ന് ഇവർക്ക് അംഗീകരിക്കേണ്ടിവരും. നാമുമായി പോരാടുന്ന നമ്മുടെ എതിരാളികൾ, വാസ്തവത്തിൽ നമ്മോടല്ല യുദ്ധം ചെയ്യുന്നത്. അവർ അല്ലാഹുവുമായിട്ടാണ് പോരാടുന്നത്. അല്ലാഹുവിനോട് പോരാടി ജയിക്കുന്നവൻ ആരാണുള്ളത്.

പറഞ്ഞു. "ഇക്കൂട്ടർ ഓർമ്മവെച്ചുകൊള്ളുക. അവരുടെ ശത്രുതകൊണ്ട് ഇസ്ലാമിന് ഒരു ക്ഷതവും ഏല്ക്കുകയില്ല. കീടങ്ങളെപ്പോലെ ഇവർ സ്വയം മരിച്ചൊടുങ്ങും. എന്നാൽ, ഇസ്ലാമിന്റെ പ്രകാശം നിത്യേന അഭിവൃദ്ധിപ്പെടും. ഇസ്ലാമിന്റെ പ്രകാശം ലോകത്ത് പരത്താൻ അല്ലാഹു ഇച്ഛിച്ചിരിക്കുകയാണ്. ഇസ്ലാമിന്റെ അനുഗ്രഹങ്ങൾ ഇപ്പോൾ ഈ മൗലവിമാരുടെ ബക്ബക്കൊണ്ട് നിലച്ചുപോകുകയില്ല. അല്ലാഹു എന്നെ സംബോധനചെയ്ത് വ്യക്തമായ വാക്കുകളിൽ പറഞ്ഞു. ഞാൻ നിനക്ക് ആദരവ് നല്കും. അത് വർദ്ധിപ്പിക്കും. എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുന്നതാണ്. മൗലവിമാരേ, നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ, അല്ലാഹുവിന്റെ ഈ പ്രവചനങ്ങളെ നിഷ്പ്രഭമാക്കിക്കാണിക്കൂ. എല്ലാതരം ചതിയും വഞ്ചനയും ഇതിനായി ഉപയോഗിച്ചുകൊള്ളുക. എന്നിട്ട് നോക്കുക, അല്ലാഹുവിന്റെ കൈയാണോ ജയിക്കുന്നത് അല്ല നിങ്ങളുടെ കൈയാണോ ജയിക്കുന്നതെന്ന്.

ഞാൻ കൊണ്ടുവന്ന നോട്സിന്റെ 1/3 മാത്രമേ നിങ്ങളെ കേൾപ്പിച്ചിട്ടുള്ളൂ. അല്ലാഹുവിന്റെ സഹായങ്ങളും അവന്റെ രക്ഷയും കാണുമ്പോൾ നമ്മുടെ ഈമാൻ വർദ്ധിക്കുന്നു. ഇനിയും വർദ്ധിച്ചുകൊണ്ടേ പോകും. ഇൻശാഅല്ലാഹ്, മുഴുലോകത്തും ഇസ്ലാം വിജയിക്കുന്ന ആ കാലം വിദൂരമല്ല. ഇൻശാഅല്ലാഹ്.

●

എൻ. അബ്ദുർറഹിം

# കോവൂരിന്റെ മതദ്വേഷം ശാസ്ത്രനിഷേധത്തിൽ

കണ്ണൂരിലെ പത്രസമ്മേളനത്തിൽ ഡോ. എ.ടി. കോവൂറിന് പല ചോദ്യങ്ങളെയും നേരിടേണ്ടിവന്നു. സായിബാബയെ സംബന്ധിച്ച ചോദ്യങ്ങളോടെയാണ് ഇതിന് തുടക്കം കുറിച്ചത്. സായിബാബയിൽ എനിയ്ക്ക് വിശ്വാസമില്ലെന്ന് ഞാൻ ആദ്യമേ വ്യക്തമാക്കി. കള്ളദൈവങ്ങളിൽ (Pseudogods) ഞാൻ വിശ്വസിക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ ചില പത്രലേഖകരിൽനിന്ന് ഒരു ചോദ്യം.

"പിന്നെ ഏതാണ് സത്യദൈവം?"

"അതെ, സത്യദൈവം ഉണ്ടെന്നുതന്നെയാണ് എന്റെ വിശ്വാസം!"

"എന്നാൽ, ആ ദൈവത്തെയൊന്നു കാണിച്ചുതരാമോ?

ഞാൻ: കാണാത്തതിലൊന്നും വിശ്വസിക്കില്ലെന്നത് വിലകുറഞ്ഞ താണതരം വാദമാണ്. കാണാത്ത പലതിലും വിശ്വസിക്കാൻ നാം നിർബ്ബന്ധിതരാകാറുണ്ട്. കാണാത്തതിലൊന്നും വിശ്വസിക്കില്ലെന്ന് ഡോ. കോവൂർ പറയുമോ?

മനുഷ്യൻ ചന്ദ്രനിൽ ചെന്നെത്തിയതു കണ്ടിട്ടല്ല താനതു വിശ്വസിക്കുന്നതെങ്കിലും തെളിയിച്ചു കാണിക്കാവുന്നതിലേ വിശ്വസിക്കാൻ പറ്റുകയുള്ളൂ എന്ന് ഡോക്ടർ കോവൂർ പറഞ്ഞു.

ഞാൻ: തെളിയിച്ചു കാണിക്കാനാവാത്ത പലതിലും അതിവിശ്വസ്തരായവർ പറയുന്നതടിസ്ഥാനമാക്കി വിശ്വസിക്കേണ്ടിവരാറില്ലേ?

ഡോ. കോവൂർ: അതെങ്ങനെയാണ്?

ഞാൻ: എന്റെ പിതാവ് എന്റെ പിതാവ് തന്നെയാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നത് എന്റെ ഉമ്മ പറഞ്ഞതിനെ അടിസ്ഥാനമാക്കി മാത്രമാണ്. എനിയ്ക്ക് ഈ വിശ്വാസം മറ്റൊരു പ്രകാരത്തിലും തെളിയിച്ചുകാണിക്കാനാവില്ല. ഞാനത് കണ്ടിട്ടില്ല. ആ സത്യം ആവർത്തിപ്പിച്ചു കാണിക്കാൻ പറ്റില്ല. ആ യാഥാർത്ഥ്യം ഒരു പരീക്ഷണത്തിലൂടെ തെളിയിച്ചു കാട്ടാനാവില്ല. എങ്കിലും അതൊരു സത്യമാണ്. ഒരിക്കലും സംശയിച്ചുകൂടാത്ത ഒരു പരമസത്യമാണതെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിതയാഥാർത്ഥ്യം മുഴുവനും ഈ സത്യത്തിലാണ് അലിഞ്ഞു കിടക്കുന്നത്. ഡോ. കോവൂർ എന്തു പറയുന്നു?

ഡോക്ടർ കോവൂർ മറ്റൊരു ചോദ്യത്തിനു മറുപടി നല്കാൻ ബദ്ധപ്പെടുകയായിരുന്നു.

ക്രിസ്ത്യാനികളുടെ ചില അബദ്ധവിശ്വാസങ്ങൾ ഡോക്ടർ കോവൂർ വിവരിച്ചു. ആനുഷംഗികമായി കന്യകാപ്രസവത്തെപറ്റി പറഞ്ഞപ്പോൾ, അത് അസംഭാവ്യമാണോ എന്ന് ഞാൻ ചോദിക്കുകയുണ്ടായി.

ഡോ. കോവൂർ: കന്യകാപ്രസവം (Partheno Genesis) അസംഭാവ്യമാണ്.

ഞാൻ: പുരുഷബീജ സ്പർശം കൂടാതെ കന്യക പ്രസവിക്കുകയെന്നത് സംഭാവ്യമാണെന്ന് ശാസ്ത്രജ്ഞന്മാർ സമ്മതിച്ചിട്ടുണ്ടല്ലോ?

എന്റെ ചോദ്യത്തിന്നടിസ്ഥാനമായ 'മൂഢവിശ്വാസം' തുറന്നുകാണിക്കാനെന്നോണം ചില പത്രപ്രതിനിധി സുഹൃത്തുക്കൾ എനിയിക്ക് മറുപടി നല്കാൻ തുനിഞ്ഞപ്പോൾ, എനിയ്ക്ക് ഡോക്ടർ കോവൂരിൽനിന്നാണ് മറുപടി കിട്ടേണ്ടതെന്ന് ഞാൻ പറഞ്ഞു. 'ഡോ കോവൂർ ഒരു ശാസ്ത്രജ്ഞനാണ്. അദ്ദേഹം മറുപടി പറയട്ടെ!"

ഡോ. കോവൂർ: മനുഷ്യരൊഴിച്ചുള്ള സസ്തന ജീവികളിൽ (Mammals) പുരുഷബീജസങ്കലനമില്ലാതെ പ്രസവിക്കുകയെന്നത് സാദ്ധ്യമാണെങ്കിലും മനുഷ്യജീവികളിൽ അതൊരിക്കലും സാദ്ധ്യമല്ല. (It is not possible in human beings) എന്നാണദ്ദേഹം പറഞ്ഞ വാചകം).

ഞാൻ: മനുഷ്യരിൽതന്നെ അത് സംഭാവ്യമാണെന്ന് വിശ്രുത ജീവശാസ്ത്രജ്ഞയും ഡോ. ജെ.ബി.എസ്. ഹാൾഡെയിന്റെ ഭാര്യയുമായ ഡോ. ഹെലൻസ്പർവെ തെളിയിച്ചിട്ടുണ്ട്. 16 ലക്ഷം സ്ത്രീകളിൽ ഒരാൾ ഇപ്രകാരം പുരുഷസ്പർശമേൽക്കാതെ പ്രസവിക്കാനിടയുണ്ടെന്നാണ് അവർ സിദ്ധാന്തിച്ചത്. കന്യകാപ്രസവം തന്നെയെന്ന് ഖണ്ഡിതമായി തെളിയിക്കാൻ ഇന്ന് സാധിക്കുമെന്നും ഡോ. സ്പർവെ പ്രഖ്യാപിച്ചിട്ടുണ്ട്. അത് സംബന്ധിച്ച പത്രറിപ്പോർട്ടുകളുടെ കട്ടിംഗുകൾ എന്റെ കയ്യിൽ ഇപ്പോൾ ഇല്ല. ഞാനത് പിന്നീട് ഡോക്ടർക്ക് സമർപ്പിച്ചുകൊള്ളാം!

ഇത്രയുമാണ് പത്രസമ്മേളനത്തിൽ ഡോ. കോവൂറും ഞാനുമായുണ്ടായ സംസാരം. സൗഹൃദാന്തരീക്ഷത്തിലായിരുന്നു സംഭാഷണം. ഹൃദ്യമായ രീതിയിലാണ് പത്രപ്രതിനിധികൾ അദ്ദേഹവുമായി കൈകൊടുത്തു പിരിഞ്ഞത്. കടുത്ത മതവിരോധിയാണെങ്കിലും നിറഞ്ഞ ആത്മാർത്ഥത അദ്ദേഹത്തിന്റെ മുഖത്ത് കളിയാടിയിരുന്നു. സംഭാഷണത്തിൽ അദ്ദേഹം സത്യാന്വേഷണ വ്യഗ്രത വെളിപ്പെടുത്തുകയും ചെയ്തിരുന്നു. സായിബാബയോടുള്ള വെല്ലുവിളിയിലും ജ്യോതിഷം, കൈരേഖാശാസ്ത്രം, യോഗസിദ്ധികൾ തുടങ്ങിയ കാര്യങ്ങളിലും അദ്ദേഹം നിർദ്ദേശിച്ച പരീക്ഷണസരണി ന്യായയുക്തമാണെന്ന് സമ്മതിക്കാതെ തരമില്ല.

പുരുഷസഹായം കൂടാതെ, പുരുഷന്റെ ബീജസ്പർശംപോലും ഏൽക്കാതെ സ്ത്രീകൾക്ക് പ്രസവിക്കാൻ കഴിയുമോ എന്നത് ജീവശാസ്ത്രകാരന്മാരുടെ ശ്രദ്ധാപൂർവ്വമായ പഠനത്തിനു വിധേയമായിരുന്ന ഒരു പ്രശ്നമാണ്. അത്തരം പ്രസവം

സാദ്ധ്യവും സംഭാവ്യവുമാണെന്ന് തന്നെയാണ് ജീവ ശാസ്ത്രജ്ഞകാരന്മാർ വിധിച്ചിട്ടുള്ളതും. ലോകപ്ര സിദ്ധ ശാസ്ത്രജ്ഞനായ ഡോ. ജെ.ബി.എസ്. ഹാൾഡെയിന്റെ ഭാര്യ ഡോ. ഹെലൻസ്പർവെ ഈ രംഗത്ത് പ്രത്യേക ഗവേഷണം നടത്തുകയും ഇംഗ്ല ണ്ടിലെ സുപ്രസിദ്ധ വൈദ്യശാസ്ത്ര മാസികയായ 'ലാൻസെറ്റി'ൽ (The Lancet) ആ ഗവേഷണഫലങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബ ന്ധിച്ച റിപ്പോർട്ട് വാർത്താ ഏജൻസികൾ ലോകവ്യാ പകമായി പ്രചരിപ്പിക്കുകയുമുണ്ടായി. കേരളത്തിലെ പത്രങ്ങളിലും ആ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 'മാതൃ ഭൂമി'യിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ചുവടെ ഉദ്ധരി ക്കുന്നു: "പുരുഷസ്പർശമേൽക്കാതെ തന്നെ കന്യ കകളിൽ ഗർഭോല്പാദനം സാദ്ധ്യമാണെന്ന് ശാസ്ത്രീ യഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. അച്ഛനില്ലാതെ ജന്മമെടുത്ത കുട്ടിയുടെ യാഥാർത്ഥ്യം ഈ വിധ ത്തിൽ തെളിയിക്കാൻ സാധിക്കും. പുരുഷബീജവു മായുള്ള സങ്കലനമില്ലാതെ ഗർഭോല്പാദനം സാദ്ധ്യ മാണോ എന്നതിനെപ്പറ്റി വാദപ്രതിവാദം ആരംഭിച്ചിട്ട് കാലം കുറേയായി. മതപരമായ ചില പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണത്രെ ഈ വിഷയം. വൈദ്യമ ണ്ഡലത്തിലെ ഡോ. ഹെലൻ സ്പർവെ കന്യകാപ്ര സവം സാദ്ധ്യമാണെന്നാണ് പറയുന്നത്. ഒരു ലക്ചറ റും പ്രഫസർ ജെ.ബി.എസ്. ഹാൾഡെയിന്റെ ഭാര്യ യുമാണിവർ. മനുഷ്യരുൾപ്പെടെ മുലകുടിച്ചുവളരുന്ന ജീവികളുടെ ഗർഭോല്പാദന സാദ്ധ്യതയെപ്പറ്റി അവർ പ്രത്യേക പഠനം നടത്തുകയുണ്ടായി.

"മനുഷ്യരിൽ ഇത്തരത്തിലുള്ള സംഭവം വിരളമാ യിരിക്കും. അഥവാ, ഭർത്താക്കന്മാരുമായി ജീവിക്കു ന്ന സ്ത്രീകളിൽ ഇതുണ്ടായാൽത്തന്നെ കണ്ടുപിടി ക്കുവാൻ വിഷമവുമായിരിക്കും. ഈ വിധത്തിലുണ്ടാ വുന്ന കുട്ടികൾ സ്ത്രീകളാവാനാണ് സാദ്ധ്യത.

'കന്യകാപ്രസവം ആണോ എന്നറിയാനുള്ള എളു പ്പവഴി രക്തം പരിശോധിക്കലാണ്. കാരണം, അമ്മ യുടെ രക്തം മാത്രമാണല്ലോ കുട്ടിയിലുണ്ടായിരിക്കു ക." (മാതൃഭൂമി, 9.11.1955)

അടുത്തകാലത്ത് മറ്റു പല പരീക്ഷണങ്ങളിലൂ ടെയും ഈ സത്യം തെളിയിക്കപ്പെടുകയും, കന്യകാ പ്രസവം ഒരു യാഥാർത്ഥ്യമായി അംഗീകരിക്കപ്പെട്ടു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

പ്രശസ്ത ജീവശാസ്ത്രകാരനും കനഡയിലെ മുൻവിസിറ്റിങ്ങ് ബയോളജി പ്രഫസറുമായ ഡോ. പി. കെ. മേനോൻ പാലക്കാട് ഗവ. വിക്ടോറിയാകോളേജ് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട സിൽവർജൂബിലി സ്മാരക പ്രസം ഗത്തിൽ ഈ സംഗതിയെ വ്യക്തമാക്കുകയുണ്ടായി. "പുരുഷബീജമില്ലാതെയും പ്രസവിക്കും" എന്ന ശീർഷകത്തിൽ 'മലയാളമനോരമ'യിൽ ഇത് സംബ ന്ധിച്ച റിപ്പോർട്ട് വന്നിട്ടുണ്ട്.

"പുരുഷസഹായം കൂടാതെ പുരുഷന്റെ ബീജ സ്പർശംപോലും ഏൽക്കാതെ സ്ത്രീകൾക്ക് പ്രസ വിക്കാൻ കഴിയുമോ? കഴിയുമെന്നുതന്നെയാണ് പ്രശസ്ത ജീവശാസ്ത്രജ്ഞനും കനഡയിലെ മുൻ വിസിറ്റിങ്ങ് ബയോളജി പ്രഫസറുമായ പി.കെ. മേനോന്റെ അഭിപ്രായം!

"പുരുഷബീജം കൂടാതെതന്നെ സ്ത്രീകൾക്ക് അവരുടെ സ്വന്തം ബീജംവഴി പ്രസവിക്കാൻ കഴിയു മെന്ന് മേനോൻ തുടർന്നുപറഞ്ഞു.

ഇതു സംബന്ധിച്ച പല നിരീക്ഷണപരീക്ഷണ ങ്ങളും വിജയിച്ചുകഴിഞ്ഞിട്ടുമുണ്ട്. ഒരു സ്ത്രീയുടെ ബീജമെടുത്ത് അതിന്റെ ന്യൂക്ലിയസ് കളഞ്ഞു അതേ സ്ത്രീയുടെതന്നെ സെല്ലിൽ സംയോജിപ്പിച്ചു ഒരു പ്രത്യേക സജ്ജീകരണങ്ങളുടെ പശ്ചാത്തലത്തിൽ വെക്കുക. ആ സെൽ സ്വയം വളരും, പിന്നീട് അത് അതേ സ്ത്രീയുടെ ഗർഭപാത്രത്തിൽ പ്രവേശിപ്പിക്കു ക. 9 മാസം കഴിഞ്ഞാൽ പ്രസവിക്കും" (മലയാള മനോരമ, 21.7.1972)

കന്യകാപ്രസവം വളരെ അപൂർവ്വമായിരിക്കും. അങ്ങനെയൊന്നു സംഭവിച്ചാലും അത് കണ്ടുപിടിക്കാ നെളുപ്പമല്ല. വിവാഹിതയായ ഒരു യുവതി, പുരുഷ സ്പർശമേല്ക്കുന്നതിന് മുമ്പ് കന്യകയായ നിലയിൽ തന്നെ ഗർഭിണിയായാൽ അത് സാധാരണനിലയി ലുള്ള ഗർഭമാണെന്ന് കരുതപ്പെടുമെന്നതിനാൽ വിവാ ദപരമാകാനിടയില്ല. വിവാഹിതയല്ലാത്ത ഒരു കന്യക ഇത്തരത്തിൽ ഗർഭവതിയായാൽ അവൾ തന്റെ ചാരി ത്രശുദ്ധിയെപ്പററി എത്രതന്നെ ആണയിട്ടു പറ ഞ്ഞാലും അത് വിശ്വസിക്കപ്പെടുകയില്ല. അവൾ പിഴ ച്ചവളായി എണ്ണപ്പെടുകയാണുണ്ടാവുക. അവൾ തർക്കിച്ചു പറഞ്ഞാൽ സമൂഹം അവളെ ഭ്രാന്തിയാ ക്കിയെന്നും വരും! ഇത്തരം സംഭവങ്ങൾ കഴിയുന്നത്ര മറച്ചുവെക്കാനല്ലാതെ അന്വേഷണവിധേയമാക്കാൻ ആരും തുനിയുകയില്ലതാനും. ഈ നിലയ്ക്ക് യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കുന്നതെങ്ങനെ യെന്നതാണ് സജീവപ്രശ്നം. അതാണ് ഡോ. സ്പർവെ പറയുന്നത്.

"അവിവാഹിതരായ അമ്മമാരിൽ ചിലർ നേരുപറ യുകയായിരുന്നിരിക്കാം. അവരുടെ ശാഠ്യം വൈദ്യ ശാസ്ത്രഗ്രന്ഥങ്ങളിൽ പുച്ഛിക്കപ്പെടുകയോ ഒരത്ഭുത സംഭവമായി സമകാലീനരാൽ ചിത്രീകരിക്കപ്പെടു കയോ ആണുണ്ടായത്. കന്യകാപ്രസവം തന്നെയോ എന്ന് സംശയാതീതമായി തെളിയിക്കാൻ ഇന്ന് സാധി ക്കുമെന്നതിനാൽ ഇത്തരത്തിൽ പ്രസവിച്ച കന്യകമാർ തങ്ങളുടെ നിലയെ കൂടുതൽ ആത്മവിശ്വാസത്തോടെ പ്രഖ്യാപിക്കാൻ ഇനി മടിക്കേണ്ടതില്ല" (Indian Express,10.11.1955)

രക്തപരിശോധനകൊണ്ട് ഇക്കാര്യം തെളിയിക്കാ മെന്നാണ് ഡോക്ടർ സ്പർവെ സിദ്ധാന്തിച്ചത്. ഇപ്ര കാരം ജനിക്കുന്ന ശിശുവിന്റെ ചർമ്മം മാതാവിന്റെ ശരീരത്തിൽ യാതൊരു കുഴപ്പവുമില്ലാതെ ഒട്ടിച്ചു ചേർക്കാൻ (Skmin Graft) സാധിക്കും. ഇത് കുറ്റമറ്റ പരി ശോധനാമാർഗ്ഗവുമാണ്. (The Lancet, London, 5.11.1955)

പുരുഷബീജങ്ങൾ ഉല്പാദിപ്പിക്കാൻ പ്രാപ്തമായ അരീനോബ്ലാ സ്റ്റോമ (Arrhenoblastoma) എന്ന പേരി

8–ൽനിന്ന്

ലാക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. ഇപ്രകാരം വിളംബരം ചെയ്യാൻ അല്ലാഹു മലക്കുകളോട് കല്പിക്കും. "നന്മയാഗ്രഹിക്കുന്നവൻ മുന്നോട്ടുവരട്ടെ, തിന്മ ആഗ്രഹിക്കുന്നവൻ വിരമിക്കട്ടെ. " അവൻ അനേകമാളുകളെ നരകമുക്തരാക്കും. അഥവാ അവർ നരകത്തിൽ പ്രവേശിക്കുകയില്ലെന്ന് തീരുമാനിക്കും." (തിർമിദി, ഇബ്നുമാജ)

''അല്ലാഹു അനുവദിച്ച ഇളവോ രോഗമോ കൂടാതെ വല്ലവനും അകാരണമായി റമസാനിൽ ഒരു നോമ്പ് ഉപേക്ഷിച്ചാൽ ആയുഷ്ക്കാലം മുഴുവൻ നോമ്പനുഷ്ഠിച്ചാലും അതിന് പരിഹാരമാവുകയില്ല." (ബുഖാരി, അബൂദാവൂദ്, തിർമിദി)

"നോമ്പു തുറക്കുന്നവൻ അതിനു കാരക്ക ഉപയോഗിക്കട്ടെ. അതിൽ ബർക്കത്തുണ്ട്. അതില്ലെങ്കിൽ വെള്ളം ഉപയോഗിക്കട്ടെ. അത് ശുദ്ധമാണ്." (അബൂദാവൂദ്)

അല്ലാഹു പറയുന്നു: "എന്റെ അടിമകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവർ നിശ്ചിത സമയമായാൽ നോമ്പ് മുറിക്കാൻ ധിറുതി കാണിക്കുന്നവരാണ്." (തിർമിദി)

"നിങ്ങളിൽ വല്ലവനും മറന്നുതിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പ് മുറിയുകയില്ല. നിശ്ചയം, അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും." (ബുഖാരി, മുസ്ലിം)

''നിങ്ങളിൽ ഒരുവൻ ബാങ്ക് വിളികേട്ടതിന്റെ പേരിൽ തന്റെ ആവശ്യം പൂർത്തീകരിക്കാതെ ഭക്ഷണപാത്രം താഴെ വയ്ക്കേണ്ടതില്ല." (അബൂദാവൂദ്)

അല്ലാഹു പറയുന്നു: "മനുഷ്യന്റെ മുഴുവൻ കർമ്മങ്ങളും അവനുള്ളതത്രെ. വ്രതമോ, അത് എനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം. അവൻ അന്നപാനീയങ്ങളും ശാരീരികേച്ഛകളും ഉപേക്ഷിക്കുന്നത് എനിക്ക് വേണ്ടിയാകുന്നു. ഓരോ സൽക്കർമ്മത്തിനും പത്തിരട്ടി പുണ്യമുണ്ടാകും. നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. ഒന്ന്, നോമ്പു മുറിക്കുമ്പോൾ, പിന്നെ തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുമ്പോഴും. നോമ്പ്മൂലം അവൻ സന്തുഷ്ടനാകുന്നു." (ബുഖാരി, മുസ്ലിം)

**നോമ്പുതുറക്കുമ്പോഴുള്ള പ്രാർത്ഥന**

***അല്ലാഹുമ്മ ലക്ക സ്വുംതു വബിക്ക ആമൻതു വ അലാ റിസ്ഖിക്ക അഫ്തർതു***

അല്ലാഹുവേ, ഞാൻ നിനക്കുവേണ്ടി നോമ്പനുഷ്ഠിച്ചു. നിന്റെ ആഹാരം കൊണ്ടുതന്നെ ഞാൻ നോമ്പു തുറക്കുകയും ചെയ്യുന്നു.

***ദഹബള്ളമഉ വബ്തല്ലത്തിൽഉറൂഖു വ ഥബത്തൽ അജ്റു ഇൻശാഅല്ലാഹ്.***

ദാഹം ശമിച്ചു. ഞരമ്പുകൾ നനഞ്ഞു. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ പ്രതിഫലം ഉറച്ചു. ●

---

**"മനുശഷ്യൻആരോഗ്യവാനായിരിക്കുമ്പോഴേ കൂട്ടുകാർപോലും ഉണ്ടാകുകയുള്ളൂ. ഇല്ലെങ്കിൽ വെള്ളം തരാൻപോലും ആരും ഉണ്ടാവില്ല."**

**(ഹസ്റത്ത് മസീഹ് മൗഊദ്(അ))**

---

ലറിയപ്പെടുന്നതും ചിലപ്പോൾ സ്ത്രീയുടെ വസ്തിപ്രദേശത്ത് കാണപ്പെടുന്നതുമായ ഒരുതരം മുഴ ആണ് ഇത്തരം ഗർഭോല്പാദനങ്ങൾക്ക് കാരണമെന്ന് ഡോ. വാൾടർടിമ്മെ (Dr. Walter Timme) എന്ന ജീവശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. (American Medical Journal. Quoted in Commentary of the Holy Quran, Qadian Vol.I) ഇത്തരം ഗർഭങ്ങളെ കുറിച്ചുള്ള കേസ്സ് റിപ്പോർട്ടുകൾ രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. (Anomalies and Curiosities of Medicine by George M Gould and Walter L. Payle, Sanders & Co. London)

ജർമ്മനിയിലെ പ്രഫസർ റോബർട്ട് മെയർ (Prof. Robert Meyer) യൂറോപ്പിൽ ഇത്തരം 26 അരിനോബ്ലാസ്റ്റോമാ ട്യൂമർ കേസ്സുകൾ ശേഖരിച്ചിട്ടുണ്ടത്രെ. അമേരിക്കയിൽ 18 വയസ്സായ ഒരു യുവതിയിലും ഇപ്രകാരം കണ്ടെത്തുകയുണ്ടായി.

യേശുക്രിസ്തു അഥവാ ഈസാനബി(അ) പിതാവില്ലാതെയാണ് ജനിച്ചതെന്നും ഈസാനബിയുടെ മാതാവ് മർയം അദ്ദേഹത്തെ ഗർഭം ധരിക്കുന്നതിനു മുമ്പ് ഒരു പുരുഷനും അവരെ തൊട്ടിരുന്നില്ലെന്നും ഖുർആൻ ഘോഷിക്കുന്നു. "അവരിരുവരും കൂടി വരുമ്മുമ്പെ" ആണ് മറിയാ ഗർഭിണിയായതെന്ന് ജോസഫുമായുള്ള വിവാഹത്തെപറ്റി ബൈബിളും പറയുന്നു. ഇത് പ്രകൃതിവിരുദ്ധവും അയുക്തികമായ ഒരസംബന്ധവുമാണെന്നാണ് ഡോ. കോവൂരും ശ്രീ. എം.സി. ജോസഫും മറ്റും ഇക്കാലമത്രയും വാദിച്ചുപോന്നത്. എന്നാലിപ്പോൾ ദൈവവചനത്തിന്റെ യുക്തിപരത ശാസ്ത്രം തെളിയിച്ചു കാട്ടിയിരിക്കുകയാണ്. ഈ ശാസ്ത്രസത്യം അവർ അംഗീകരിച്ചാലും നിഷേധിച്ചാലും ഖുർആൻ ദൈവവചനമാണെന്ന് ഒരിക്കൽകൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. റോമാപടയാളിയായ പാന്തേരയുടെ ജാരസന്താനമാണ് യേശു എന്നുവരെ അവിശ്വാസികൾ ഘോഷിച്ചുപോന്നു. യുക്തിവാദികൾ അതേറ്റുപാടി. എന്നാൽ, യേശുവിന്റെയും മാതാവ് മറിയയുടേയും പവിത്രത തെളിയിച്ചുകാട്ടുമെന്ന ഖുർആന്റെ പ്രവചനം ഒടുവിൽ പുലർന്നു. മറ്റെന്തു ദിവ്യാത്ഭുതമാണ് ശ്രീലങ്കാറേഷനിയസ്റ്റ് സംഘത്തിന്റെ പ്രസിഡന്റായ ഡോ. കോവൂറിന്റെയും ഇന്ത്യൻ റേഷനാലിസ്റ്റ് ഫെഡറേഷന്റെ പ്രസിഡന്റായ ശ്രീ. എം.സി. ജോസഫിന്റെയും മുമ്പിൽ അവതരിപ്പിക്കേണ്ടത്? (സത്യദൂതൻ, വാല്യം 44 ലക്കം 7, 1976 ഡിസംബർ 5)

●

റിപ്പോർട്ട്

സ്വന്തം ലേഖകൻ

# മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമാ

**കേ**രള സംസ്ഥാന മജ്‌ലിസ് അൻസാറുല്ലായുടെ 2006-ലെ വാർഷിക ഇജ്തിമാ ആഗസ്റ്റ് 5-ാം തിയ്യതി രാവിലെ 9.40-ന് ഖാരി നവാബ് അഹ്മദ് സാഹിബ്, നായിബ് സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് പതാക ഉയർത്തിയതോടെ ആരംഭിച്ചു. അതിനുശേഷം സമൂഹപ്രാർത്ഥനയ്ക്ക് അദ്ദേഹം നേതൃത്വം നല്കി. അൻസാറുല്ലാഹ് പതാക ആകാശത്തേക്കുയർന്നപ്പോൾ ***റബ്ബനാ തഖബ്ബൽമിന്നാ ഇന്നക്ക അൻതസ്സമീഉൽ അലീം*** എന്ന പ്രാർത്ഥനകൊണ്ട് അന്തരീക്ഷം മുഖരിതമായി. പതാക അതിന്റെ ലക്ഷ്യസ്ഥാനത്തെത്തിയപ്പോൾ തക്ബീർ ധ്വനികളും മുദ്രാവാക്യങ്ങളും ഒരേ കണ്ഠത്തിൽനിന്നെന്നപോലെ ഉയർന്നുകേട്ടു.

എറണാകുളം മാസ് ആഡിറ്റോറിയത്തിലെ തികച്ചും ആത്മീയനിർഭരമായ അന്തരീക്ഷത്തിൽ കൃത്യം 10മണിക്ക് കോഴിക്കോട് സഈദ് അഹ്മദ് സാഹിബിന്റെ ഭക്തിമയമായ ഖുർആൻ പാരായണത്തോടെ ഇജ്തിമാ പരിപാടികൾക്ക് തുടക്കം കുറിച്ചു. സൂറത്തുസ്സഫിലെ രണ്ടാമത്തെ റുകൂഉം അതിന്റെ തർജമയുമാണ് അദ്ദേഹം സദസ്സിനെ കേൾപ്പിച്ചത്.

മജ്‌ലിസ് അൻസാറുല്ലായുടെ പ്രതിജ്ഞാവചനങ്ങൾ, ഉർദുവിൽ നായിബ് സദ്ർ സാഹിബും മലയാളത്തിൽ നാസിം സംസ്ഥാന മജ്‌ലിസ് അൻസാറുല്ലായും ചൊല്ലിക്കൊടുത്തു. പൂർണ്ണമായ ആദരവോടെ സദസ്സ് അതേറ്റുപറഞ്ഞു.

എറണാകുളം മേഖല നാസിം മജ്‌ലിസ് അൻസാറുല്ലാഹ് സജിദ് പടിയത്ത് സാഹിബാണ് സ്വാഗതപ്രഭാഷണം നടത്തിയത്.

വളരെ മുമ്പേയുള്ള ആഗ്രഹത്തിന്റെ പൂർത്തീകരണമാണ് ഇപ്പോഴത്തെ ഈ ഇജ്തിമാ എന്നുപറഞ്ഞുകൊണ്ട്, മുൻനാസിം ആയിരുന്ന ബി.എം. കോയാ സാഹിബിനെ അദ്ദേഹം സ്മരിച്ചു. നാം തിരിച്ചുപോകുമ്പോൾ നമ്മുടെ കൈകളിലുള്ളത് എന്തായിരിക്കുമെന്ന് അദ്ദേഹം നമ്മെ ഇത്തരം വേദികളിൽ ഓർമ്മപ്പെടുത്തുമായിരുന്നു. അദ്ദേഹത്തിന്റെ അഭാവം നമുക്കനുഭവപ്പെടുന്നുണ്ട്. തുടർന്ന് അദ്ദേഹം എല്ലാവർക്കും സ്വാഗതം പറഞ്ഞു.

'ഹംദോ സനാ ഉസീക്കൊ ജോ ദാത്ത് ജാവദാനീ' എന്ന് തുടങ്ങുന്ന ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുദീർഘമായ ഒരു പദ്യത്തിന്റെ ഏതാനും വരികൾ അലനല്ലൂരിലെ സി.പി. സിദ്ദീഖ് സാഹിബ് ചൊല്ലി കേൾപ്പിച്ചു.

മുമ്പേ നടന്നുവന്ന പാരമ്പര്യത്തിന് വ്യത്യസ്തമായിക്കൊണ്ട് ആശംസാപ്രസംഗങ്ങളായിരുന്നു പിന്നീട് നടന്നത്.

***ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്:***

'***റബ്ബി അവ്സിഅ്നീ അൻഅശ്കുറ നിഅ്മത്തക്കല്ലത്തീ***' എന്ന സൂറ അഹ്ഖാഫിലെ ദുആ ചൊല്ലിക്കൊണ്ടായിരുന്നു കണ്ണൂർമേഖല അമീർസാഹിബ് തന്റെ ആശംസാ പ്രസംഗത്തിന് തുടക്കം കുറിച്ചത്. അതിനോടൊപ്പം മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും വേണ്ടിചെയ്യുന്ന ദുആയും ചേർത്തുകൊണ്ട്, 40 വയസ്സ് പ്രായമെത്തിയാൽ ഈ പ്രാർത്ഥനയ്ക്ക് വളരെ പ്രസക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അല്ലാഹുവിനെ ഏറ്റവുമധികം ഇഷ്ടപ്പെടാത്തിടത്തോളം കാലം ആരും സത്യവിശ്വാസിയാകുകയില്ല. സലാം പെരുപ്പിക്കണം. കുടംബബന്ധങ്ങളെ ചേർത്തുനിർത്തണം. എല്ലാവരും ഉറങ്ങുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കണം. എങ്കിലേ നമുക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ പറ്റുകയുള്ളൂ. ഹസ്റത്ത് മസീഹ് മൗഊദ്(അ) ***സബ്കുഛ് തേരീ അത്വാഹെ, ഗർസെ നഃ കുച്ച് ഭീ ലായെ*** എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൽനിന്നാണെന്നുള്ള അടിസ്ഥാനകാര്യം പറഞ്ഞ് നമ്മുടെ കുട്ടികളെ ബോധവൽക്കരിക്കണം. അമീർ സാഹിബ് പറഞ്ഞു.

***പി. മുഹമ്മദലി സാഹിബ്:***

സൂറഃ ബഖ്റയിലെ 22-ാമത്തെ വചനം ***യാ അയ്യുഹന്നാസുഅ്ബദൂ റബ്ബക്കും*** പാരായണം ചെയ്തുകൊണ്ടാണ് മലപ്പുറം മേഖല അമീർ ജനാബ് പി. മുഹമ്മദ്അലി സാഹിബ് ആശംസനേർന്നു സംസാരിച്ചത്. ഈ സമ്മേളനത്തിൽ അല്പസമയം നിങ്ങളുടെ മുമ്പിൽ നില്ക്കാൻ തൗഫീഖ് നല്കിയ അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു. സംഘാടകർക്ക് നന്ദി പറയുന്നു. കലാപകലുഷിതമായ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എവിടെയെങ്കിലും ഇന്ന് സമാധാനത്തിന്റെ വെളിച്ചം കാണുന്നുണ്ടോ? മനുഷ്യൻ ഇന്ന് ദൈവത്തിൽനിന്നകന്ന് പോയിരിക്കുന്നു. അല്ലാഹു തന്നെ ആരാധിക്കാൻ പറഞ്ഞത് മുഴുലോകത്തോടുമാണ്. മനുഷ്യൻ അതിന്ന് മറന്നുപോയിരിക്കുന്നു. ഇന്ന് തൗഹീദ് വിശ്വാസം കുറഞ്ഞുപോയിരിക്കുന്നു. എല്ലാം കാണിക്കാനും പൊങ്ങച്ചത്തിനും വേണ്ടിയാണ്. അല്ലാഹുവിന്റെ ഭൃത്യരാണ് നാം. വേലക്കാരാണ് നാം. അതുകൊണ്ട് നമ്മളിൽ അർപ്പിതമായിരിക്കുന്ന ചുമതല നല്ലനിലയിൽ നിർവഹിക്കേണ്ടത് നമ്മൾതന്നെയാണ്. അമീർ സാഹിബ് പറഞ്ഞു.

***ബി.ബി. അഹ്മദ് കബീർ സാഹിബ്:***

നിങ്ങളെയൊക്കെ സ്വീകരിക്കാനും ആതിഥ്യമരു

ളാനും അല്ലാഹു ഞങ്ങൾക്കു തൗഫീഖ് നൽകിയതിന് അവന് നന്ദിപറഞ്ഞുകൊണ്ടാണ് എറണാകുളം മേഖല അമീർ തന്റെ ആശംസാപ്രസംഗത്തിന് തുടക്കം കുറിച്ചത്. ഒരു മഹാസദസ്സിന്റെ മുമ്പിലാണ് ഞാൻ നില്ക്കുന്നത്. നിങ്ങളോട് സംസാരിക്കാൻ കഴിയുന്നതുതന്നെ എന്റെ ഭാഗ്യമാണ്. നാല്പത് വയസ്സുകഴിഞ്ഞാൽ വിശ്രമത്തിലെത്തി എന്ന ഒരു ചിന്താഗതി പൊതുവെയുണ്ട്. അത് തികച്ചും തെറ്റാണ്. നബി(സ) ജീവിതം ആരംഭിച്ചതുതന്നെ 40-ാം വയസ്സിലാണ്. അതിനുശേഷം എന്തെല്ലാം ദുർഘടഘട്ടങ്ങൾ നബി(സ)ന് തരണം ചെയ്യേണ്ടിവന്നു. ബദ്ർ, ഉഹ്ദ്, ഖന്തഖ്, ത്വായിഫ് ഇതെല്ലാം നേരിട്ടത് നാല്പത് വയസ്സിനുശേഷമായിരുന്നു. നമുക്ക് വലിയ റോളാണുള്ളത്. മുക്കാൽകോടി ജനങ്ങളെ ഉൽബുദ്ധരാക്കാൻ ഇവിടെയിരിക്കുന്ന കുറച്ചാളുകളെയാണ് അല്ലാഹു തിരഞ്ഞെടുത്തിരിക്കുന്നത്. തലമുറയെ വഴിതെറ്റിക്കുന്ന കാലമാണിത്. കരുതലോടെ പിടിച്ചില്ലെങ്കിൽ തലമുറകൾ നമുക്ക് നഷ്ടപ്പെടും. അതുകൊണ്ട് നാം തലമുറകൾക്ക് വഴികാട്ടിയാവുക. അമീർ സാഹിബ് പറഞ്ഞു.

***ബി. അബ്ദുൽജലീൽ സാഹിബ്:***

ഒരുപരിധിവരെ ഭൗതികാനുഗ്രഹങ്ങൾ ആസ്വദിക്കാനും ആനന്ദിക്കാനും നമുക്ക് അനുവാദമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് തിരുവനന്തപുരം മേഖലാ അമീർ തന്റെ പ്രസംഗം ആരംഭിച്ചത്. സമ്പാദിക്കുമ്പോഴും ആസ്വദിക്കുമ്പോഴും അല്ലാഹുവിന്റെ പ്രീതി നേടുക എന്ന ലക്ഷ്യം മറന്നുപോകരുത്. ആത്മീയതയും ഭൗതികതയും ഒപ്പത്തിനൊപ്പം കൊണ്ടുപോകണം. അദ്ദേഹം പറഞ്ഞു.

***ടി.കെ. അബൂബക്കർ സാഹിബ്:***

സംസ്ഥാനതല ഒത്തുചേരലിൽ ഭാഗമാകാൻ കഴിഞ്ഞതിൽ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ദക്ഷിണമേഖലാ ഖായിദ് തന്റെ ആശംസാപ്രഭാഷണം തുടങ്ങിയത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാമനുസരിച്ച് ഞാൻ **മുബാറക് സൗ മുബാറക്** നേരുന്നു. നാമിപ്പോൾ ഖിലാഫത്ത് ജൂബിലി ആഘോഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. അതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരികയാണ്. അതിൽ ഭാഗഭാക്കാകുന്നതിന് അല്ലാഹു നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. ഖായിദ് സാഹിബ് പറഞ്ഞു.

***പ്രൊഫ. എം.കെ. അബ്ദുൽകരീം സാഹിബ്:***

ഒത്തുചേരാനുള്ള ഒരവസരം കൈവന്നിരിക്കുന്നു എന്ന മുഖവുരയോടെയാണ് പാലക്കാട് മേഖല അമീർ സാഹിബ് തന്റെ ആശംസാപ്രസംഗത്തിന് തുടക്കം കുറിച്ചത്. ഈ ഇജ്തിമായ്ക്ക് എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്നാശംസിക്കുന്നു. നമ്മൾ വിജയിക്കണമെങ്കിൽ ഖുർആൻ പഠിക്കേണ്ടതുണ്ട്. അതിന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടാകട്ടെ. നന്ദി പറഞ്ഞുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

***എ.പി. കുഞ്ഞാമു സാഹിബ്:***

അത്ഫാലിൽ തുടങ്ങി ഖുദ്ദാമുൽ അഹ്മദിയ്യായിലൂടെ നടന്ന് അൻസാറിലെത്തിയവരാണ് മജ്‌ലിസ് അൻസാറുല്ലാ അംഗങ്ങൾ എന്നു പറഞ്ഞുകൊണ്ടാണ് കോഴിക്കോട് മേഖല അമീർ സാഹിബ് പ്രസംഗമാരംഭിച്ചത്. ഇതൊരു ശക്തമായ ഭരണകൂടമാണ്. ജമാഅത്തിന് അങ്ങോട്ട് എന്ത് സേവനം ചെയ്യാൻ കഴിയുമെന്നാണ് ആത്മീയതക്ക് ഊന്നൽകൊടുക്കുന്നവർ ചിന്തിക്കുന്നത്. എന്നാൽ, ഭൗതികരായ ആളുകൾ തങ്ങൾക്ക് അതിൽനിന്ന് എന്ത് നേടാൻ കഴിയുമെന്നാണ് ആലോചിക്കുന്നത്. അൻസാറുല്ലാഹ് ഏറ്റവും ഉത്തരവാദപ്പെട്ട സംഘടനയാണ്. ഹവാരീംകളാണ്. അല്ലാഹുവുമായി കണക്ക്ഷൻ നിങ്ങൾക്കുണ്ടാകണം. കുടുംബത്തിലെ വിളക്കാണ് അൻസാർ. നമസ്കാരം, ഖുർആൻ പരായണം, തഹജ്ജുദ് ഇതെല്ലാം നമ്മുടെ വീടുകളിൽ ഉണ്ടാകണം. വഖ്ഫെ ആർസിക്ക് തയ്യാറാകണം. ജമാഅത്തിൽ തർബിയ്യത്തിനുള്ള സൗകര്യം കുറവാണ്. നാം കബറിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. റിട്ടയർമെന്റ് സമയം ദീനിനുവേണ്ടി വഖ്ഫ് ചെയ്യുക. അമീർ പറഞ്ഞു.

തുടർന്ന് പി.പി. നാസിറുദ്ദീൻ സാഹിബ് നാസിം മജ്‌ലിസ് അൻസാറുല്ലാഹ് കേരള തന്റെ അധ്യക്ഷപ്രസംഗത്തിനു മുമ്പേ ഭാരത സദർ സാഹിബിന്റെ സന്ദേശം വായിച്ചുകേൾപ്പിച്ചു. അദ്ദേഹം തുടർന്നു. മൂന്നു വർഷം മുമ്പേ കണ്ണൂരിൽ നടന്ന സമ്മേളനത്തിനുശേഷം ആദ്യമായാണ് നാം ഒത്തുചേരുന്നത്. കേരള ജമാഅത്തിലെ പരിചയസമ്പന്നരായ അമീറുമാർ ഇരിക്കുന്ന ഈ സദസ്സ് അനുഗൃഹീതമാണ്. മനോഹരമായ അന്തരീക്ഷമാണിന്ന്. ഇത്തരം സന്തോഷവേളയിൽ സാഹോദര്യബന്ധവും സുഹൃത്ബന്ധവും നാം വളർത്തിയെടുക്കേണ്ടതാണ്. പലരും നമ്മെ വിട്ടുപോയിരിക്കുന്നു. ബി.എം. കോയാസാഹിബ്, തങ്ങൾ സാഹിബ്, പി.എം. അബ്ദുല്ലാസാഹിബ്, ടി.കെ. സിദ്ദീഖ് സാഹിബ്, എൻ. അബ്ദുർറഹീം സാഹിബ് തുടങ്ങിയവർ അവരിൽ ചിലരാണ്. അടുത്ത ഇജ്തിമായിൽ ആരൊക്കെ ഉണ്ടാകുമെന്ന് നമുക്കറിയില്ല. അതുകൊണ്ട് പരസ്പരം പരിചയപ്പെടലുണ്ടാകണം. ഇജ്തിമായുടെ ഒരു ലക്ഷ്യം അതാണ്. അറിയണം, മനസ്സിലാക്കണം, ബന്ധം വിപുലമാക്കണം. എല്ലാവർക്കും ഈ ഇജ്തിമായിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. ഖാദിയാൻ ഇജ്തിമാ സമീപസ്ഥമായതുകൊണ്ട് ഈ തിയ്യതിയല്ലാതെ മറ്റൊരു തിയ്യതിക്ക് ഇജ്തിമാ വെക്കാൻ പറ്റാത്ത സാഹചര്യമാണുണ്ടായത്. നാസിം സാഹിബ് പറഞ്ഞു.

നാസിം സാഹിബിന്റെ അധ്യക്ഷപ്രസംഗത്തിനു ശേഷം നായിബ് സദ്ർ ഭാരത് ഖാരി നവാബ് അഹ്മദ് സാഹിബ് ഉദ്ഘാടനപ്രഭാഷണം നടത്തി. നൂറുവർഷം മുമ്പേ ഖാദിയാനിൽനിന്ന് പുറപ്പെട്ട സന്ദേശം ഇന്ന് ലോകം മുഴുവൻ എത്തിയിരിക്കുന്നുവെന്നത് സന്തോഷകരമായൊരു കാര്യമാണ്. പ്രവാചകന്മാർ ലോകത്ത് വന്നപ്പോൾ ആരും അവരെ മാലയിട്ട് സ്വീകരിച്ചിട്ടില്ല. അല്ലാഹുവിന്റെ സഹായം മാത്രമാണ് അവർക്കുണ്ടായിരുന്നത്. അല്ലാഹുവിന്റെ പെരുമാറ്റം നാം നോക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർത്തിരുന്നവർ ഇന്നെവിടെപോയി? സയ്യിദുനാ ഹസ്റത്ത്

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖാദിയാനിൽ വന്നപ്പോൾ ബട്ടാലയിൽ ആളയച്ച് ബട്ടാലവി സാഹിബിനെക്കുറിച്ച് അന്വേഷിപ്പിച്ചിരുന്നു. ആർക്കും ബട്ടാലവിയെ അറിയില്ല. എന്നാൽ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ ലോകം ഇന്നറിയുന്നു.

തുടർന്ന് മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. മുഖ്യപ്രഭാഷണം നടത്തി. ***അത്തീഉല്ലാഹ വ അത്തീഉർറസൂലാ*** എന്ന വചനമോതിക്കൊണ്ട് അല്ലാഹുവിനേയും അവന്റെ റസൂലിനേയും അധികാരസ്ഥരേയും അനുസരിക്കേണ്ടതിന്റെ പ്രസക്തിയെക്കുറിച്ച് മൗലവി സാഹിബ് ഊന്നിപ്പറഞ്ഞു. ആത്മപരിശോധന നടത്തുന്നവർ ഭാഗ്യവാന്മാരാണ്. അല്ലാഹുവിന്റെ ആജ്ഞയും കല്പനയും നടപ്പിൽവരുത്താൻ പരസ്പരം സഹായിക്കുക എന്നാണ് അൻസാറിന്റെ അർത്ഥം. പരസ്പരമുള്ള സഹകരണത്തിലാണ് വിജയം. ശരീരത്തിലെ അവയവങ്ങൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നതുപോലെ നാം പരസ്പരം സഹകരിക്കണം. ടീംവർക്ക് അനിവാര്യമാണ്. എങ്കിലേ അല്ലാഹുവിന്റെ സഹായമുണ്ടാകൂ. കേൾക്കുക, അനുസരിക്കുക. മൗലവി സാഹിബ് ഉപദേശിച്ചു.

ഖാരി നവാബ് അഹ്മദ് സാഹിബിന്റെ പ്രഭാഷണം മൗലവി ശരീഫ് അഹ്മദ് സാഹിബ് പരിഭാഷപ്പെടുത്തി. യു. മൻസൂർ അഹ്മദ് സാഹിബ് പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. നമസ്കാരം, ഭക്ഷണത്തിനുശേഷം മൂന്നുമണിയോടെ മത്സരങ്ങൾ ആരംഭിച്ചു. ഖുർആൻ, അറബിപദ്യം, ഉർദുപദ്യം, മ്യൂസിക്കൽചെയർ, പഞ്ചഗുസ്തി, മെമ്മറി ടെസ്റ്റ്, സന്ദേശകൈമാറ്റം എന്നീ മത്സരങ്ങളാണ് നടന്നത്. സന്ദേശകൈമാറ്റത്തെക്കുറിച്ച് മാത്ര ഇബ്റാഹീംകുട്ടി സാഹിബിന്റെ ഒരു പ്രത്യേക അവലോകനവും ഉണ്ടായിരുന്നു.

വൈകുന്നേരം 5.45-ന് തർബിയത്ത് സമ്മേളനം നടന്നു. ജനാബ് സിദ്ദീഖ് അശ്റഫ് അലി സാഹിബായിരുന്നു അധ്യക്ഷൻ. മൗലവി എം. നാസിർ അഹ്മദ് സാഹിബ് എച്ച്.എ. 'ഖിലാഫത്തും അനുസരണവും' എന്ന വിഷയത്തെക്കുറിച്ചും മൗലവി എച്ച്. ശംസുദ്ദീൻ എച്ച്.എ. 'മുഹമ്മദ് നബി(സ)യും അൻസാർ അംഗങ്ങളും' എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സെടുത്തു. മൗലവി യൂസുഫ് സാഹിബ് കരുളായിയുടെ ഹ്രസ്വ ഉപദേശപ്രസംഗവും ഉണ്ടായിരുന്നു. ജ:എം. എം. അബ്ദുർറഹീം സാഹിബ് എറണാകുളം ഖുർആൻ പാരായണം ചെയ്തു.

നമസ്കാരം, ഭക്ഷണത്തിനുശേഷം രാത്രി 8.30-ന് ആരോഗ്യപരിപാലന ക്ലാസ്സ് മൗലവി ശഫീഖ് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഡോ. ശരീഫ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. അബ്ദുല്ലാഹ് സാഹിബ് കണ്ണൂർ, ഡോ. പി.ജി. കമാലുദ്ദീൻ സാഹിബ് കോഴിക്കോട്, ഡോ. ഫുആദ് എ. ജലീൽസാഹിബ് കരുനാഗപ്പള്ളി എന്നിവർ പങ്കെടുത്തു.

2006 ആഗസ്റ്റ് 6-ന് തഹജ്ജുദ് നമസ്കാരത്തോടെ ഇജ്തിമാ പരിപാടി ആരംഭിച്ചു. സുബ്ഹി നമസ്കാരത്തിനുശേഷം മൗലവി ടി.കെ. മഹ്മൂദ് സാഹിബ് കൽക്കുളം ദർസെടുത്തു. 9 മണിക്ക് മലയാളപദ്യാലാപന മത്സരവും പ്രസംഗമത്സരവും നടന്നു.

10 മണിക്ക് മുല്ലക്കോയ തങ്ങൾ സാഹിബ് മഞ്ചേരിയുടെ തിലാവത്തോടെ പൊതുസമ്മേളനം ആരംഭിച്ചു. എം. ജമീൽ അഹ്മദ്സാഹിബ് സ്വാഗതം പറഞ്ഞു. പ്രൊ. ബി. മഹ്മൂദ് അഹ്മദ് സാഹിബ് സദ്ർ പബ്ലിക്കേഷൻ കേരള അധ്യക്ഷനായിരുന്നു. 'പശ്ചിമേഷ്യൻ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെ അധികരിച്ച് അധ്യക്ഷനും, എ.എം. സലീം സാഹിബും, മൗലവി കെ. മഹ്മൂദ് അഹ്മദ് സാഹിബും സംസാരിച്ചു. ടി.കെ. മഹ്മൂദ് സാഹിബ് കരുളായി നന്ദി പറഞ്ഞു.

12.45-ന് സമാപനസമ്മേളനം ആരംഭിച്ചു. ടി.കെ. മുഹമ്മദ് കുഞ്ഞു സാഹിബ് കരുളായിയുടെ ഖുർആൻ പാരായണത്തോടെയാണ് സമ്മേളനം തുടങ്ങിയത്. എം. ബശീർ അഹ്മദ് കരുനാഗപ്പള്ളി പദ്യമാലപിച്ചു. പി.പി. നാസിറുദ്ദീൻ സാഹിബായിരുന്നു അധ്യക്ഷൻ. അധ്യക്ഷൻ തന്റെ പ്രസംഗത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് 'കുടുംബജീവിതവും അൻസാറിന്റെ കടമയും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. ഖാരി നവാബ് അഹ്മദ് സാഹിബ് സമാപനസന്ദേശം നല്കി. മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് അദ്ദേഹത്തിന്റെ പ്രസംഗം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തു. ഇജ്തിമാഇദുആയോടെ 2006-ലെ ഇജ്തിമായ്ക്ക് തിരശ്ശീലവീണു.

●

## അപ്പീൽബോർഡിന് അനുമതി

സയ്യിദുനാ ഹസ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) ഖാദിയാനിൽ അപ്പീൽബോർഡിന് (മുറാഫഅഃബോർഡ്) അനുമതി നൽകിയിരിക്കുന്നു. അൽഹംദുലില്ലാഹ്. ഇതിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. സയ്യിദ് സർവർശാഹ് സാഹിബ് (സദ്ർ)
2. സയ്യിദ് അബ്ദുൽ ബാഖി സാഹിബ്
3. മൗലാനാ കരീമുദ്ദീൻ സാഹിബ് ശാഹിദ്
4. സയ്യിദ് തൻവീർ അഹ്മദ് സാഹിബ്
5. മുനീർ അഹ്മദ് സാഹിബ് ഖാദിം
6. ശുഐബ് അഹ്മദ് സാഹിബ്
7. ശീറാസ് അഹ്മദ് സാഹിബ്

തദ്ദേശ ഖാസിയുടെ തീരുമാനത്തിന്നെതിരിൽ ആരെങ്കിലും അപ്പീൽ കൊടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് ഇനി നാസിം ഖസാ ഖാദിയാൻ മുഖേന മുറാഫഅഃ ബോർഡ് ഖാദിയാനിന് അപ്പീൽ കൊടുക്കാവുന്നതാണെന്ന വിവരം ഭാരതത്തിലെ എല്ലാ ജമാഅത്തുകളേയും അറിയിച്ചുകൊള്ളുന്നു.

*മിർസാ വസീം അഹ്മദ്,*
*നാസിർ അഅ്ലാ ഖാദിയാൻ*

27– ൽനിന്ന്

കൊലപ്പെടുത്തുകയും ചെയ്തു. അവർ മുസ്‌ലിം സ്ത്രീകളുടേയും, ദിമ്മികളായ സ്ത്രീകളുടേയും ഗൃഹങ്ങളിൽ കടന്നു, അവരുടെ പാദങ്ങളിൽനിന്നും തണ്ടകളും കണ്ഠങ്ങളിൽനിന്ന് മാലകളും അഴിച്ചെടുക്കുന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഒരു സംഘക്കാർ അസത്യത്തിനുവേണ്ടി സംഘം ചേർന്നിരിക്കെ, നിങ്ങൾ സത്യത്തിൽനിന്നും അകന്നുകളയുന്നത് അത്ഭുതകരമാണ്. നിങ്ങളുടെ ഈ അകൽച്ച ഹൃദയങ്ങളെ നിർജ്ജീവമാക്കുകയും വ്യസനത്തെ വർദ്ധിപ്പിക്കുകയുമാണ് ചെയ്യുന്നത്.

നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നും അകൽച്ചയും ആപത്തും തന്നെയാണുള്ളത്. നിങ്ങളിതാ! അസ്ത്രപ്രയോഗങ്ങളുടെ നേർക്ക് ലക്ഷ്യമായിരിക്കുന്നു. നിങ്ങൾ അതിന്നെതിരിൽ അങ്ങോട്ട് അസ്ത്രപ്രയോഗം ചെയ്യുന്നില്ല. നിങ്ങളുടെമേൽ കവർച്ച നടത്തപ്പെടുന്നു. നിങ്ങൾ അവരുടെമേൽ കവർച്ച നടത്തുന്നില്ല. അല്ലാഹുവിന്റെ കല്പനകൾ ലംഘിക്കപ്പെടുന്നു. നിങ്ങളതിനെ തൃപ്തിപ്പെടുകയാണ് ചെയ്യുന്നത്. ശൈത്യകാലത്ത് യുദ്ധത്തിന് പുറപ്പെടാൻ നിങ്ങളോട് പറയുന്നതായാൽ ഈ തണുപ്പും കുളിരും ഉള്ളപ്പോൾ എങ്ങനെയാണ് യുദ്ധം ചെയ്യുകയെന്ന് നിങ്ങൾ മറുപടി പറയുന്നു. ചൂടുകാലത്ത് പുറപ്പെടാൻ പറയുകയാണെങ്കിൽ ചൂടിന്റെ കാഠിന്യം ഒന്ന് കുറഞ്ഞുകൊള്ളട്ടെ എന്ന് നിങ്ങൾ പറയുന്നു. വാസ്തവത്തിൽ ഇതെല്ലാം മരണത്തിൽനിന്ന് തിരിഞ്ഞോടുന്ന തന്ത്രങ്ങളാണ്. ചൂടിൽനിന്നും തണുപ്പിൽനിന്നും ഓടുന്നുവെങ്കിൽ, അല്ലാഹുവാണ! വാളിൽനിന്നും അതിലധികം നിങ്ങൾ ഓടേണ്ടതായി വരും. എന്റെ ജീവൻ ആരുടെ കയ്യിലാണോ അവനാണ! അതിൽനിന്നും ഒന്നുമല്ല വാസ്തവത്തിൽ നിങ്ങളുടെ ഓട്ടം. നേരെമറിച്ച് മരണത്തിൽനിന്നും നിങ്ങൾ ഒളിച്ചോടുകയാണ്. അല്ലയോ പുരുഷന്മാരേ! അല്ല; പുരുഷരൂപങ്ങളേ! കുട്ടികൾക്കും സ്ത്രീകൾക്കും അനുയോജ്യമായ ബുദ്ധിമാത്രമുള്ളവരേ! നിങ്ങളുടെ ഇടയിൽനിന്നും എന്നെ വീണ്ടെടുക്കുകയും എന്നെ മരിപ്പിച്ചുകൊണ്ട് അവന്റെ കാരുണ്യം ലഭ്യമാകുന്നതിനുള്ള ഭാഗ്യം സിദ്ധിക്കുകയും ചെയ്തിരുന്നുവെങ്കിൽ അല്ലാഹുവാണ! അതാണെനിക്ക് ഇഷ്ടമായിട്ടുള്ളത്. നിങ്ങളെ ഞാൻ കണ്ടിരുന്നില്ലെങ്കിലും അറിഞ്ഞിരുന്നില്ലെങ്കിലും എത്ര നന്നായേനേ എന്ന് ഞാൻ ആശിക്കുന്നു. അല്ലാഹുവാണ! നിങ്ങൾ എന്റെ ഹൃദയത്തിൽ ക്ഷോഭം നിറച്ചിരിക്കുകയാണ്. രണ്ട് നഷ്ടപാനീയം നിങ്ങളെന്നെ കുടിപ്പിച്ചിരിക്കുന്നു. വിപരീതം പ്രവർത്തിച്ചുകൊണ്ടും അനുസരണക്കേട് കാണിച്ചുകൊണ്ടും എന്റെ അഭിപ്രായങ്ങളെ നിഷ്പ്രയോജനമാക്കിയിരിക്കുന്നു." (മുയീനുദ്ദീൻ നദ്‌വിയുടെ ഖുലഫായെ റാശിദീൻ എന്ന ഗ്രന്ഥത്തിൽനിന്ന്) ●

**2006ലെ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 15976 | എം. ബീവിക്കുട്ടി | w/o എം. മുഹമ്മദ് | ചേലക്കര | 7.5.05 |
| 15996 | ടി. ശാനിഭ | w/o സി.ജെ. വസീം | കരുളായി | 5.7.05 |
| 15997 | എം.സൗഫിയാ മഹ്മൂദ് | w/o കെ. മഹ്മൂദ് അഹ്മദ് | കരുളായി | 5.7.05 |
| 15998 | സി.ജെ. വസീം | s/o സി.എം. ജലാലുദ്ദീൻ | കരുളായി | 5.7.05 (28) |
| 15999 | ശഫീഖ് | s/o എം. മുഹ്‌യിദ്ദീൻ | കരുളായി | 26.4.05 |
| 16000 | എം.മുഹമ്മദ്കുഞ്ഞു | s/o എം. മുസ്തഫ | പുഞ്ചപ്പാടം | 19.4.05 |
| 16001 | എം.റംബലാബീവി | w/o എം. ഇബ്‌റാഹിം | കരുളായി | 1.6.05 |
| 16002 | എം.ഐ. മുനവർഅഹ്മദ് | s/o എം. ഇബ്‌റാഹിം | കരുളായി | 1.6.05 |
| 16003 | ടി.കെ. സുലേഖ | w/o എം. മൊയ്തീൻകുട്ടി | കരുളായി | 26.4.05 |
| 16004 | മൊയ്തീൻകുട്ടി | s/o മുസ്തഫ | പുഞ്ചപ്പാടം | 26.4.05 |
| 16005 | എ. നഫീസ | w/o അബ്ദുർറഹിമാൻ | കരുളായി | 27.4.05 |
| 16006 | ഇ. അബ്ദുർറഹിമാൻ | s/o അബ്ദുൽഖാദർ | കരുളായി | 1.4.05 |
| 16007 | ആയിശാമുസ്തഫ | w/o എം. മുസ്തഫ | പുഞ്ചപ്പാടം | 20.4.05 (29) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)

## അൻസാറുല്ലാ മേഖല ഇജ്തിമാ

25.6.06 ഞായറാഴ്ച കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിൽവെച്ച് മജ്‌ലിസ് അൻസാറുല്ലാ കോഴിക്കോട് മേഖലയുടെ ഏകദിന ഇജ്തിമാ ദൈവാനുഗ്രഹത്താൽ വിജയകരമായി സമാപിച്ചു. ഞായറാഴ്ച രാവിലെ 4 മണിക്ക് തഹജ്ജുദ് നമസ്കാരം, മുഅ്ല്ലിം ജംഷാദ് സാഹിബിന്റെ നേതൃത്വത്തിൽ നടന്നു. സുബ്ഹി നമസ്കാരത്തിനുശേഷം മൗലവി സഫർ അഹ്മദ് സാഹിബ് നമസ്കാരത്തിന്റേയും ഖുർആൻ പാരായണത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് ദർസ് നടത്തി.

കൃത്യം 10 മണിക്ക് ടി. അഹ്മദ് സയീദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടുകൂടി ഉദ്ഘാടനസമ്മേളനം ആരംഭിച്ചു. കോഴിക്കോട് മേഖല നാസിമിന്റെ നേതൃത്വത്തിൽ അൻസാർ അംഗങ്ങൾ പ്രതിജ്ഞയെടുത്തു. കെ. അബ്ദുസ്സലാം സാഹിബ് പദ്യമാലപിച്ചു. സംസ്ഥാന നാസിം സാഹിബിന്റെ പ്രതിനിധി യു. മൻസൂർ അഹ്മദ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. കോഴിക്കോട് മേഖല അമീർ എ.പി. കുഞ്ഞാമുസാഹിബ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ അൻസാറുല്ലായുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ഉദ്ബോധിപ്പിച്ചു. കോഴിക്കോട് അൻസാറുല്ലാ സയീം എ.എം.സലീം സാഹിബ് കൊടിയത്തൂർ അൻസാറുല്ലാ സയീം അഹ്മദ്കുട്ടി മാസ്റ്റർ, കമ്പളക്കാട് അൻസാറുല്ല സയീം ഒ.പി. അബ്ദുൽകരീം സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഖായിദ് ഡോ. സലാഹുദ്ദീൻ സാഹിബ് എന്നിവർ ആശംസകൾ നേർന്നു.

മൗലാനാ മുഹമ്മദ് ഉമർ സാഹിബ് 'ദൈവാസ്തിക്യം' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. തുടർന്ന് ഖുർആൻ പാരായണം, ഉർദുപദ്യം, മലയാളപദ്യം തുടങ്ങിയ മത്സരങ്ങൾ നടന്നു. മൗലവി ഗുലാം ഇസ്മായീൽ സാഹിബ് 'അൻസാറുല്ലായുടെ പ്രസക്തി' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

ഒരു മിനുട്ട് പ്രഭാഷണമത്സരം, ക്വിസ്മത്സരം, സന്ദേശകൈമാറ്റ മത്സരം എന്നീ പരിപാടികൾക്കുശേഷം വൈകുന്നേരം 5 മണിക്ക് കെ.വി. ഈസക്കോയാ സാഹിബിന്റെ നേതൃത്വത്തിൽ നർമ്മവേദി നടക്കുകയുണ്ടായി. എൻ.കെ. ബിച്ചികോയട്ടി സാഹിബ്, കെ.വി. ഹസ്സൻകോയാ സാഹിബ്, എം.ടി. അഹ്മദ് സാഹിബ് എന്നിവരുടെ നർമ്മങ്ങൾ അൻസാറുകൾ ആസ്വദിച്ചു.

കൃത്യം 5.30-ന് സമാപനസമ്മേളനം ആരംഭിച്ചു. കോഴിക്കോട് മേഖല നാസിം അദ്ധ്യക്ഷനായിരുന്നു. കോഴിക്കോട് നായിബ് അമീർ എം.എ. മുഹമ്മദ് സാഹിബ് മത്സരവിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. ഉയർന്നമാർക്ക് നേടിയ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്ക് ക്യാഷ് അവാർഡ് നൽകി. ഇജ്തിമായിൽ കോഴിക്കോട്, കൊടിയത്തൂർ, വടകര, കമ്പളക്കാട് എന്നീ മജ്‌ലിസുകളിൽനിന്നും 150ഓളം പ്രതിനിധികൾ പങ്കെടുത്തു. ദുആയോടെ യോഗം പര്യവസാനിച്ചു.

## ഖുർആൻ വാരം

പത്തപ്പിരിയം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 10 മുതൽ 16 വരെ ഖുർആൻ വാരം പൂർവ്വാധികം ഭംഗിയായി കൊണ്ടാടി. കെ.പി. സിദ്ദീഖ് സാഹിബ്, സി.എച്ച്. മുഹമ്മദ് സ്വാലിഹ് സാഹിബ്, പി. അബ്ദുൽ അമീർ സാഹിബ്, സി.കെ. അൻവർ സാഹിബ്, പി.അബ്ദുൽകരീം സാഹിബ്, സി.കെ. മൻസൂർ സാഹിബ് തുടങ്ങിയവർ വിവിധ ദിനങ്ങളിൽ ഖുർആൻ പാരായണം ചെയ്തു. കെ.പി. ശരീഫ് സാഹിബ്, എ.കെ. അദ്നാൻ സാഹിബ്, യു. വഖാസ് സാഹിബ്, പി. അബ്ദുൽ അമീർ സാഹിബ് തുടങ്ങിയവർ പദ്യമാലപിച്ചു. സോണൽ അമീർ പി. മുഹമ്മദലി സാഹിബ് അദ്ധ്യക്ഷത വഹിച്ചു. പി. മുഹമ്മദലി സാഹിബ്, മൗലവി പി. അബ്ദുനാസിർ സാഹിബ് എച്ച്.എ, മൗലവി ടി.കെ. മഹ്മൂദ് സാഹിബ്, മൗലവി കെ. സിദ്ദീഖ് സാഹിബ്, മൗലവി പി. മുഹമ്മദ് സാഹിബ്, മൗലവി പി. മൊയ്തീൻകുട്ടി സാഹിബ് തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകളെടുത്തു.

സൃഷ്ടിസേവനം, ദൈവാരാധന, സൽകർമ്മങ്ങൾ, ഭാര്യയും ഭർത്താവും തമ്മിലുള്ള കടമകൾ, സൃഷ്ടികളോടുള്ള സഹതാപം, വിശുദ്ധഖുർആന്റെ പ്രസക്തി, ഖുർആൻ പാരായണം ചെയ്യേണ്ടതിന്റെ ആവശ്യകത, സ്വർഗ്ഗീയലബ്ധിക്കുവേണ്ടിയുള്ള പ്രവർത്തനം, തിന്മയുടെ വർജ്ജനം, പാപപങ്കിലമായ ജീവിതത്തിൽനിന്ന് അകന്നുനിൽക്കൽ തുടങ്ങിയ വിഷയങ്ങളൊക്കെ ഏഴ് ദിവസങ്ങളിൽ പ്രതിപാദിക്കപ്പെട്ടു. ജമാഅത്തിലെ സ്ത്രീകളും കുട്ടികളുമടക്കം ഭൂരിഭാഗം ആളുകളും പരിപാടിയിൽ പങ്കെടുത്തു.

**"പാപം ഒരു വിഷമാകുന്നു; അത് തിന്നരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു ദുർമരണമാണ്. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ."**

**"അസത്യത്തേയും വഞ്ചനയേയും കൈവെടിയാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല."**

**"അഞ്ചുനേരത്തെ നമസ്കാരം നിർബന്ധബുദ്ധിയോടെ നിർവ്വഹിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല."**

**(ഹസ്റത്ത് മസീഹ് മൗഊദ്(അ))**

# ഭാരത് സദ്റിന്റെ സന്ദേശം

**ബ**ഹുമാന്യനായ പി.പി. നാസിറുദ്ദീൻ സാഹിബ് സംസ്ഥാന നാസിം മജ്ലിസ് അൻസാറുല്ലാഹ് കേരള.

**അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബ റക്കാത്തുഹു.**

മജ്ലിസ് അൻസാറുല്ലായുടെ സംസ്ഥാന വാർഷിക ഇജ്തിമാ 2006 ആഗസ്റ്റ് 5,6 തിയ്യതികളിൽ എറണാകുളത്ത് സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ എനിക്കതിയായ സന്തോഷമുണ്ട്. ഈ ഇജ്തിമാ എല്ലാവിധത്തിലും അല്ലാഹു അനുഗ്രഹപൂർണ്ണമാക്കിത്തീർക്കുമാറാകട്ടെ. അതിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളേയും അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ചില കാരണങ്ങളാൽ എനിക്ക് ഈ ഇജ്തിമായിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്. അതുകൊണ്ട് മജ്ലിസ് അൻസാറുല്ലാഹ് നായിബ് സദ്റായ ബഹുമാന്യ ഖാരി നവാബ് അഹ്മദ് സാഹിബിനെ ഞാനെന്റെ പ്രതിനിധിയായി അയക്കുന്നു.

ഈ ധന്യമുഹൂർത്തത്തിൽ മജ്ലിസുകളോട് വളരെ വിനീതമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നിങ്ങൾ അമീറുൽ മുഅ്മിനീന്റെ ഖുത്ബകളും പ്രഭാഷണങ്ങളും മജ്ലിസുകളിൽ കേൾപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുക എന്നാണ്.

രണ്ടാമത്തെ കാര്യം കാലത്തിന്റെ ഖലീഫയുടെ ഓരോ തീരുമാനങ്ങളേയും പൂർണ്ണമായും അനുസരിക്കുകയും അക്കാര്യം നമ്മുടെ യുവതലമുറയ്ക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്. ഇതിനായി നിർബന്ധമായും ഓരോ വെള്ളിയാഴ്ചയും ഖുത്ബ കേൾക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീന്റെ നിർദ്ദേശങ്ങൾ സശ്രദ്ധം ശ്രവിക്കാനും പൂർണ്ണമായി അനുസരിക്കാനും നമുക്കെല്ലാവർക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

ഇജ്തിമായിൽ പങ്കെടുക്കുന്ന എല്ലാ സഹോദരങ്ങൾക്കും എന്റെ സ്നേഹമയമായ **അസ്സലാമുഅലയ്ക്കും. ജസാക്കുമുല്ലാഹു അഹ്സനുൽജസാഅ്.**

## നാടിനും സമൂഹത്തിനും ഗുണപ്രദമായ കാര്യങ്ങൾ ചെയ്യാൻ അഹ്മദികൾക്ക് കഴിയും

**ഡപ്യൂട്ടി സ്പീക്കർ**

നാമിന്ന് ഇന്ത്യയുടെ 60-ാം സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ, സ്വതന്ത്രഭാരതത്തിന്റെ പുരോഗതിയും നേട്ടവും ഇല്ലായ്മ ചെയ്യുന്ന അതിക്രമങ്ങളും സ്ഫോടനാത്മകമായ സ്ഥിതിവിശേഷങ്ങളും നിലനില്ക്കുന്ന ഈ കാലഘട്ടത്തിൽ സമാധാനപരമായ പ്രവർത്തനങ്ങളിലൂടെ നാടിനും സമൂഹത്തിനും ഗുണപ്രദമായ കാര്യങ്ങൾ ചെയ്യുവാൻ ഉൽപതിഷ്ണുക്കളായ അഹ്മദിയ്യാ ജമാഅത്തിന് കഴിയുമെന്നും അതിന് ഇതുപോലുള്ള സംഗമങ്ങൾ പ്രചോദനമാകുമെന്നും ബഹു:ഡപ്യൂട്ടി സ്പീക്കർ പ്രസ്താവിച്ചു. ഈ പ്രസ്ഥാനത്തിന്റെ മുൻകാലാനുഭവങ്ങൾ അതിലേക്ക് വിരൽചൂണ്ടുന്നുണ്ടെന്നും ശ്രീ ജോസ് ബേബി പറഞ്ഞു. 15.8.06-ന് അലനല്ലൂർ ക്രൗൺ ഓഡിറ്റോറിയത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സംഘടിപ്പിച്ച പാലക്കാട്-തൃശ്ശൂർ മേഖലാ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മേഖല അമീർ പ്രൊഫസർ അബ്ദുൽകരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം ഖാരി നവാബ് അഹ്മദ് ഗംഗോഹി (പഞ്ചാബ്) ഉദ്ഘാടനം ചെയ്തു. നന്മയിലേക്കും സമാധാനത്തിലേക്കും വിളിക്കാൻ യഥാർത്ഥ നേതൃത്വമില്ലാത്ത ഈ കാലഘട്ടത്തിൽ തികച്ചും സമാധാനത്തിലേക്കും നന്മയിലേക്കും ജനങ്ങളെ നയിച്ചുകൊണ്ടിരിക്കുന്ന ഒരാത്മീയ ആഗോള നേതൃത്വം അഥവാ ഖിലാഫത്ത് അഹ്മദികൾക്കുണ്ടെന്നും ലോകഅഹ്മദികൾ ആ ഖിലാഫത്തിന്റെ ശതവാർഷികം 2008-ൽ ആഘോഷിക്കാനുള്ള തയ്യാറെടുപ്പിലാണെന്നും ഖാരി നവാബ് സാഹിബ് തന്റെ ഉദ്ഘാടന പ്രഭാഷണത്തിൽ പറയുകയും അതിനായി കർമ്മനിരതരാവാനും അഹ്മദികളോടു ആഹ്വാനം ചെയ്യുകയും ചെയ്തു. സംസ്ഥാന ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു. അമേരിക്കയിലും പശ്ചാത്യരാഷ്ട്രങ്ങളുമെല്ലാം ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കുന്ന പൈശാചിക പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും സമാധാനം എന്നർത്ഥമുള്ള ഇസ്ലാമിന് ടെററിസം തികച്ചും അന്യമാണെന്നും മൗലാനാ സാഹിബ് പറഞ്ഞു. എം. അബ്ദുൽ ബശീർ സാഹിബ് സ്വാഗതവും ഹിദായത്തുല്ലാ സാഹിബ് ഖുർആൻ പാരായണവും നടത്തി.

സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച മഹാത്മാക്കൾ ഉയർത്തിക്കാട്ടിയ യഥാർത്ഥമൂല്യങ്ങളിൽനിന്ന് അകന്നുപോയതാണ് ഇന്നത്തെ ദുഷ്സ്ഥിതിക്ക് കാരണമെന്ന് അമീർ പ്രൊഫ. അബ്ദുൽകരീം സാഹിബ് പറഞ്ഞു. മുസ്ലിം എന്നു പറഞ്ഞാൽ ഭീകരതയുടെ പര്യായമായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പരിശ്രമമായ ജിഹാദിനെ തെറ്റായ രൂപത്തിലാണ് സമൂഹം മനസ്സിലാക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.